# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2023 ജൂൺ, വോള്യം: 11 ലക്കം: 10

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

06 കേരളത്തിൽ സിഐടിയുവിന്റെ രൂപീകരണവും ചരിത്രവും വിവരിക്കുന്ന സിഐടിയു കേരള ചരിത്രം എന്ന പുസ്തകം പ്രകാശിപ്പിച്ചു
അരനൂറ്റാണ്ട് പിന്നിട്ട സിഐടിയു ചരിത്രം

13 നിർമ്മിത ബുദ്ധിയും തൊഴിലാളി വർഗവും
ഡോ. ദേബേഷ് ദാസ്

19 പാർലമെന്റ് മന്ദിരത്തിലെ ചെങ്കോൽ സ്ഥാപനം
കെ.എൻ.ഗോപിനാഥ്

21 വർഗബോധത്തിന്റെ ഉജ്വല പ്രതീകം
ആനത്തലവട്ടം ആനന്ദൻ

25 ലോക തൊഴിൽ സമ്മേളനം പ്രഖ്യാപനം

29 മാധ്യമപ്രവർത്തകർ വിശുദ്ധ പശുക്കളല്ല — കെ.ടി. കുഞ്ഞിക്കണ്ണൻ

32 അമേരിക്കൻ കടമെടുപ്പ് പരിധി — ജോസ് ടി എബ്രഹാം

34 ഭയം, വിനാശം – മോദി ഭരണം പത്താം വർഷത്തിൽ

38 രണ്ടാം പിണറായി സർക്കാർ മൂന്നാം വർഷത്തിൽ

41 കെഎസ്ഇബി – സി & എജി റിപ്പോർട്ടും വ്യാജവാർത്തകളും — എസ്. ഹരിലാൽ

44 തോട്ടം തൊഴിലാളി ശമ്പള പരിഷ്കരണം — എസ്. ജയമോഹൻ

45 എൻ.ജി.ഒ യൂണിയൻ വജ്രജൂബിലി സമ്മേളനം

47 സംഘടനാ വാർത്തകൾ

വാർഷിക വരിസംഖ്യ : 200 രൂപ

# മാധ്യമ ദുഷ്പ്രചാരണങ്ങൾക്കെതിരെ ജാഗ്രത

ജനാധിപത്യവ്യവസ്ഥയുടെ "നാലാം തൂണ്" എന്നറിയപ്പെടുന്ന 'മാധ്യമ' മേഖല കോർപറേറ്റുകളുടെ പിടിയിലാണ്. മൂലധന താല്പര്യങ്ങൾക്കെതിരെ ഉയരുന്ന പ്രതിഷേധങ്ങളെ തകർക്കലാണ് അവരുടെ ലക്ഷ്യം. സമകാലീന ഇന്ത്യയിൽ കോർപറേറ്റ് താൽപ്പര്യത്തിന് കൂട്ടുനിൽക്കുന്ന ഭരണകൂടത്തെ, സംരക്ഷിക്കുന്ന ഉത്തരവാദിത്തം കുത്തക മാധ്യമങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. ഈ വസ്തുതകളെ എതിർക്കുന്നവരുടെ നേരെ, 'മാധ്യമസ്വാതന്ത്ര്യം' എന്ന വാദമുയർത്തിയാണ് കുത്തക മാധ്യമങ്ങൾ രംഗത്ത് വരുന്നത്. സംസ്ഥാനത്ത് ഒരു പറ്റം മാധ്യമങ്ങൾ നടത്തുന്ന ഹീനമായ കള്ള പ്രചാരണങ്ങളെ ഈ പശ്ചാത്തലത്തിലാണ് കാണേണ്ടത്.

ഇന്ത്യൻ മാധ്യമങ്ങളിൽ ഗണ്യമായ വിഭാഗവും അഴിമതി നിറഞ്ഞതോ, അഴിമതിക്ക് വഴങ്ങുന്നവരോ ആണെന്ന് കോബ്ര പോസ്റ്റ് നടത്തിയ അണ്ടർ കവർ അന്വേഷണത്തിൽ കണ്ടെത്തിയതാണ്. ചാനൽ ചർച്ചകളുടെ പേരിൽ അട്ടഹാസങ്ങളാണ് നടക്കുന്നത്. അവതാരകരും റിപ്പോർട്ടർമാരിൽ ഒരു വിഭാഗവും അവരുടെ പ്രൊപ്പഗണ്ട നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ഇവ പതിന്മടങ്ങ് ഉച്ചത്തിൽ സാമൂഹ്യമാധ്യമങ്ങളിൽ പ്രതിഫലിക്കുന്നത്, സമകാലിക രാഷ്ട്രീയത്തിന്റെ ഭാഗമായിരിക്കുകയാണ്. സംസ്ഥാനത്ത് ഇപ്പോൾ നടക്കുന്ന 'മാധ്യമ' വിചാരണകളും നുണ പ്രചാരണങ്ങളും ഇതിനുദാഹരണമാണ്.

2016 ന് ശേഷം കേരള രാഷ്ട്രീയത്തിലുണ്ടായ മാറ്റമാണ്, കുത്തകമാധ്യമങ്ങളെ പ്രകോപിതരാക്കിയത്. അഞ്ചുവർഷം കൂടുമ്പോൾ, സർക്കാരുകൾ മാറിവരിക എന്ന പതിവ് 2016 ൽ തെറ്റി. എൽ.ഡി. എഫിന്, 2016 ലെ തെരഞ്ഞെടുപ്പിൽ ഭരണത്തുടർച്ച ലഭിച്ചു. കമ്മ്യൂണിസ്റ്റ് വിരുദ്ധ പിന്തിരിപ്പൻ ശക്തികളെ, ഈ സാഹചര്യം അത്യന്തം പരിഭ്രാന്തരാക്കിയത് സ്വാഭാവികം. ദേശീയതലത്തിൽ, മോഡിസർക്കാർ പിന്തുടരുന്ന നവഉദാരവൽക്കരണ നയങ്ങൾക്കും വർഗീയതയ്ക്കും എതിരെ ബദൽ ഉയർത്തുന്ന ഒരു രാഷ്ട്രീയ ശക്തി കേരളത്തിൽ സുസ്ഥിരത നേടുന്നത് എതിരാളികളെ അമ്പരപ്പിച്ചത് സ്വാഭാവികം. ഒട്ടും താമസിയാതെ കേന്ദ്രഭരണവും മൂലധന ശക്തികളും ഒത്തുചേർന്ന്, എൽ.ഡി. എഫിനെതിരായ ആക്രമണമാരംഭിച്ചു.

തിരുവനന്തപുരം വിമാനത്താവളം വഴി നടന്ന സ്വർണക്കടത്തായിരുന്നു ആദ്യത്തെ പ്രചാരണായുധം. വിമാനത്താവളത്തിന്റെ സുരക്ഷാചുമതല വഹിക്കുന്ന കേന്ദ്രസർക്കാർ ഏജൻസികളെ വിട്ട് കുറ്റം മുഴുവൻ സംസ്ഥാന സർക്കാരിന്റെ ചുമലിൽ പ്രത്യേകിച്ചും മുഖ്യമന്ത്രിയെ ലക്ഷ്യം വെച്ചും ആയിരുന്നു മാധ്യമ വിചാരണ.  കേന്ദ്ര ഏജൻസികൾ വിചാരിച്ചാൽ കുറ്റക്കാരെ എളുപ്പത്തിൽ കണ്ടുപിടിക്കാവുന്ന ഒരു കേസ്, ഈ വിധം കൈകാര്യം ചെയ്തത് ബോധപൂർവമായിരുന്നു. ഡിപ്ലോമാറ്റിക് ബാഗേജിൽ സ്വർണക്കള്ളക്കടത്ത് നടത്തിയവരെ കണ്ടുപിടിക്കാൻ കേന്ദ്രഏജൻസികൾക്ക് കഴിയാതെ പോയത്, മാധ്യമ വിശാരദന്മാർ ഗൗനിച്ചതേയില്ല. രണ്ടാം തവണയും മുഖ്യമന്ത്രി സ്ഥാനത്തെത്തിയ പിണറായി വിജയന്റെ പ്രതിച്ഛായ തകർക്കൽ മാത്രമായിരുന്നു മാധ്യമലക്ഷ്യം. ഈ കള്ളക്കടത്ത് കേസിൽ പ്രതികളാക്കപ്പെട്ട ചിലരെ മുൻനിർത്തി എത്രമാസങ്ങളാണ് മാധ്യമങ്ങൾ അപസർപ്പകകഥകൾ മെനഞ്ഞത്?

സംസ്ഥാനസർക്കാരിന്റെ അഭിമാനപദ്ധതിയായ ലൈഫ് മിഷനെ അപകീർത്തിപ്പെടുത്തലായിരുന്നു മറ്റൊരു പ്രചാരണം.  സംസ്ഥാനം കണ്ട ഏറ്റവും വലിയ ഭവന നിർമാണ പദ്ധതിയെ വിവാദത്തിലാക്കി. എൽഡിഎഫ് സർക്കാരിന്റെ നേട്ടത്തെ ഈ കുഴിക്കാണിക്കലായിരുന്നു ലക്ഷ്യം.

റോഡുകളിലെ നിയമലംഘനം തടയുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനഗതാഗതവകുപ്പ് എഐ ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനിച്ചത്. ഇത്തരം പദ്ധതികൾ സ്ഥാപിക്കുന്നതിൽ പരിചയസമ്പന്നരായ കെൽട്രോൺ എന്ന പൊതുമേഖലാസ്ഥാപനത്തിന്റെ ചുമതലയിലാണ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചത്. ആരോപണശരങ്ങളെയ്ത് പ്രസ്തുത പദ്ധതിയെ താറടിക്കാൻ മാധ്യമങ്ങളും പ്രതിപക്ഷപാർട്ടികളും "ഓവർടൈം" പ്രവർത്തനമാണ് നടത്തിയത്.

ആഗോളതലത്തിൽ പ്രശംസ നേടിയ പദ്ധതിയാണ് എൽ.ഡി.എഫ് സർക്കാർ നടപ്പാക്കിയ കെ.ഫോൺ. സംസ്ഥാനത്തെ എല്ലാ വീടുകളിലും സർക്കാർ ഓഫീസുകളിലും ഇന്റർനെറ്റ് ലഭ്യമാക്കാനാണീ പദ്ധതി. പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകുന്നു. ഇന്ത്യയിലെ

മറ്റൊരു സംസ്ഥാനവും ചിന്തിക്കുക പോലും ചെയ്യാത്ത ഈ പദ്ധതിയെ വിവാദത്തിൽ കുടുക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. മാധ്യമങ്ങളും അതേറ്റ് പിടിച്ചു. നിറംപിടിച്ച നുണകൾ അച്ചടി മാധ്യമങ്ങളിലും, ദൃശ്യമാധ്യമങ്ങളിലും സ്ക്രീനുകളിലും നിറഞ്ഞു. കെ ഫോൺ പദ്ധതി പരിഭ്രാന്തരാക്കിയത് സ്വകാര്യ ഇന്റർനെറ്റ് ദാതാക്കളായ ഏഷ്യാനെറ്റിനെയും ജിയോയെയുമാണ്. അവർക്ക് നൊന്താൽ ചില മാധ്യമങ്ങൾക്കും നോവും.

എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി ആർഷോയുടെ പരീക്ഷാഫലം എന്ന വിധത്തിൽ പ്രസിദ്ധീകരിച്ചത്, സാങ്കേതിക പിശകായിരുന്നു എന്ന് എല്ലാവർക്കും ബോദ്ധ്യമായി. താൻ എഴുതാത്ത പരീക്ഷ എങ്ങനെ പാസ്സാവും എന്ന് ആർഷോ തന്നെ ചോദിച്ചു. വസ്തുത എന്താണെന്ന് ജനങ്ങൾക്കെല്ലാം ബോദ്ധ്യമായിട്ടും സംസ്ഥാനത്തെ കോൺഗ്രസ് നേതാക്കൾക്കും, ഒരുകൂട്ടം മാധ്യമങ്ങൾക്കും ബോദ്ധ്യമാവുന്നില്ല. അവർ ദുഷ്പ്രചരണം തുടരുകയാണ്.

2016 മുതൽ അധികാരത്തിലുള്ള എൽ.ഡി.എഫ് സർക്കാർ കണ്ണഞ്ചിപ്പിക്കുന്ന നേട്ടങ്ങളാണ് കൈവരിച്ചത്. പശ്ചാത്തല വികസനരംഗം വൻവികസനത്തിലാണ്. പ്രകൃതിവാതക പൈപ്പ് പദ്ധതി ഒരിക്കലും യാഥാർത്ഥ്യമാവില്ലെന്ന് കരുതിയവരെ വിസ്മയിപ്പിച്ചുകൊണ്ടാണ് പൂർത്തീകരിച്ചത്. എല്ലാവീടുകളിലും അടുക്കളയിൽ പ്രകൃതിവാതകം എത്താൻ അധികനാളുകൾ വേണ്ട.

ഇടമൺ - കൊച്ചി പവർ ഹൈവേ പൂർത്തിയായി. യുഡിഎഫ് സർക്കാരിന്റെ കാലത്ത് മുടങ്ങിപ്പോയ പദ്ധതിയാണിത്. കേരളം സമ്പൂർണ വൈദ്യുതീകരണം എന്ന ലക്ഷ്യം നേടി. പവർകട്ടും ലോഡ് ഷെഡ്ഡിംഗും, പഴം കഥകളായി. വ്യവസായ മേഖലയിൽ പുതിയ നിക്ഷേപം വരുന്നു. കേരളം "നിക്ഷേപ സൗഹൃദ" സംസ്ഥാനമല്ല എന്ന അപവാദം അവസാനിച്ചു. എല്ലാമേഖലകളിലും പുത്തനുണർവുണ്ടായി. സാമൂഹ്യക്ഷേമരംഗത്തും, വലിയ നേട്ടം കൈവരിച്ചു.

വിദ്യാഭ്യാസരംഗം, വൻകുതിപ്പ് നേടി. 2016ന് ശേഷം ഇതുവരെ, പൊതുവിദ്യാലയങ്ങളിലേക്ക്, സ്വകാര്യ മേഖലയിൽനിന്ന് 10 ലക്ഷം കുട്ടികൾ തിരിച്ചുവന്നു. അത്യാധുനിക സൗകര്യങ്ങളോടെ സ്കൂൾ കെട്ടിടങ്ങൾ തല ഉയർത്തി നിൽക്കുന്നു. സൗജന്യഭക്ഷണം, യൂണിഫോം എന്നിവ രാജ്യത്തിന് തന്നെ മാതൃകയായി. പാഠപുസ്തകങ്ങളും സൗജന്യമായി നൽകുന്നു. ഉന്നത വിദ്യാഭ്യാസമേഖലയും കുതിപ്പിലാണ്.

സംസ്ഥാനത്തെ ആരോഗ്യമേഖല പ്രശംസനീയമായ നേട്ടങ്ങളാണ് കൈവരിച്ചത്. കോവിഡ് കാലത്ത് ജനങ്ങൾക്ക് കാവലായ, സംസ്ഥാനത്ത് ആരോഗ്യമേഖല വളരെയേറെ പ്രശംസിക്കപ്പെട്ടതാണ്. ഇത്രയും മെച്ചപ്പെട്ട പൊതു ആരോഗ്യ സംരക്ഷണസംവിധാനം, രാജ്യത്ത് മറ്റൊരിടത്തുമില്ല.

സംസ്ഥാനത്തെ അതിദരിദ്രരെ സർവ്വെ നടത്തി കണ്ടെത്തി. അവരുടെ മുഴുവൻ സംരക്ഷണവും സർക്കാർ ഏറ്റെടുത്തു. ഇങ്ങനെ ഓരോ മേഖലയിലും സർക്കാർ കൈവരിച്ച നേട്ടങ്ങൾ അനിതരസാധാരണമാണ്. ജനങ്ങൾക്ക് സൗഹാർദ്ദത്തോടെ, സുരക്ഷിതരായി ജീവിക്കാൻ കഴിയുന്ന സംസ്ഥാനമാണ് കേരളം. വർഗീയഛിദ്രശക്തികൾ എത്ര ശ്രമിച്ചാലും കേരളത്തെ കുരുതിക്കളമാക്കാൻ അനുവദിക്കില്ല എന്ന ഉറച്ച നിലപാട് സ്വീകരിച്ച എൽഡിഎഫ് സർക്കാരിന്റെ ജാഗ്രതയും നടപടികളുമാണ് ഈ സാഹചര്യം സൃഷ്ടിച്ചത്.

കേന്ദ്രസർക്കാരിന്റെ തൊഴിലാളി വിരുദ്ധനിയമങ്ങളും, സ്വകാര്യവൽക്കരണനയങ്ങളും നടപ്പാക്കില്ല എന്നുറച്ച് പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. തൊഴിലാളിക്ഷേമം എന്നതാണ് എൽഡിഎഫിന്റെ മുദ്രാവാക്യം.

ഏത് മേഖലയെടുത്താലും പുരോഗമനപരമായ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനസർക്കാരിന്റെ ഭരണനടപടികൾ വിശദീകരിക്കാൻ കുത്തകമാധ്യമങ്ങൾക്ക് യാതൊരു താല്പര്യവുമില്ല. ഒറ്റപ്പെട്ട ചില സംഭവങ്ങളെ സാമാന്യവൽക്കരിച്ച് എൽഡിഎഫ്സർക്കാരിനെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും, സിഐടിയുവിനെയും കരിവാരിത്തേക്കാൻ കുത്തകമാധ്യമങ്ങൾ മത്സരിക്കുകയാണ്. നവഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയത്തിലൂടെ, രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കാൻ സ്വകാര്യമൂലധനശക്തികൾക്ക് അവസരം നല്കുന്ന ബിജെപി സർക്കാരിനോടുള്ള നന്ദി പ്രകടിപ്പിക്കലാണ്, ഈ "മാധ്യമഭീകരത". ചങ്ങാത്ത മുതലാളിത്തം എന്ന അവസ്ഥയുടെ സൃഷ്ടിയാണിത്.

കോൺഗ്രസ് നേതൃത്വവും കുത്തകമാധ്യമങ്ങളും നടത്തുന്ന ദുഷ്പ്രചാരണങ്ങളെ തള്ളിക്കളയണം. യഥാർത്ഥ വസ്തുതകൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ എല്ലാ നാവുകളും ചലിക്കണം.



കേരളത്തിൽ സിഐടിയു വിന്റെ രൂപീകരണവും ചരിത്ര വും വിവരിക്കുന്ന **സിഐടിയു കേരള ചരിത്രം** എന്ന പുസ്തകം പ്രകാശിപ്പിച്ചു. സിഐടിയു സ്ഥാപക ദിനമായ മെയ് 30ന് അതിന്റെ ആദ്യ പ്രതി പ്രകാശി പ്പിച്ചുകൊണ്ട് സിപിഐ എം പൊളിറ്റ് ബ്യൂറോ അംഗവും കേരള മുഖ്യമന്ത്രിയുമായ സ. പിണറായി വിജയൻ ചെയ്ത പ്രസംഗം.




# അരനൂറ്റാണ്ട് പിന്നിട്ട സിഐടിയു ചരിത്രം

സിഐടിയു രൂപീകൃതമായതിന്റെ അരനൂറ്റാണ്ട് ആഘോഷിച്ച് മൂന്നു വർഷമാവുമ്പോഴാണ് **സിഐടിയു കേരള ചരിത്രം** സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്.

കേരളത്തിലെ സിഐടിയുവിന്റെ വളർച്ചയെയാണ് മുഖ്യമായും പ്രതിപാദിക്കുന്നതെങ്കിലും ഈ ഗ്രന്ഥം സാർവദേശീയ തലത്തിൽ തൊഴിലാളി പ്രസ്ഥാനങ്ങൾ ഉയർന്നുവന്നതിന്റെയും ഇന്ത്യയിലെ തന്നെ ട്രേഡ് യൂണിയൻ മുന്നേറ്റങ്ങളുടെയും ചരിത്രം കൃത്യമായി അവലോകനം ചെയ്യുന്നുണ്ട്. തൊഴിലാളിവർഗ്ഗ സാർവദേശീയത ഉയർത്തിപ്പിടിക്കുന്ന പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെയല്ലാതെ ഒരു ചരിത്ര രചന അസാധ്യമാണ്.

ഉല്പാദനത്തിന്റെ, വിതരണത്തിന്റെ, കൈമാറ്റത്തിന്റെ ഉപകരണങ്ങളുടെ സാമൂഹ്യവൽക്കരണത്തിലൂടെയും ആ




സുവർണ്ണ ജൂബിലി കടന്നുകൊണ്ട് കഴിഞ്ഞ കാലത്തിന്റെ ചരിത്രം രേഖപ്പെടുത്തുന്ന ഘട്ടത്തിൽ പല കാര്യങ്ങളിലും സിഐടിയുവിന് അഭിമാനിക്കാം. അതിൽ ഏറ്റവും പ്രധാനമായത് അമിതാധികാര സ്വേച്ഛാധിപത്യപരവും ജനാധിപത്യ വിരുദ്ധവുമായ ശക്തികൾക്കെതിരെയും ഛിദ്രീകരണത്തിന്റെ വർഗീയ വിധ്വംസകശക്തികൾക്കെതിരെയും ഉജ്വലമായ പോരാട്ടങ്ങൾ നടത്തി എന്നതാണ്. മറ്റൊന്ന്, സ്വകാര്യവത്ക്കരണം, ആഗോളവത്ക്കരണം, ഉദാരവത്ക്കരണ നയങ്ങൾ ഇവ ജനങ്ങളെയാകെ, പ്രത്യേകിച്ച് തൊഴിലാളികളെയാകെ ഞെരുക്കിയ സാഹചര്യത്തിൽ ട്രേഡ് യൂണിയനുകളെയാകെ ഒരു സംയുക്ത സമരത്തിന്റെ പോരാട്ടവേദിയിൽ അണിനിരത്താൻ, സംയുക്ത പോരാട്ടങ്ങൾക്കു രൂപം കൊടുക്കാൻ, അങ്ങനെ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു എന്നതാണ്.

1970 -ലാണ് സിഐടിയു നിലവിൽ വന്നത്. എന്നാൽ, അതിനുള്ളത് വീറുറ്റ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ തൊഴിലാളിവർഗ പോരാട്ടങ്ങളുടെ പൈതൃകമാണ്. ആ പോരാട്ടം മുമ്പോട്ടു കൊണ്ടുപോവുകയും ജനാധിപത്യ, മതേതരത്വ സോഷ്യലിസ്റ്റു കാഴ്ചപ്പാടുകളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ കൈക്കൊണ്ടുകൊണ്ട് ആ മൂല്യങ്ങൾക്കു പിന്നിൽ വലിയ തോതിൽ തൊഴിലാളികളെ അണിനിരത്തുകയുമാണ്

വഴിക്ക് സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിക്കുന്നതിലൂടെയും മാത്രമേ തൊഴിലാളിവർഗ്ഗം നേരിടുന്ന ചൂഷണം അവസാനിപ്പിക്കാനാവൂ എന്ന കൃത്യമായ ദർശനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനാണ് സി ഐ ടി യു. സോഷ്യലിസത്തിന്റെ മഹത്തായ ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് സമൂഹത്തിന്റെ സമ്പൂർണ്ണമായ മോചനം സിഐടിയു ലക്ഷ്യമാക്കുന്നു. സത്യത്തിൽ ഇതുതന്നെയാണ് ഈ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ വേറിട്ടതാക്കിത്തീർക്കുന്ന പ്രധാന ഘടകം. വർഗസമരത്തിന്റെ പാതയിൽ ഉറച്ചുനിൽക്കുന്നതും വർഗസഹകരണത്തിന്റെ പ്രലോഭനങ്ങളെ നിരന്തരം ചെറുത്തുനിന്നതും സിഐടിയുവിനെ പണിയെടുക്കുന്നവരുടെ സമരപ്രസ്ഥാനമാക്കി വളർത്തി.

ഈ അമ്പതു വർഷത്തിലേറെ ക്കാലം കൊണ്ടു സിഐടിയു ചെയ്തത്.

മൂന്നു പതിറ്റാണ്ടിലേറെക്കാലമായി നടപ്പിലാവുന്ന ആഗോളവത്ക്കരണ നയങ്ങളുടെ തിക്തഫലങ്ങൾ കൊണ്ടുണ്ടായ അസഹനീയ ജീവിതാവസ്ഥയിൽ രോഷം കൊള്ളുന്ന തൊഴിലാളികളടക്കമുള്ള ജനസമൂഹമാകെ സിഐടിയുവിനെ പ്രത്യാശയോടെ നോക്കിക്കാണുന്ന ഘട്ടമാണിത്. ആ നയങ്ങൾ സമൂഹത്തിലെമ്പാടും ദുരന്തം വിതയ്ക്കുകയാണ്. സ്ഥിരം തൊഴിലാളികൾ ഇല്ലാതാവുന്നു. സംഘടനാ സ്വാതന്ത്ര്യങ്ങൾ ആക്രമിക്കപ്പെടുന്നു. നേടിയെടുത്ത ആവശ്യങ്ങൾ പോലും കവർന്നെടുക്കപ്പെടുന്നു.




തൊഴിൽ നിയമങ്ങൾ തൊഴിലാളിവിരുദ്ധമായി ഭേദഗതിപ്പെടുത്തപ്പെടുന്നു. വേതനം ഉയരാതിരിക്കുകയോ വെട്ടിക്കുറയ്ക്കപ്പെടുകയോ ചെയ്യുന്നു. പലവിധ അതിക്രമങ്ങൾക്കു സ്ത്രീതൊഴിലാളികൾ ഇരയാവുന്നു. ചുരുക്കി പറഞ്ഞാൽ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ പൊരുതി നേടിയതെന്തൊക്കെയോ, അതൊക്കെ ഇല്ലായ്മ ചെയ്യപ്പെടുന്നു. അതിദേശീയതാ വാദം കൊണ്ടും മതവർഗ്ഗീയ ലഹരികൊണ്ടും ഇതെല്ലാം മറച്ചുവെക്കാനും തൊഴിലാളിവർഗ്ഗത്തെ ജാതിയുടെ, മതത്തിന്റെ പേരിൽ കള്ളിതിരിച്ചു പരസ്പരം പൊരുതിക്കാനും കേന്ദ്രഭരണാധികാരികൾ, സംഘപരിവാർ ശ്രമം ശക്തിപ്പെടുത്തുന്നു.

അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ ഇത്തരം ശ്രമങ്ങൾക്കു പിന്നിലുള്ളവരെ മുട്ടുകുത്തിച്ചത് ഈ സമീപ കാലത്താണ്. കർഷകസമരത്തിന്റെ ഐതിഹാസിക വിജയം, ഓർഡിനൻസ് ഫാക്ടറികൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തെ ചെറുത്ത ട്രേഡ് യൂണിയൻ സമരങ്ങൾ എന്നിവയൊക്കെ നമ്മുടെ ഓർമ്മയിലുണ്ട്. ഇതിന്റെയൊക്കെ ഫലമായി ഉയർന്നുവരുന്ന കർഷക തൊഴിലാളി ഐക്യത്തെ തകർക്കാനായി നടത്തപ്പെടുന്ന ശ്രമങ്ങളും നമ്മുടെ മുന്നിലുണ്ട്. കർഷക സമരത്തിനു സംഭാവന നൽകിയതിന്റെ പേരിൽ പോസ്റ്റൽ ജീവനക്കാരുടെ സംഘടനയ്ക്കുള്ള അംഗീകാരം എടുത്തു കളഞ്ഞത് ഓർക്കുമല്ലോ. ഇതിനൊക്കെ പുറമെ, പുതിയ ലേബർ കോഡുകൾ അടക്കമുള്ള വിഷയങ്ങൾ ഇന്ത്യയിലെ തൊഴിലാളിസമൂഹത്തെ ആശങ്കയിലാഴ്ത്തുന്നുമുണ്ട്.

ഇത്തരം തൊഴിലാളി വിരുദ്ധ നീക്കങ്ങൾക്കെല്ലാമെതിരെ കരുത്തോടെ പോരാടേണ്ട ഘട്ടമാണിത്. തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുന്നതിനെതിരായ പോരാട്ടങ്ങളുടെ തീച്ചൂളയിലാണു



സിഐടിയു പിറന്നതും വളർന്നതും. ചണത്തൊഴിലാളികൾ, കൽക്കരി ഖനിത്തൊഴിലാളികൾ, ഉരുക്കു തൊഴിലാളികൾ, പരുത്തിമിൽ തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, കയർ തൊഴിലാളികൾ എന്നിവർക്കൊക്കെയുള്ള ആശ്രയം പോരാട്ടങ്ങൾ മാത്രമായിരുന്നു. ആ പോരാട്ടങ്ങളുടെ ചരിത്രം ഈ കൃതിയിലുണ്ട്.

കൃതിയിലുണ്ടായാൽ പോരാ. ആ ചരിത്രത്തിൽ നിന്ന് ആവേശമുൾക്കൊണ്ടുകൊണ്ട് സമകാലിക ചരിത്രത്തിൽ ഉജ്വലങ്ങളായ സമരങ്ങൾകൊണ്ട് ഇടപെടാൻ കഴിയണം. സംഘപരിവാർ സർക്കാരിന്റെ നയങ്ങളിൽ ജനങ്ങൾക്കുണ്ടാവുന്ന അതൃപ്തി, അമർഷം, രോഷം എന്നിവയെ ചാലുകീറി മുമ്പോട്ടുകൊണ്ടുപോയി ഉജ്വല സമരരൂപങ്ങളാക്കി പരിവർത്തിപ്പിക്കാൻ കഴിയണം. അതാണു സിഐടിയുവിന്റെ പുതിയ കാലത്തെ ഉത്തരവാദിത്തം.

വർഗ്ഗസഹകരണത്തിന്റെ സിദ്ധാന്തത്തിലും, പ്രയോഗത്തിലുമുള്ള വിയോജിപ്പു കൂടിയാണ് സിഐടിയുവിന്റെ രൂപീകരണത്തിൽ എത്തിയത് എന്നതു മറന്നുകൂടാ. അധികാരിവർഗ്ഗത്തോടു വിട്ടുവീഴ്ച ചെയ്യുന്നതിലും അങ്ങനെ തൊഴിലാളിവർഗ്ഗ താത്പര്യങ്ങൾ ബലികഴിക്കുന്നതിലും ചിലർ വ്യാപരിച്ചപ്പോൾ ഗോവയിൽ സമരോത്സുകരായ തൊഴിലാളി നേതാക്കളും പ്രവർത്തകരും 1970 ഏപ്രിൽ രണ്ടാം വാരത്തിൽ സമ്മേളിച്ച് പുതിയ ട്രേഡ് യൂണിയൻ ഉണ്ടാക്കാൻ നിശ്ചയിക്കുകയും ത്യാഗോജ്വലമായ നിലയിൽ തൊഴിലാളി സമൂഹത്തെയാകെ വർഗസമരത്തിന്റെ പാതയിൽ ഉറപ്പിച്ചുനിർത്തുകയുമായിരുന്നു. അങ്ങനെയാണ് 1970 മേയ് 30ന് സിഐടിയു രൂപീകരിച്ച പ്രഖ്യാപനമുണ്ടായത്. ബി.ടി രണദിവെ പ്രസിഡന്റും പി രാമമൂർത്തി സെക്രട്ടറിയുമായ സമിതി നിലവിൽ വന്നത്.

സിഐടിയുവിനെ ഒറ്റപ്പെടുത്താൻ സംഘടിത ശ്രമങ്ങളാണ് അന്നുണ്ടായത്. അന്ന് കേന്ദ്രമന്ത്രിയായിരുന്ന ആർ കെ ഖദിൽക്കർ തന്നെ മുൻകൈയെടുത്ത് ഐഎൻടിയുസിയെയും എഐടിയുസിയെയും എച്ച്എംഎസിനെയും ഗവൺമെന്റ് നയങ്ങൾക്കു കീഴിലണിനിരത്തി സിഐടിയുവിനെ ഒറ്റപ്പെടുത്താൻ നോക്കി. എന്നിട്ടും തൊഴിലാളികൾക്കു വേണ്ടിയുള്ള പോരാട്ടങ്ങളിലൂടെ സിഐടിയു വളർന്നു.

1974ലെ റയിൽവേ പണിമുടക്ക്, 1978ലെ വ്യവസായ ഖനനനിയമത്തിനെതിരായ ചെറുത്തുനിൽപ്പ്, പണിയെടുക്കുന്ന തൊഴിലാളികൾക്കിടയിലെ വ്യാപക പ്രവർത്തനം, 1982ലെ രാജ്യവ്യാപക പണിമുടക്ക്,

## സിഐടിയു സ്ഥാപക ദിനത്തിൽ സിഐടിയു കേരളം ചരിത്രം പ്രകാശിപ്പിച്ചു

സിഐടിയു സംസ്ഥാന കമ്മിറ്റി പുറത്തിറക്കിയ **സിഐടിയു കേരള ചരിത്രം** കേരള മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ അധ്യക്ഷനായി. ജന.സെക്രട്ടറി എളമരം കരീം , ഐ.എൻ.ടി.യു.സി സംസ്ഥാന പ്രസിഡണ്ട് ആർ ചന്ദ്രശേഖരൻ, സിഐടിയു സംസ്ഥാന വൈസ് പ്രസിഡണ്ട് ടി.പി. രാമകൃഷ്ണൻ എംഎൽഎ, സെക്രട്ടറിമാരായ കെ.എൻ ഗോപിനാഥ്, മന്ത്രി വി.ശിവൻകുട്ടി, കെ.എസ് സുനിൽകുമാർ, ജില്ലാ സെക്രട്ടറി സി.ജയൻ ബാബു എന്നിവർ സംസാരിച്ചു.


ബി.ടി. രണദിവെ


പി. രാമമൂർത്തി





**സർവരാജ്യങ്ങളിലുമായുള്ള തൊഴിലാളികളോട് സംഘടിക്കാനും ചൂഷണമുക്തമായ ഒരു സാമൂഹ്യ വ്യവസ്ഥ സ്ഥാപിക്കുന്നതിനുവേണ്ടി പോരാടാനും മാർക്സും എംഗൽസും നടത്തിയ ആഹ്വാനം യുഗപരിവർത്തനത്തിന്റെ സന്ദേശമായി ലോകത്താകെയുള്ള തൊഴിലാളികൾ ഏറ്റെടുത്തതു മുതൽക്കുണ്ടായ മാറ്റങ്ങൾ ഈ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.**

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണത്തിനെതിരായ സമരങ്ങൾ തുടങ്ങിയ എത്രയോ പോരാട്ടങ്ങളിലൂടെയാണ് ഈ പ്രസ്ഥാനം ഇന്ത്യയിലെ തൊഴിലാളിവർഗ്ഗത്തിന്റെ ശ്രദ്ധയിൽ സ്ഥാനംപിടിച്ചത്.

തൊഴിലാളി വർഗവും സിഐടിയുവിനെപ്പോലുള്ള തൊഴിലാളി പ്രസ്ഥാനങ്ങളും കേരളത്തെ ഇന്നു കാണുന്ന കേരളമാക്കി വളർത്തിയെടുക്കുന്നതിൽ വഹിച്ച ചരിത്രപരമായ പങ്ക് അടയാളപ്പെടുത്തപ്പെടാതെ പൊയ്ക്കൂടാ. ഈ അനിവാര്യതാ ബോധമാവണം ഇങ്ങനെ ഒരു ചരിത്രം രേഖപ്പെടുത്തിവെക്കണമെന്നു സിഐടിയുവിന്റെ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചതിനു പിന്നിലുള്ളത്. ഏതായാലും ചരിത്രപരമായ പ്രാധാന്യമുള്ള ഔചിത്യപൂർണ്ണമായ നടപടി എന്നു ഞാൻ ഇതിനെ വിശേഷിപ്പിക്കട്ടെ.

സർവരാജ്യങ്ങളിലുമായുള്ള തൊഴിലാളികളോട് സംഘടിക്കാനും ചൂഷണമുക്തമായ ഒരു സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കുന്നതിനുവേണ്ടി പോരാടാനും മാർക്സും എംഗൽസും നടത്തിയ ആഹ്വാനം യുഗപരിവർത്തനത്തിന്റെ സന്ദേശമായി ലോകത്താകെയുള്ള തൊഴിലാളികൾ ഏറ്റെടുത്തതുമുതൽക്കുണ്ടായ മാറ്റങ്ങൾ ഈ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വ്യവസായ വിപ്ലവത്തിന്റെ ഉത്പന്നമായ ആധുനിക തൊഴിലാളിവർഗ്ഗത്തിൽ ട്രേഡ് യൂണിയൻ ഒരു പ്രസ്ഥാനമായി വളർന്നുവന്നതെങ്ങനെ എന്നതിന്റെ സൂചനകൾ ഈ കൃതി നൽകുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ യൂറോപ്പിലാകെ തൊഴിലാളി പണിമുടക്കുകൾ വ്യാപകമായതും ട്രേഡ് യൂണിയൻ രൂപീകരണത്തിനുള്ള തൊഴിലാളിയുടെ അവകാശംപോലും ഇല്ലായ്മ ചെയ്തുകൊണ്ട് അധികാരികൾ ഉത്തരവിറക്കിയതും തുടർന്നുണ്ടായ ക്രൂരമായ അടിച്ചമർത്തലുകളും ഒക്കെ ഈ കൃതി വിവരിക്കുന്നു.

ഈ ചരിത്രപശ്ചാത്തലവും മാർക്സിന്റെയും എംഗൽസിന്റെയും ആഹ്വാനവും ഒക്കെ കടന്ന്, വളരെ വൈകി മാത്രം ഇന്ത്യയിൽ തൊഴിലാളിവർഗ സംഘടന വികസിച്ചുവന്നതിലേക്കും ഇന്ത്യൻ മുതലാളിത്ത വികസനം വളരെ വൈകിയാണുണ്ടായത് എന്ന അതിന്റെ കാരണത്തിലേക്കും ഈ പുസ്തകം കടക്കുന്നു. ഒക്ടോബർ വിപ്ലവത്തിന്റെ സ്വാധീനമുണ്ടാക്കിയ പുരോഗമനപരമായ മാറ്റങ്ങളടക്കം വിലയിരുത്തി






ക്കൊണ്ട് ഇന്ത്യയിലെ ആദ്യകാല പണിമുടക്കുകളുടെ ചരിത്രം പരിശോധിക്കുന്നു.

ഇന്ത്യയിലെ വ്യവസായ തൊഴിലാളികളുടെ ആദ്യത്തെ പണിമുടക്ക് റയിൽവേയിലായിരുന്നു. പിന്നീടുണ്ടായ തുണിമിൽ തൊഴിലാളികളുടെയടക്കമുള്ള പണിമുടക്കുകളെ അവലോകനം ചെയ്തുകൊണ്ട് ട്രേഡ് യൂണിയൻ സംഘടനാ രൂപീകരണത്തിന്റെ പശ്ചാത്തലത്തിലേക്കു പ്രവേശിക്കുന്നു. ആൾ ഇന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് ഉണ്ടായി നൂറുവർഷം കഴിഞ്ഞ ഈ ഘട്ടത്തിൽ ഇത്തരം ചരിത്രങ്ങളുടെ അവലോകനം തീർച്ചയായും പുതിയ കാലത്തേക്കുള്ള പോരാട്ടങ്ങൾക്കു പ്രചോദനം നൽകുന്നു എന്നു പറയാം.

ഒന്നാം ലോക മഹായുദ്ധത്തെത്തുടർന്നുണ്ടായ പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും അസ്വസ്ഥമായ അന്തരീക്ഷത്തിലാണ് മാറിവന്ന ലോകസാഹചര്യങ്ങളിൽ നിന്നുകൂടി പ്രചോദനം ഉൾക്കൊണ്ട് അഖിലേന്ത്യാ സംഘടന രൂപപ്പെട്ടത്. ആദ്യ പ്രസിഡന്റ് ലാലാ ലജ്പത് റായിയായിരുന്നു എന്നത് പുതിയ തലമുറയിൽ കൗതുകമുണർത്തുന്ന കാര്യമായിരിക്കും. രാജ്യത്തിന്റെ പല ഭാഗങ്ങളിലായി ശക്തിപ്പെട്ടു വ്യാപിച്ച പണിമുടക്കുകൾ, അവയെ ഞെരിച്ചുകൊല്ലാൻ സാമ്രാജ്യത്വം നടത്തിയ കിരാത വാഴ്ചകൾ, പയറ്റിയ ഭിന്നിപ്പിക്കൽ തന്ത്രങ്ങൾ തുടങ്ങിയവയൊക്കെ പുതിയ തലമുറ സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്.



കേരളത്തിലാകട്ടെ, ട്രേഡ് യൂണിയൻ ആവിർഭവിച്ചതിന്റെ സാഹചര്യങ്ങൾ വിശദമായി പ്രതിപാദിക്കുന്നുണ്ട് ഈ ചരിത്ര ഗ്രന്ഥത്തിൽ. ഫറോക്ക്, കോഴിക്കോട്, കണ്ണൂർ നെയ്ത്തുകമ്പനികളിലും ഓട്ടുകമ്പനികളിലുമായി ആദ്യമായി തൊഴിലാളി സംഘടനകൾ രൂപപ്പെട്ടുവന്നു. തൊഴിലാളികളുടെ പരമ ദയനീയമായ സ്ഥിതി ഇതിൽ വിവരിക്കുന്നുണ്ട്.

അടിമകാലഘട്ടത്തിൽ വില്പന ചരക്കായിരുന്ന തൊഴിലാളി ആത്മാഭിമാനമുള്ള തൊഴിലാളികളായി മാറിയതിന്റെ ചരിത്രമാണ് സത്യത്തിൽ ഇവിടെ രേഖപ്പെടുത്തപ്പെടുന്നത്. അയിത്തത്തിനെതിരായ അയ്യങ്കാളിയുടെ തൊഴിലാളി സംഘടന, ഊഴിയവേല, ചാന്നാർലഹള തുടങ്ങിയ സാമൂഹ്യകാര്യങ്ങളുടെ പശ്ചാത്തലത്തിൽ നിർത്തി ട്രേഡ് യൂണിയൻ രൂപപ്പെടുത്തലിനെ അവലോകനം ചെയ്യുന്നു ഈ ഗ്രന്ഥം.

ആലപ്പുഴയിലെ ആദ്യ തൊഴിലാളി രക്തസാക്ഷിയായ സഖാവ് ബാവ മുതൽക്കിങ്ങോട്ടുള്ളവരുടെ ജീവിതാനുഭവങ്ങൾ കൂടി ചരിത്രത്തിൽ ഇടകലർന്ന് എത്തുന്നുണ്ട്. തൊഴിലാളി സമരമുഖങ്ങളിലെ എകെജി യുടെ സാന്നിധ്യം, തോട്ടംതൊഴിലാളി പണിമുടക്ക്, ആലുവയിലെ വ്യവസായ യൂണിയനുകളുടെ അവിർഭാവം, പി.ജി രാഘവനടക്കമുള്ളവരുടെ രക്തസാക്ഷിത്വം, ആറോൺമിൽ സമരങ്ങൾ, കണ്ണൂർ കോമൺവെൽത്ത് നെ







ഫ്ലൂഫാക്ടറി യൂണിയൻ മുതൽ ബാലരാമപുരം കൈത്തറി ഗ്രാമത്തിലെ വരെ സംഘടനാ പ്രവർത്തനം, ഇ എംഎസിന്റെയും പി കൃഷ്ണപിള്ളയുടെയും ഇടപെടലുകൾ, കോട്ടൺമിൽ സമരം, കയർ തൊഴിലാളി സമരം, വൈദ്യുതി സമരം, അടിമത്ത വ്യവസ്ഥയിലെ ചെറുത്തുനിൽപ്പ്, എ.ജി വേലായുധനെപ്പോലുള്ളവരുടെ രക്തസാക്ഷിത്വം തുടങ്ങിയവയിലൂടെയൊക്കെ കരുത്താർജ്ജിച്ചു വന്ന കേരളത്തിലെ തൊഴിലാളിപ്രസ്ഥാനത്തിന്റെ ചരിത്രം ഈ കൃതി രേഖപ്പെടുത്തി വച്ചിരിക്കുന്നു.

കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തെക്കുറിച്ചു പുതുതലമുറകൾക്കു പ്രയോജനപ്പെടുംവിധം ആകർഷകമായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ഐക്യകേരള പ്രക്രിയക്കു തുടക്കം കുറിക്കുന്ന വിധത്തിൽ തൊഴിലാളിവർഗ പോരാട്ടങ്ങൾ വഹിച്ച പങ്ക്, തൊഴിലാളിവർഗ ഐക്യത്തെ ഭിന്നിപ്പിക്കുന്ന വർഗീയതക്കെതിരായി ജാഗ്രതാപൂർവമായി നടത്തിയ ഇടപെടലുകൾ, തൊഴിലാളിപ്രസ്ഥാനത്തെ വളർത്തിയെടുക്കുന്നതിൽ നിർണ്ണായക സംഭാവനകൾ നൽകിയ നേതാക്കളുടെ ജീവിതചരിത്രം എന്നിവയൊക്കെ ഈ കൃതിയെ വിലപ്പെട്ട രേഖയാക്കുന്നു. നെയ്ത്ത്, ബീഡി, കയർ തുടങ്ങിയ പരമ്പരാഗത രംഗങ്ങളിലും, ട്രാൻസ്പോർട്ട്, ഇലക്ട്രിസിറ്റി തുടങ്ങിയ ആധുനിക മേഖലകളിലും നടന്ന ഉജ്വലമായ സമരങ്ങളെ ഈ കൃതി സൂക്ഷ്മമായി അടയാളപ്പെടുത്തുന്നു.

ആധുനിക കേരളചരിത്രം സിഐടിയുവിന്റെ വളർച്ചയുടെ കൂടി ചരിത്രമാണ്. നാം ഇപ്പോൾ നവകേരളത്തിന്റെ സൃഷ്ടിയിലാണ്. പരമ്പരാഗത പൊതുമേഖലാ തൊഴിലുകളെ സംരക്ഷിച്ചും ഐടിബിടി തുടങ്ങിയ നൂതന മേഖലകളിൽ പുതിയ തൊഴിലുകൾ സൃഷ്ടിച്ചും വിജ്ഞാന സമ്പദ്ഘടനയായും നൂതനത്വ സമൂഹമായും കേരളത്തെ പരിവർത്തിപ്പിച്ചും ഒക്കെയാണ് നമ്മൾ മുന്നേറുന്നത്. കാലത്തിനും ആധുനിക കേരളത്തിന്റെ സാധ്യതകൾക്കും അനുസൃതമായ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഈ ഘട്ടത്തിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ സിഐടിയുവിന് കഴിയും. സമസ്ത മേഖലകളിലെ തൊഴിലാളികളെയും തൊഴിലാളിവർഗത്തെയാകെയും നവകേരള സൃഷ്ടിയുടെ ഭാഗമാക്കാൻ സിഐടിയുവിന് ഊർജ്ജം പകരട്ടെ ഈ കൃതിയെന്ന് ആശംസിക്കുന്നു.

ഒരു ചെറിയ ഓർമ്മ കൂടി പങ്കുവെച്ചുകൊണ്ട് ഈ കൃതി പ്രകാശനം ചെയ്യട്ടെ. കെഎസ്എഫ് പ്രവർത്തനങ്ങളുടെ ഘട്ടത്തിൽ ഒരു ഇടവേളയെടുത്ത് എന്ന വണ്ണം വളരെ ഹ്രസ്വമായ ഒരു ഘട്ടത്തിൽ ഒരു ട്രേഡ് യൂണിയനുമായി ബന്ധപ്പെട്ടു ഞാൻ പ്രവർത്തിച്ചിരുന്നു. തലശ്ശേരിയിലെ പിയേഴ്സ് ലെസ്ലി ഫാക്ടറിയിലെ തൊഴിലാളികളെ സംഘടിപ്പിച്ച ആ കാലംകൂടി എന്റെ ഓർമ്മയിലേക്ക് ഈ സിഐടിയു ചരിത്രപ്രകാശന ചടങ്ങ് കൊണ്ടുവരുന്നു എന്നറിയിക്കട്ടെ.

ഈ കൃതി പ്രസിദ്ധീകരിക്കാൻ മുമ്പോട്ടുവന്ന സിഐടിയു സംസ്ഥാന കമ്മിറ്റിയെ അഭിനന്ദിക്കുന്നു. ഗ്രന്ഥം പ്രകാശനം ചെയ്തതായി അറിയിക്കുന്നു.●



# നിർമിത ബുദ്ധിയും തൊഴിലാളി വർഗവും






ഡോ. ദേബേഷ് ദാസ്

**2008 മുതലാളിത്ത ലോകത്തുണ്ടായ പ്രതിസന്ധി മുതലാളിത്തത്തെ കൂടുതൽ അതിയന്ത്രവൽക്കരണത്തിന് പ്രേരിപ്പിച്ചു. ഡാറ്റ പ്രൊസസിങ് മേഖലയിൽ തുടർന്നുള്ള ദശാബ്ദത്തിൽ ഉണ്ടായ സാങ്കേതിക വികസനമാണ് പുതിയ എഐ ടൂളുകളുടെ വളർച്ചയ്ക്ക് നിദാനമായത്.**

2022 നവംബറിൽ ചാറ്റ്ജിപിടി എന്ന നിർമിത ബുദ്ധി ചാറ്റ്ബോട്ട് ആവിഷ്കരിക്കപ്പെട്ടത് വലിയ മുറവിളിക്ക് കാരണമായിരിക്കുന്നു. ഇന്റർനെറ്റ് കണക്ഷനുള്ള ആർക്കും ഈ സേവനം സൗജന്യമായി ലഭ്യമാണ്. ചാറ്റ്ജിപിടിക്ക് ആരംഭിച്ച് അഞ്ചു ദിവസത്തിനകം ഒരു ദശലക്ഷം യൂസർമാർ ഉണ്ടായി. ഫേസ് ബുക്കിന് ഒരു ദശലക്ഷം യൂസർമാരുണ്ടാകാൻ വേണ്ടിവന്നത് പത്തുമാസമാണ്. കുറച്ചു മാസങ്ങൾ കൊണ്ടുതന്നെ യൂസേഴ്സിന്റെ എണ്ണം നൂറു ദശലക്ഷം കടന്നു. ഇത്രയും ദൂരം താണ്ടാൻ ഫേസ് ബുക്കിന് വേണ്ടിവന്നത് നാലര വർഷമാണെന്നോർക്കണം.

ചാറ്റ്ബോട്ട് എന്നത് നവീനാശയമാണ്. ചാറ്റർബോട്ട് എന്ന വാക്കിൽ നിന്നുത്ഭവിച്ച ഈ പ്രയോഗം ആദ്യമായി അവതരിപ്പിച്ചത് 1994ൽ മൈക്കിൾ മോൾഡിൻ ആണ്. മനുഷ്യർ നടത്തുന്നതുപോലുള്ള സംഭാഷണങ്ങൾ അനുകരിക്കാൻ ശേഷിയുള്ള സോഫ്റ്റ്വെയർ ആണ് ചാറ്റ്ബോട്ട്. യൂസറുടെ ചോദ്യങ്ങൾക്ക് തൽക്ഷണം ഉത്തരം നൽകുക എന്നതാണ് അതിന്റെ പ്രധാന കർത്തവ്യം. ഓൺലൈനിൽ പർച്ചേസ് നടത്തുന്നവർക്ക് ഒരുപക്ഷേ ഇത്തരം ചാറ്റ്ബോട്ടുകൾ പരിചിതമായിരിക്കും. ഒരു കമ്പനിയുടെ ഉൽപ്പന്നം വാങ്ങാൻ നിങ്ങളുദ്ദേശിക്കുന്നുണ്ടെങ്കിൽ കമ്പനിയുടെ സെയിൽസ് ചുമതലക്കാരനുമായി നിങ്ങൾക്ക് ഫോൺ വഴി ചാറ്റ് ചെയ്യാം. അല്ലെങ്കിൽ നിങ്ങളുടെ ചോദ്യങ്ങൾ ടൈപ്പ് ചെയ്ത് കമ്പനിയുടെ ഇമെയിലിൽ അയക്കാം. ഇങ്ങനെ ഇമെയിൽ അയക്കുന്നതിന് പകരം കമ്പനി കംപ്യൂട്ടർ മോണിറ്ററിന്റെയോ മൊബൈൽ ഫോണിന്റെയോ സ്ക്രീനിൽ ഒരു വിൻഡോ കാണിക്കുകയും അതിൽ ചോദ്യങ്ങൾ ടൈപ്പ് ചെയ്യുകയോ ചെയ്യാം. കമ്പനിയുടെ പ്രതിനിധി തൽക്ഷണമോ അൽപ്പം കഴിഞ്ഞോ ആ ചോദ്യങ്ങൾക്ക് ഉത്തരം നൽകും. ചാറ്റ്ബോട്ട് തുടങ്ങിയതോടെ ഇത്തരം ചോദ്യങ്ങൾക്ക് ഒരു വ്യക്തി ഓൺലൈനിൽ വന്ന് ഉത്തരം നൽകുന്ന സ്ഥിതി മാറി. വ്യക്തിക്കു പകരം കംപ്യൂട്ടർ സോഫ്റ്റ്വെയർ ആ ചുമതല നിർവഹിക്കും. ഉയർന്നുവരാൻ സാധ്യതയുള്ള ഒരു കൂട്ടം ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും കംപ്യൂട്ടർ മെമ്മറിയിൽ നേരത്തെ തന്നെ ഫീഡ് ചെയ്ത് വച്ചിരിക്കും. സോഫ്റ്റ്വെയർ അത് അപഗ്രഥിച്ച ശേഷം യൂസർ ചോദിക്കുന്ന ചോദ്യവുമായി ഒത്തുചേരുന്നതാണോ എന്ന് പരിശോധിക്കുകയും നേരത്തെ സ്റ്റോർ ചെയ്തുവച്ച ഉത്തരങ്ങൾ ചോദ്യങ്ങൾക്കു മറുപടിയായി നൽകുകയും ചെയ്യും.

1970ൽ ഉയർന്ന പണപ്പെരുപ്പവും തൊഴിലില്ലായ്മയും കുറഞ്ഞ വളർച്ചയും സമ്പദ്ഘടനയ്ക്കുമേൽ നിഴൽ വീഴ്ത്തിയ സാമ്പത്തിക പ്രതിസന്ധിക്കുശേഷം 1980കളിലാണ് എഐ എന്ന വാക്കിന് കൂടുതൽ പ്രചാരം കൈവന്നത്. ഉൽപ്പാദനങ്ങളുടെയും സേവനത്തിന്റെയും ചെലവു കുറയ്ക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി മുതലാളിത്തം എല്ലാ തലങ്ങളിലും ഓട്ടോമേഷൻ നവീകരിക്കാൻ ശ്രമം തുടങ്ങി. നിർമിത ബുദ്ധി എന്ന വിഷയം ആ സമയത്ത് വ്യാപകമായി ഉപയോഗിക്കപ്പെടുകയും നിരവധി എഐ കമ്പനികൾ ആ മേഖലയിൽ അവരുടെ യാത്രയാരംഭിക്കുകയും ചെയ്തു.

അതാണ് ചാറ്റ്ബോട്ട്. ഈ ചാറ്റ്ബോട്ടിനായി കംപ്യൂട്ടർ മെമ്മറിയിൽ എത്രമാത്രം ചോദ്യങ്ങൾ മുൻകൂട്ടി ഫീഡ് ചെയ്യാനാകുമെന്നും വ്യത്യസ്തമായ ചോദ്യങ്ങൾക്ക് ചാറ്റ് ബോക്സിന്റെ സോഫ്റ്റ്വെയറിന് എത്രമാത്രം അപഗ്രഥിക്കാൻ സാധിക്കുമോ എന്നതുമാണ് പ്രധാനമായി ഉയരുന്ന ചോദ്യം.

കംപ്യൂട്ടർ മെമ്മറിയിൽ നേരത്തെ കരുതിവച്ച വൈവിധ്യമാർന്ന ചോദ്യങ്ങളും (ഭാഷകളും വ്യത്യസ്തമായിരിക്കാം) അതിനുള്ള ഉത്തരങ്ങളും (അതായത്, വിശാലമായ എന്തിനെക്കുറിച്ചുമുള്ള വിവരങ്ങൾ) അപഗ്രഥിക്കാനുള്ള അനന്തമായി വിശകലനം ചെയ്യാനുള്ള വലിയ കഴിവും സോഫ്റ്റ് വെയർ ടൂളിനുണ്ടെന്ന സാഹചര്യത്തെക്കുറിച്ച് ചിന്തിക്കുക. സോഫ്റ്റ് വെയറിന് എത്രമാത്രം വൈവിധ്യമുള്ള ചോദ്യങ്ങൾ വിശകലനം ചെയ്യാൻ കഴിയുമെന്നും കംപ്യൂട്ടർ മെമ്മറിയിൽ എത്രമാത്രം വിവരങ്ങൾ ശേഖരിച്ചുവയ്ക്കാൻ കഴിയുമെന്നും അവസാനമായി സോഫ്റ്റ്വെയർ ടൂളിന് അഥവാ സെർച്ച് എഞ്ചിന് വിവരങ്ങളുടെ സമുദ്രത്തിൽ നിന്ന് എത്രമാത്രം വേഗത്തിൽ ആവശ്യമുള്ള ഉത്തരം സെർച്ച് ചെയ്തെടുക്കാൻ കഴിയുമെന്നുമുള്ള അളവു സംബന്ധമായ ചോദ്യങ്ങൾ മാത്രമേ പിന്നീട് അവശേഷിക്കുന്നുള്ളൂ.

സെർച്ച് എഞ്ചിൻ എന്നതിൽ പുതിയ കാര്യമൊന്നുമില്ല. അതിവേഗ സെർച്ച് എഞ്ചിനായ ഗൂഗ്ൾ അനുഭവം നമുക്കുണ്ട്. അതിന്റെ വേഗം പലമടങ്ങ് വർധിപ്പിച്ചതാണ് ചാറ്റ്ജിപിടി. എന്നാൽ രണ്ടു ദശകങ്ങൾക്കുള്ളിൽ സോഫ്റ്റ്വെയറിൽ സംഭവിച്ച അനവധി മാറ്റങ്ങൾ (ചോദ്യങ്ങളും അപഗ്രഥിക്കാനും ഉത്തരങ്ങൾ സൂക്ഷിക്കാനുമുള്ള ശേഷിയുടെ കാര്യത്തിൽ) ചാറ്റ്ജിപിടിയിൽ സമന്വയിക്കുന്നുണ്ട്.

ഈ മൂന്നു ഘടകവും ഒറ്റ ചാറ്റ്ബോട്ടിൽ സംഗമിക്കുന്നു എന്നും അതൊരു പ്രത്യേക ഉൽപ്പന്നത്തിലോ പ്രത്യേകതരം വിവരങ്ങളിലോ പരിമിതപ്പെടുന്നില്ല എന്നതാണ് ചാറ്റ്ജിപിടിയിലെ പുതിയ കാര്യം. മാത്രവുമല്ല എന്തിനെക്കുറിച്ചുള്ള വിവരങ്ങളും അതിൽ ലഭ്യമായിരിക്കും. സ്വന്തം ഉപഭോക്താക്കളെ ഏതെങ്കിലും പ്രത്യേക വിഷയത്തിൽ സേവിക്കുന്ന പ്രത്യേക കമ്പനികളാണ് മറ്റു ചാറ്റ്ബോട്ടുകളുടെ ഉടമകൾ. എന്നാൽ ഓപ്പൺഎഐ എന്ന പേരുള്ള കമ്പനിയുടെ ഉടമസ്ഥതയിലുള്ള ചാറ്റ്ജിപിടി ലോകത്തെ ഏതു യൂസറിനും ഏതാവശ്യത്തിനുമുള്ള സേവനം നൽകുന്ന ഒന്നാണ്.

ഒരു യുപിഎസ്സി പരീക്ഷയുടെ ചോദ്യപേപ്പറിന് ചാറ്റ്ജിപിടി ഉത്തരം നൽകിയപ്പോൾ കിട്ടിയത് 54 മാർക്ക്. അതിന് നൂറു മാർക്ക് കിട്ടാതിരിക്കുമ്പോൾ ആ മെഷിൻ പരാജയമാണെന്ന് നമുക്കു വേണമെങ്കിൽ പറയാം. അതേസമയം അമ്പതിൽ കൂടുതൽ മാർക്ക് കിട്ടിയ സ്ഥിതിക്ക് അത് വിജയമാണെന്നും നമുക്ക് പറയാനാകും. അത്തരം വിലയിരുത്തലുകൾ നമ്മൾ അതിനെ എങ്ങനെ കാണുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. കംപ്യൂട്ടറിൽ ശേഖരിച്ചുവച്ച വിവരങ്ങൾ കൂടുതലാണെങ്കിൽ ചാറ്റ്ജിപിടിക്ക് കൂടുതൽ മാർക്ക് വേണമെങ്കിൽ നൂറു മാർക്ക് തന്നെ സ്കോർ ചെയ്യാനാകുമായിരുന്നു എന്നതാണ് കൗതുകകരമായ കാര്യം. കംപ്യൂട്ടറിന്റെ പരിമിതിയോ അതിന്റെ ശേഷിയോ അല്ല, മറച്ച് എത്രമാത്രം വിവരങ്ങൾ അതിന് കൈകാര്യം ചെയ്യാനാവുമെന്നതാണ് പ്രധാന പ്രശ്നം. അതിന് ലേഖനങ്ങളും പ്രബന്ധങ്ങളും പ്രാവീണ്യത്തോടെ തയ്യാറാക്കാനാകും. വിദ്യാർഥികൾ പലരും റിപ്പോർട്ടുകൾക്കും തീസീസിനും മറ്റും അത് ധാരാളമായി ഉപയോഗിക്കുന്നുണ്ട്. സാധ്യതാ പഠനറിപ്പോർട്ടുകൾ തയ്യാറാക്കുന്ന നിരവധി കൺസൾട്ടിങ് സ്ഥാപനങ്ങൾ ഈ ടൂൾ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. ഉദാഹരണത്തിന് പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സ് ഈ മേഖലയിൽ ഒരു ശതകോടി രൂപ നിക്ഷേപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബൈൻ ആന്റ് കമ്പനിയും ഡെലൊയ്റ്റുമൊക്കെ ഈ ടൂൾ തങ്ങളുടെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. ആളുകളുടെ എണ്ണം കുറച്ച് കുറഞ്ഞ ചെലവിലും കുറഞ്ഞ സമയം കൊണ്ടും കാര്യക്ഷമമായ റി

പ്പോർട്ടുകൾ തയ്യാറാക്കാൻ ഇതുവഴി സാധിക്കും. അതുകൊണ്ടുതന്നെ ഓഫീസിലെ നിലവിലുള്ള ഘടന അട്ടിമറിക്കാൻ ഇത് കാരണമാകും. ഉദ്യോഗസ്ഥർക്കും മന്ത്രിമാർക്കും പ്രൈവറ്റ് സെക്രട്ടറിമാർ ആവശ്യമില്ലാത്ത സ്ഥിതി ഉണ്ടായേക്കാം.

## നിർമിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്)

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന സഹജമായ സാങ്കേതിക വിദ്യ ഒന്നു കൊണ്ടു തന്നെ ചാറ്റ്ബോട്ടിന് ശക്തമായ ശേഷി കൈവരുന്നുണ്ട്. 1956ൽ അമേരിക്കൻ ശാസ്ത്രജ്ഞൻ ജോൺ മക്കാർത്തിയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന പേര് ആദ്യമായി അവതരിപ്പിക്കുന്നത്. മനുഷ്യമസ്തിഷ്കം ചെയ്യുന്ന പ്രവൃത്തികൾക്ക് പകരമാകുന്ന ഒരു യന്ത്രമായാണ് അദ്ദേഹമതിനെ നിർവചിച്ചത്. മുതലാളിത്തത്തിന്റെ സുവർണകാലമായതുകൊണ്ടു തന്നെ ആരും അക്കാര്യത്തിൽ ഉത്കണ്ഠപ്പെട്ടിരുന്നില്ല. 1970ൽ ഉയർന്ന പണപ്പെരുപ്പവും തൊഴിലില്ലായ്മയും കുറഞ്ഞ വളർച്ചയും സമ്പദ്ഘടനയ്ക്കുമേൽ നിഴൽ വീഴ്ത്തിയ സാമ്പത്തിക പ്രതിസന്ധിക്കുശേഷം 1980കളിലാണ് ഈ വാക്കിന് കൂടുതൽ പ്രചാരം കൈവന്നത്. ഉൽപ്പാദനങ്ങളുടെയും സേവനത്തിന്റെയും ചെലവു കുറയ്ക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി മുതലാളിത്തം എല്ലാ തലങ്ങളിലും ഓട്ടോമേഷൻ നവീകരിക്കാൻ ശ്രമം തുടങ്ങി. നിർമിത ബുദ്ധി എന്ന വിഷയം ആ സമയത്ത് വ്യാപകമായി ഉപയോഗിക്കപ്പെടുകയും നിരവധി എഐ കമ്പനികൾ ആ മേഖലയിൽ അവരുടെ യാത്രയാരംഭിക്കുകയും ചെയ്തു. മനുഷ്യർ ചെയ്യുന്ന കാര്യങ്ങൾ കംപ്യൂട്ടറിനെക്കൊണ്ട് ചെയ്യിക്കുക എന്നതായി ലക്ഷ്യം. 1983ൽ അമേരിക്കയിലെ ടെക്സസ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ എലെയ്ൻ റിച്ച് രചിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന പുസ്തകത്തിൽ മനുഷ്യൻ ചെയ്യുന്ന കാര്യങ്ങൾ മനുഷ്യനെക്കാൾ നന്നായി കംപ്യൂട്ടർ ചെയ്യുന്നതിനെയാണ് എഐ എന്നതുകൊണ്ട് നിർവചിക്കുന്നത്. 1956ലെ എഐ അല്ല 1983 ലെ എഐ എന്നതും അതല്ല 2010ലെ എഐ എന്നതുകൊണ്ടു തന്നെ ഈ നിർവചനം കൗതുകകരമാണ്. എല്ലായ്പ്പോഴും എഐ ഒരു പടി മുന്നേറി മനുഷ്യൻ ഇന്നു ചെയ്യുന്ന കാര്യങ്ങൾക്ക് യന്ത്രങ്ങൾ പകരമാകുന്നു. എല്ലാ മനുഷ്യരും ശാരീരികവും മാനസികവുമായ തൊഴിൽ ചെയ്യുന്നവരാണെന്നിരിക്കെ എഐ ലക്ഷ്യം വയ്ക്കുന്നത് മാനസിക ഇടപെടലുകൾക്ക് കംപ്യൂട്ടറിനെക്കൊണ്ട് പകരം വയ്ക്കാനാണ്. നേരത്തെ തന്നെ ആർജിച്ച ഡാറ്റയെയും വിവരങ്ങളെയും അറിവുകളെയും ആശ്രയിച്ച് ബുദ്ധിപരമായി തൊഴിലെടുക്കുന്നുണ്ടെങ്കിൽ എഐ ചെയ്യുന്നത് അവയെല്ലാം കംപ്യൂട്ടറിലാക്കി അവയെ പ്രോസസ് ചെയ്യാനുള്ള സാങ്കേതിക വിദ്യ ക്രമാനുഗതമായി വികസിപ്പിച്ചെടുക്കും. ആ പ്രക്രിയ വേഗത്തിലാക്കുക എന്നതായിരിക്കും അതിന്റെ ലക്ഷ്യം. ആ ജ്ഞാനപ്രക്രിയ കംപ്യൂട്ടറുമായി സംയോജിപ്പിക്കുന്നതിനെയാണ് മെഷീൻ ലേണിങ് എന്നു വിശേഷിപ്പിക്കുന്നത്. ഇത് ഏറ്റവും പരിമിതമായ മാനുഷിക ഇടപെടൽ കൊണ്ട് അനുയോജ്യമാക്കിയെടുക്കാം. മെഷീൻ ലേണിങ്ങിന്റെ ഒരു ഉപവർഗമായ ഡീപ് ലേണിങ് എന്നത് മനുഷ്യ മസ്തിഷ്കത്തിന്റെ സ്വഭാവ സവിശേഷതകളെ അനുകരിക്കാൻ ശ്രമിക്കുന്ന വ്യത്യസ്ത തലങ്ങളുള്ള ഒരു ന്യൂട്രൽ നെറ്റ്‌വർക്കാണ്. മസ്തിഷ്കത്തിന്റെ പ്രാവീണ്യത്തിന് ഏറെ അകലെയാണെങ്കിൽപോലും അത് വലിയ അളവിലുള്ള സ്ഥിതിവിവരങ്ങളിൽനിന്ന് 'ജ്ഞാനസമ്പാദന'ത്തിന് ശ്രമിക്കുന്നു. ഡീപ് ലേണിങ് മെഷീന്റെ പ്രാവീണ്യത്തെ പതിന്മടങ്ങ് ശക്തിയുള്ളതാക്കി. നേരത്തെയുള്ള സമീപനം (നിയമങ്ങളെ ആസ്പദമാക്കിയുള്ളത്)കംപ്യൂട്ടറുകൾക്ക് ഒരു തീരുമാനത്തിലെത്താനുള്ള ചില നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. ഒരു കംപ്യൂട്ടറിനോട് ഒരു പൂച്ചയെ തിരിച്ചറിയാൻ പറയുന്നതായി സങ്കൽപ്പിക്കുക. നിയമത്തെ ആസ്പദമാക്കിയുള്ള സമീപനത്തിൽ

> 2008ൽ ഉണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധി വീണ്ടും ഓട്ടോമേഷനിൽ ശ്രദ്ധയൂന്നാൻ മുതലാളിത്ത ലോകത്തെ പ്രേരിപ്പിച്ചു. തൊട്ടടുത്ത ദശകത്തിൽ ഡാറ്റ പ്രൊസസിങ്ങിൽ വൻതോതിലുള്ള സാങ്കേതിക വികാസം സംഭവിക്കുകയും അത് പുതിയ എഐ ടൂളുകളുടെ വികാസത്തിലേക്ക് നയിക്കുകയും ചെയ്തു. 2012ൽ ന്യൂട്രൽ നെറ്റ്‌വർക്കുകളിലെ ഡീപ് ലേണിങ് സംവിധാനങ്ങളിൽ വഴിത്തിരിവുണ്ടായി. അതാണ് എഐ വിപ്ലവത്തിന് കാരണമായത്. അതുവഴിയാണ് ചാറ്റ്ജിപിടി ലോകത്ത് അവതരിക്കപ്പെട്ടത്.



**എഐയുടെ തീവ്രമായ വികസനത്തെക്കുറിച്ച് മഹാനായ ആസ്ട്രോഫിസിസിസ്റ്റ് സ്റ്റീഫൻ ഹോക്കിങ് പറഞ്ഞത് ഇങ്ങനെയാണ്: "എഐയുടെ തീവ്രമായ വികസനം മനുഷ്യരാശിയുടെ അന്ത്യത്തിന് തന്നെ കാരണമായേക്കാം." നിർമിതി ബുദ്ധിയുടെ വളർച്ചയിൽ മനുഷ്യ സമൂഹത്തിന് അതിജീവിക്കാനാകുമോ?**

കംപ്യൂട്ടറിൽ ഫീഡ് ചെയ്യപ്പെടുന്ന നിയമങ്ങളെ ആണ് ആണ് അത് ആശ്രയിക്കുക. അതായത് രണ്ടു ത്രികോണങ്ങൾ ഒരു വൃത്തത്തിന് മീതെ വന്നാൽ അത് ഒരു പൂച്ചയായി തിരിച്ചറിയപ്പെടും. ന്യൂട്രൽ അധിഷ്ഠിത സമീപനത്തിൽ പൂച്ചയുടെയും പൂച്ച അല്ലാത്തവയുടെയും ദശലക്ഷക്കണക്കിന് ചിത്രങ്ങൾ കംപ്യൂട്ടറിൽ ഫീഡ് ചെയ്തിട്ടുണ്ടാകും. ഈ അറിവിൽ നിന്നാണ് അത് പൂച്ചയാണോ പൂച്ച യല്ലയോ എന്ന് കംപ്യൂട്ടറിന് തിരിച്ചറിയാനാകുക.

2008ൽ ഉണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധി വീണ്ടും ഓട്ടോമേഷനിൽ ശ്രദ്ധയൂന്നാൻ മുതലാളിത്ത ലോകത്തെ പ്രേരിപ്പിച്ചു. തൊട്ടടുത്ത ദശകത്തിൽ ഡാറ്റ പ്രൊസസിങ്ങിൽ വൻതോതിലുള്ള സാങ്കേതിക വികാസം സംഭവിക്കുകയും അത് പുതിയ എഐ ടൂളുകളുടെ വികാസത്തിലേക്ക് നയിക്കുകയും ചെയ്തു. 2012ൽ ന്യൂട്രൽ നെറ്റ്വർക്കുകളിലെ ഡീപ് ലേണിങ് സംവിധാനങ്ങളിൽ വഴിത്തിരിവുണ്ടായി. അതാണ് എഐ വിപ്ലവത്തിന് കാരണമായത്. അതുവഴിയാണ് ചാറ്റ്ജിപിടി ലോകത്ത് അവതരിക്കപ്പെട്ടത്.

### വിപ്ലവകരമായ മാറ്റം?

ഡീപ് ലേണിങ്ങിൽ വിദഗ്ധനായ ഒരു ശാസ്ത്രജ്ഞൻ എഐ നവീകരണത്തെ വൈദ്യുതോർജോൽപ്പാദനത്തിന്റെ നവീകരണങ്ങളുമായാണ് താരതമ്യപ്പെടുത്തുന്നത്. മഹാനായ ശാസ്ത്രജ്ഞൻ തോമസ് എഡിസണ് ആണ് വൈദ്യുതി കണ്ടുപിടിച്ചതെങ്കിലും അതിന്റെ പ്രയോഗം വിവിധ മേഖലകളിൽ വിവിധങ്ങളായ നവീകരണങ്ങൾക്ക് വഴിവച്ചു. വൈദ്യുതിയെ മറ്റ് പല കാര്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിച്ചവരാരും എഡിസന്റെ മഹത്വം നേടിക്കൊള്ളണമെന്നില്ല. അതുപോലെ എഐയിൽ ഉണ്ടായ സുപ്രധാന വഴിത്തിരിവിന് കാരണം ജീനിയസ്സുകളായ കുറച്ച് ശാസ്ത്രജ്ഞരാണ്. അത് നിരവധി ശാസ്ത്രജ്ഞരെയും എഞ്ചിനിയർമാരെയും മുന്നോട്ടുവരാൻ പ്രേരിപ്പിച്ചുവെങ്കിലും അവരെല്ലാം മറ്റു മേഖലകളിൽ സാധ്യതകൾ കണ്ടെത്തിയെങ്കിലും ആദ്യ പഥികരെക്കാൾ കഴിവുള്ളവർ ആകണമെന്നില്ല.

### തൂണിലും തുരുമ്പിലും എഐ

ചാറ്റ്ജിപിടി മാത്രമല്ല, എഐയുടെ മറ്റു പല ആപ്ലിക്കേഷനുകളും ഒരു പതിറ്റാണ്ടിൽ ലോകമാകെ കീഴടക്കിയിരിക്കയാണ്. പല ഉൽപ്പാദന പ്രക്രിയയുടെ അവിഭാജ്യ ഘടകമായി അതു മാറിയിരിക്കുന്നു. വാഷിങ് മെഷീൻ, ഫ്രീസർ, മൈക്രോവേവ് തുടങ്ങിയ നിരവധി മെഷീനുകളിൽ എഐ സഹായത്തോടെയുള്ള ഇന്റലിജന്റ് പാർടുകൾ പ്രവർത്തിക്കുന്നു. എഐയുടെ ഏറ്റവും ഉദാത്തമായ കണ്ടെത്തലാണ് ഡ്രൈവറെ ആവശ്യമില്ലാത്ത കാറുകൾ. എഐ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന മൂന്നു കോടി കാറുകൾ ലോകമാകെയുണ്ട്. അവയുടെ എണ്ണം ദിനം പ്രതി വർധിക്കുന്നുമുണ്ട്. ന്യൂട്രൽ നെറ്റ് വർക്കിനെ അടിസ്ഥാനമാക്കിയുള്ള ഡീപ് ലേണിങ് മെത്തേഡ് വികസിപ്പിച്ചെടുത്തതോടെ ദശലക്ഷക്കണക്കിന് റോഡ് മാപ്പുകളും റോഡുകളിൽ ഉണ്ടാകാൻ സാധ്യതയുള്ള സംഭവങ്ങളെക്കുറിച്ചും കാറുകളെ പഠിപ്പിക്കാൻ പര്യാപ്തമായി. ഇത്തരം കാറുകൾ റോഡുകളിൽ നിരവധി അപകടങ്ങൾ സൃഷ്ടിക്കും എന്ന കാര്യത്തിൽ സംശയമൊന്നുമില്ല.

### തൊഴിൽ നഷ്ടം

എഐ സാങ്കേതിക വിദ്യ നിരവധി പേർക്ക് തൊഴിൽ നഷ്ടമുണ്ടാക്കും എന്ന കാര്യം സംശയാതീതമാണ്. ഡ്രൈവറില്ലാത്ത കാറുകളുടെ ഉപയോഗം ഇപ്പോൾ കുറവാണെങ്കിൽ സമീപഭാവിയിൽ അത് വളരെ വർധിക്കാനാണ് സാധ്യത. ഗോൾഡ്മാൻ സാച്ച്സ് ഇക്കണോമിക് റിസർച്ചിന്റെ റിപ്പോർട്ട് പ്രകാരം സ്വയം ഡ്രൈവ് ചെയ്യുന്ന കാറുകളുടെ ഉപയോഗം ഉച്ചസ്ഥായിയിൽ എത്തുമ്പോൾ അമേരിക്കയിലെ ഡ്രൈവർമാരുടെ എണ്ണത്തിൽ മാസത്തിൽ 25,000ന്റെയോ വർഷ

ത്തിൽ 3 ലക്ഷത്തിന്റെയോ കുറവ് വന്നേക്കാം. ഡ്രൈവർ രഹിത കാറുകളെ പ്രോത്സാഹിപ്പിക്കുന്ന ചൈനയിലും ഇതുതന്നെയാകും സ്ഥിതി.

## കൺമുന്നിലുള്ള പ്രതിസന്ധി

എഐയെ ഉപയോഗിച്ച് മുതലാളിത്തത്തിന് അത് ഇപ്പോൾ നേരിടുന്ന പ്രതിസന്ധിയെ ചിലപ്പോൾ മറികടക്കാനാകും. എന്നാൽ വൻതോതിലുള്ള തൊഴിൽ നഷ്ടം വലിയൊരളവിൽ ജനങ്ങളെ ദുരിതത്തിലേക്ക് നയിക്കും. ഭൂരിഭാഗം ജനങ്ങളുടെയും ക്രയശേഷി ഇടിയുന്നതോടെ മുതലാളിത്തത്തിന്റെ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യപ്പെട്ടേക്കാം. അത് മൊത്തം മനുഷ്യരാശിയുടെ പ്രശ്നമായി മാറിയേക്കാം. എഐയുടെ തീവ്രമായ വികസനത്തെക്കുറിച്ച് മഹാനായ ആസ്ട്രോഫിസിസിസ്റ്റ് സ്റ്റീഫൻ ഹോക്കിങ് പറഞ്ഞത് ഇങ്ങനെയാണ്: "എഐയുടെ തീവ്രമായ വികസനം മനുഷ്യരാശിയുടെ അന്ത്യത്തിന് തന്നെ കാരണമായേക്കാം." നിർമിതി ബുദ്ധിയുടെ വളർച്ചയിൽ മനുഷ്യ സമൂഹത്തിന് അതിജീവിക്കാനാകുമോ?

## എന്തു ചെയ്യണം?

ചാറ്റ്ജിപിടിയുടെ ഉപയോഗം മൂലം വെള്ളക്കോളർ ജോലിക്കാരുടെ എണ്ണത്തിൽ കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. 2022 നവംബർ 30ന് ഓപ്പൺ എഐ എന്ന കമ്പനി ഈ ടൂൾ പുറത്തിറക്കിയപ്പോൾ ആ വേർഷന് പേരിട്ടത് ജിപിടി3.5 എന്നാണ്. ലോകമെങ്ങുമുള്ള എഐ ഗവേഷകരിൽ അത് വലിയ ചലനമുണ്ടാക്കി. പലരും സമാനമായ ടൂളുകൾ വികസിപ്പിക്കുന്നതിന് ചാടിവീണു. മൈക്രോസോഫ്റ്റ് അതിന്റെ സെർച്ച് എഞ്ചിനായ ബിംഗ് അടക്കമുള്ള ഉൽപ്പന്നങ്ങളെ ബോട്ടുമായി സംയോജിപ്പിച്ചു. മാസങ്ങൾക്കുള്ളിൽ അതായത് 2023 മാർച്ച് പതിനാലിന് ജിപിടി4 എന്ന വേർഷൻ ലോകത്തിനു മുന്നിലെത്തി. ജിപിടി3.5നെക്കാൾ പത്തിരട്ടി ശേഷിയുണ്ട് ജിപിടി4ന്. എഐയും ഏറ്റവും ആധുനികമായ ചാറ്റ്ജിപിടിയും സർവവ്യാപിയായതോടെ വെള്ളക്കോളർ ജോലി വരുംവർഷം കുറഞ്ഞു കുറഞ്ഞു വരുമെന്ന ഭീതി പടർന്നു. ഈ സാഹചര്യം മനസ്സിലാക്കിയതോടെ ജിപിടി 4നെക്കാൾ ആധുനികമായ എഐ മാതൃകകൾ വികസിപ്പിക്കുന്നതിൽനിന്ന് ആറു മാസത്തേക്ക് പിൻമാറണമെന്നാവശ്യപ്പെട്ട് ശാസ്ത്രജ്ഞരും ബിസിനസ് പ്രമുഖരുമടക്കം ആയിരത്തോളം പേർ തുറന്ന കത്തെഴുതി. ശാസ്ത്രജ്ഞരോടും ബിസിനസ് പ്രമുഖരോടും ഈ ആവശ്യമുന്നയിക്കുന്ന ഈ തുറന്ന കത്തിൽ ഇതിനകം 27,000 പേർ ഒപ്പുവച്ചിട്ടുണ്ട്. കത്തിൽ ഇങ്ങനെ പറയുന്നു: "മനുഷ്യമസ്തിഷ്കവുമായി മത്സരിക്കാൻ പ്രാപ്തിയുള്ള എഐ സംവിധാനങ്ങൾ സമൂഹത്തിനും മനുഷ്യകുലത്തിനും തന്നെ അപകടം സൃഷ്ടിക്കും....ആധുനികമായ എഐ ഭൂമിയിലെ ജീവന്റെ ചരിത്രത്തിൽ ഗാഢമായ മാറ്റം സൃഷ്ടിക്കും.ഒപ്പം തുല്യമായ പരിചരണവും വിഭവങ്ങളുടെ വിനിയോഗവും ഉറപ്പാക്കണം. നിർഭാഗ്യവശാൽ, ഈ തലത്തിലുള്ള ആസൂത്രണവും മാനേജ്മെന്റും നടക്കുന്നില്ല,

......... നമ്മൾ സ്വയം ചോദിക്കുക: നമ്മൾ എല്ലാ ജോലികളും ഓട്ടോമേറ്റ് ചെയ്യണോ .......? ആത്യന്തികമായി നമ്മേക്കാൾ എണ്ണത്തിൽ കവിഞ്ഞു നിൽക്കുന്ന നമ്മേക്കാൾ സാമർഥ്യമുള്ള നമ്മെ കാലഹരണപ്പെട്ടതാക്കുന്ന മനുഷ്യത്വമില്ലാത്ത മനസ്സുകളെ നാം തന്നെ വളർത്തിയെടുക്കണോ? നാഗരികതയ്ക്കുമേലുള്ള നമ്മുടെ നിയന്ത്രണം നഷ്ടപ്പെടുത്തണോ? ......... ശക്തമായ അക സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കണം; അവയുടെ ഫലങ്ങൾ പോസിറ്റീവായിരിക്കുമെന്നും അവയുടെ അപകടസാധ്യതകൾ കൈകാര്യം ചെയ്യാനാകുമെന്നും നമുക്ക് ഉറപ്പും ആത്മവിശ്വാസവുമുണ്ടെങ്കിൽ മാത്രം. അതിനാൽ, GPT4 നേക്കാൾ ശക്തമായ AI സിസ്റ്റങ്ങളുടെ പരിശീലനം കുറഞ്ഞത് 6 മാസത്തേക്കെങ്കിലും താൽക്കാലികമായി നിർത്തിവയ്ക്കാൻ ഞങ്ങൾ എല്ലാ അക ലാബുകളോടും ആവശ്യപ്പെടുന്നു." ടെസ്ലയുടെ സിഇഒയും ട്വിറ്റർ ഉടമയും ഓപ്പൺ എഐയുടെ സഹസ്ഥാപകനുമായ ഇയോൺ മസ്ക്, ആപ്പിൾ സഹസ്ഥാപകൻ സ്റ്റവീ വോസ്നിയാക്, പ്രസിദ്ധ കംപ്യൂട്ടർ ശാസ്ത്രജ്ഞനും കംപ്യൂട്ടർ സയൻസിലെ ഏറ്റവും വലിയ പ്രധാന അവാർഡായ ടൂറിങ് പുരസ്കാര ജേതാവുമായ ജോഷ്വ ബെംഗിയോ തുടങ്ങിയ സാങ്കേതിക പ്രതിഭകളും നിർമിത ബുദ്ധി ഗവേഷകരുമൊക്കയാണ് ഈ തുറന്ന കത്തിൽ ഒപ്പിട്ട പ്രമുഖർ.

നവീനമായ ആശയങ്ങളുള്ള ശാസ്ത്രജ്ഞരും ആ ആശയങ്ങളിൽനിന്ന് ലാഭമുണ്ടാക്കുന്ന ബിസിനസ് പ്രമുഖരും ഒരു ശാസ്ത്ര ഗവേഷണ വികസന പദ്ധതി നിർത്തണമെന്ന് ഇങ്ങനെ ഒരുമിച്ച് ആവശ്യപ്പെടുന്ന അനുഭവം ചരിത്രത്തിൽ തന്നെ സമാനതകൾ ഇല്ലാത്തതാണ്.

## ഇന്ത്യയിൽ നാമെന്ത് ചെയ്യണം?

എഐ ഗവേഷണങ്ങൾ തൽക്കാലത്തേക്ക് നിലയ്ക്കുമോ ഇല്ലയോ എന്നത് മറ്റൊരു വിഷയമാണ്. ഇന്നോ അതോ നാളെയോ ലോകമാകെ വ്യത്യസ്തമായ എഐ ടൂളുകൾ കൊണ്ടു നിറയും എന്ന




**മനുഷ്യമസ്തിഷ്കവുമായി മത്സരിക്കാൻ പ്രാപ്തിയുള്ള എഐ സംവിധാനങ്ങൾ സമൂഹത്തിനും മനുഷ്യകുലത്തിനും തന്നെ അപകടം സൃഷ്ടിക്കും....ആധുനികമായ എഐ ഭൂമിയിലെ ജീവന്റെ ചരിത്രത്തിൽ ഗാഢമായ മാറ്റം സൃഷ്ടിക്കും.ഒപ്പം തുല്യ മായ പരിചരണവും വിഭവങ്ങളുടെ വിനി യോഗവും ഉറപ്പാക്കണം. നിർഭാഗ്യവശാൽ, ഈ തലത്തിലുള്ള ആസൂത്രണവും മാനേജ്മെന്റും നടക്കുന്നില്ല. നമ്മൾ സ്വയം ചോദിക്കുക: നമ്മൾ എല്ലാ ജോലികളും ഓട്ടോമേറ്റ് ചെയ്യണോ ?**

കാര്യത്തിൽ സംശയമേതുമില്ല. എഐയിൽ പ്രധാനമായും മത്സരം ചൈനയും അമേരിക്കയും തമ്മിലാണ്. ഫ്രാൻസ്, കാനഡ, യുഎഇ, മെക്സിക്കോ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളും ഈ മേഖലയിലും പുതിയ സംരംഭങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയിൽ നമുക്ക് എന്താണ് ചെയ്യാനുള്ളത് വ്യത്യസ്ത എഐ ആപ്ലിക്കേഷനുകൾ കൈകാര്യം ചെയ്യാൻ ശേഷിയുള്ള എഐ ശാസ്ത്രജ്ഞരുടെ വലിയൊരു ശേഖരം നമുക്കുണ്ട്. നാമവരെ ഉപയോഗിക്കുമോ? നമ്മൾ ധർമസങ്കടത്തിന്റെ കുപ്പിക്കഴുത്തിലാണ്. 1980കളിൽ വ്യവസായ മേഖലയിൽ കംപ്യൂട്ടറുകൾ വഴി ഓട്ടോമേഷൻ ശക്തിപ്പെട്ടപ്പോൾ നിരവധി പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിരുന്നു. ഉദാഹരണത്തിന് ബാങ്കുകളും റെയിൽവെ റിസർവേഷനും ഇൻഷുറൻസ് മേഖലയുമെല്ലാം കംപ്യൂട്ടറൈസ് ചെയ്തപ്പോൾ പലർക്കും ജോലി നഷ്ടപ്പെട്ടു. പകരമായി പ്രോഗ്രാമർമാരെ നിയമിച്ചു. കോഡിങ്ങും കംപ്യൂട്ടറുമായ ബന്ധപ്പെട്ട കാര്യങ്ങളും കൈകാര്യം ചെയ്ത ഇവർ ഐടി മേഖലയുടെ ഭാഗമായി. ഇന്ന് നിർമിത ബുദ്ധി എല്ലായിടത്തും പ്രയോഗിക്കപ്പെടുന്നു. കോഡുകൾ എങ്ങനെ തയ്യാറാക്കണമെന്ന് എഐ ഇപ്പോൾ പഠിച്ചു വരുകയാണ്. അതിന്റെ ഫലം കോഡിങ് കൈകാര്യം ചെയ്യുന്നവർക്ക് ജോലി ഇല്ലാതാകും. ഒരു കാലത്ത് മറ്റു വ്യവസായങ്ങളിൽ ഓട്ടോമേഷൻ നടപ്പാക്കിയ ഈ വ്യവസായം അതിൽതന്നെ ഓട്ടോമേഷൻ നടപ്പാക്കുന്നതിനെ എങ്ങനെ നേരിടുമെന്ന് അന്വേഷിക്കുകയാണ്. വാസ്തവത്തിൽ ഇന്നത്തെ സമൂഹത്തിൽ ഉൽപ്പാദന ശക്തികളുടെ ബൃഹത്തായ വളർച്ചയെ മെരുക്കാൻ മുതലാളിത്ത സംവിധാനം പ്രതിലോമ സംവിധാനമായി മാറുമ്പോൾ സൃഷ്ടിക്കപ്പെടുന്ന തൊഴിലിന്റെ എണ്ണത്തെക്കാൾ കൂടുതലാണ് നഷ്ടപ്പെടുന്ന തൊഴിലിന്റെ എണ്ണം എന്നു കാണാം. അതിന്റെ ഫലമായി ഓട്ടോമേഷൻ മൂലം തൊഴിൽരഹിതരുടെ എണ്ണം വർധിക്കും. മുതലാളിത്തത്തിന് മൊത്തത്തിൽ ലാഭം വർധിപ്പിക്കണം. ലാഭനിരക്ക് നിലനിർത്താനായി ആളുകളുടെ എണ്ണം കുറയ്ക്കുകയും മിച്ചം കൂട്ടാനായി ഉൽപ്പാദനക്ഷമത വർധിപ്പിക്കുകയും വേണം. തീർച്ചയായും ഓട്ടോമേഷനല്ല, മുതലാളിത്ത അധികാരമാണ് ലാഭത്തിനു വേണ്ടിയുള്ള അത്യാർത്തിയിൽ തൊഴിലിന്റെ ശേഷി വിലപേശി കുറയ്ക്കുന്നത്. ഓട്ടോമേഷനും തൊഴിലും തമ്മിലുള്ള വൈരുധ്യമാണ് മുതലാളിത്ത ലോകം നയിക്കുന്ന ഓട്ടോമേഷനുള്ള പ്രേരണ. ഒരു നൈസർഗിക ചോദനയെമെന്നോണം തൊഴിലാളികൾ ഓട്ടോമേഷനെതിരെ പ്രതിഷേധിച്ചു. ചിലയിടത്ത് സമരം വിജയിച്ചു, ചിലയിടത്ത് പരാജയപ്പെട്ടു. എന്നാൽ നിലവിലുള്ള പ്രത്യേകമായ രൂപത്തിലുള്ളതും നിലവിലുള്ള സെക്ടറുകളിലുള്ളതുമായ തൊഴിലുകളിലേക്ക് ഭാവിയിൽ നിയമനം നടക്കില്ല എന്നുറപ്പാണ്.

ഇവിടെയാണ് നമുക്ക് പൂർത്തിയാക്കാനുള്ള ദൗത്യങ്ങളുള്ളത്. ജനങ്ങളെ കേന്ദ്രസ്ഥാനത്തു കൊണ്ടു വരുന്ന സംവാദങ്ങളുടെ ഖണ്ഡിതമായ ദിശയിലേക്ക് സമൂഹത്തിലെ അധികാര ശക്തികൾ മാറുകയാണെങ്കിൽ എല്ലാ വിധ ഓട്ടോമേഷനുകളും സമഗ്രമായ വികസനത്തിനും സമൂഹത്തിന്റെ വളർച്ചയ്ക്കുമായി വിനിയോഗിക്കാം. മനുഷ്യാധ്വാനം കൊണ്ട് സൃഷ്ടിക്കപ്പെട്ട ബൃഹത്തായ ഉൽപ്പാദനക്ഷമതയും ഉൽപ്പാദനോപകരണങ്ങളും മൊത്തം മനുഷ്യരാശിക്കായി ഉപയോഗിച്ചാൽ അത് ഭാവനാതീതമായ തരത്തിലുള്ള സമൃദ്ധിക്കും ലോകമാകെയുള്ള മനുഷ്യരുടെ ജീവിത നിലവാരം ഉയരുന്നതിന് കാരണമാകും. എന്നാൽ അതൊരുകൂട്ടം ആളുകളുടെ കൈയിൽ അകപ്പെട്ടാൽ ലാഭം കുന്നുകൂട്ടാനുള്ള ഒരു ഉപകരമാകും എന്നതല്ലാതെ സമൂഹത്തെ സേവിക്കാൻ ഉതകില്ല.

ഓട്ടോമേഷന്റെ ഉപയോഗത്തിന്റെ ദിശ തൊഴിൽ സംരക്ഷിക്കാനുതകും വിധം മാറ്റുക എന്നതാകണം തൊഴിലാളികളുടെ ദൗത്യം. അധികാരിവർഗം തൊഴിൽ സമയം കുറയ്ക്കാനും തൊഴിലാളികൾക്കുമേൽ അമിതഭാരം അടിച്ചേൽപ്പിക്കാനുമായിരിക്കും ഓട്ടോമേഷന്റെ ഫലങ്ങൾ ഉപയോഗിക്കുക. അത് ചെറുക്കുന്നതിന് ഓട്ടോമേഷനെ കൂട്ടായ വിവേകത്തിന്റെ നിയന്ത്രണത്തിന് കീഴിൽ കൊണ്ടുവരുക എന്നതാണ് നമുക്കു മുന്നിലുള്ള ദൗത്യം. •

# പാർലമെൻറ് മന്ദിരത്തിലെ ചെങ്കോൽ സ്ഥാപനം ഒരാളുടെ ഗൃഹപ്രവേശന ചടങ്ങായി കാണാനാകില്ല



**കെ എൻ ഗോപിനാഥ്**

ഇന്ത്യൻ പാർലമെൻറ് മന്ദിരത്തിന്റെ ഉദ്ഘാടനം നടത്തിയത് മെയ് 28 നായിരുന്നു. ആ ദിവസം യാദൃശ്ചികമായി തിരഞ്ഞെടുത്തതല്ല. സംഘപരിവാർ അറിഞ്ഞുകൊണ്ട് നിശ്ചയിച്ചതാണ്. മതനിരപേക്ഷ വാദിയായ നെഹ്റുവിനെ സംസ്കരിച്ച ദിനവും, വർഗീയവാദിയായ വി.ഡി.സവർക്കർ ജനിച്ച ദിനവും തെരഞ്ഞെടുത്തത് തികഞ്ഞ രാഷ്ട്രീയ ദുഷ്ടലാക്കോടെയായിരുന്നു എന്ന് വ്യക്തം. മതപരമായ ആചാരങ്ങളോടെ സന്യാസിവര്യൻമാർ പൂജിച്ചു നടത്തിയ ചെങ്കോൽ പാർലമെൻറ് മന്ദിരത്തിൽ സ്ഥാപിക്കാനുള്ള ധൈര്യം പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് എവിടെ നിന്നും പകർന്നു കിട്ടി. അഹിംസാ വാദിയായ, മത മൂല്യങ്ങളെ ഉൾക്കൊണ്ട മഹാത്മാഗാന്ധിയെ വെടിവെച്ചു കൊന്ന, ഹിന്ദുമതത്തിന്റെ വീര്യം വീണ്ടെടുക്കാൻ ഞാനത് ചെയ്തു എന്ന് വിളിച്ചു പറഞ്ഞ, നാഥുറാം വിനായക് ഗോഡ്സെയിൽ നിന്നു തന്നെയാണെന്ന് നിസംശയം പറയാം. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഗൃഹപ്രവേശന ചടങ്ങായിരുന്നെങ്കിൽ നമുക്കിത് പൊറുക്കാമായിരുന്നു. എന്നാൽ പാർലമെൻറ് മന്ദിരമതല്ലല്ലോ. ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും ഭരണഘടനാ സ്ഥാപനവുമല്ലേ. അവിടെയാണ് ഈ അധ:പതനം സംഭവിച്ചത് എന്നോർക്കുമ്പോൾ ഓരോ ഭാരതീയനും തലകുനിക്കേണ്ടി വരുന്നു.



ഇന്ത്യൻ ഭരണഘടനാ അസംബ്ലിയുടെ ആദ്യ യോഗം ചേർന്ന 1947ൽ സാമ്രാജ്യത്വത്തിൽ നിന്നും ജനാധിപത്യ ഇന്ത്യയിലേക്കുള്ള ചരിത്രപരമായ അധികാര കൈമാറ്റം നടന്ന മതനിരപേക്ഷ ഇന്ത്യയുടെ ഭരണഘടനയാൽ ആവേശം കൊള്ളുന്ന പാർലമെന്റ് മന്ദിരത്തെ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വർഗീയ ചിഹ്നങ്ങളുടെയും സ്ഥാപനമാക്കിയ നടപടി തിരുത്തപ്പെടേണ്ടതാണ്. അധികാരത്തിന്റെ മത്തുപിടിച്ച ആർഎസ്എസും ബിജെപിയും ഇനിയൊരിക്കലും പാർലമെൻറ് മന്ദിരത്തിൽ പ്രവേശിക്കപ്പെടാത്ത വിധം ജനങ്ങളുടെ ജനാധിപത്യബോധം ഉണരുന്നതിലൂടെ മാത്രമേ അത് സാധിക്കുകയുള്ളൂ.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽ നിന്നും രാജ്യത്തിന് സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനു വേണ്ടിയുള്ള ദേശാഭിമാന പ്രചോദിതരായ സ്വാതന്ത്ര്യ സമരത്തിൽ വെറും കാഴ്ചക്കാരും പലപ്പോഴും ഒറ്റുകാരും ആയിരുന്നു ആർഎസ്എസ്. മാത്രമല്ല ദേശീയ പ്രസ്ഥാനത്തോട് കടുത്ത അമർഷവും പ്രകടിപ്പിച്ചതായാണ് ചരിത്രം. 'ഇന്ത്യൻ സ്വാതന്ത്ര്യം എന്നാൽ വിദേശീയരെ കെട്ടുകെട്ടിക്കലല്ല എന്നും മറിച്ച് ആഭ്യന്തര ശത്രുക്കളായ മുസ്ലിങ്ങളെയും ക്രിസ്ത്യാനികളെയും കമ്മ്യൂണിസ്റ്റുകാരെയും ഇല്ലാതാക്കുക വഴിയാണ് ഇന്ത്യക്കാരായ ഹിന്ദുക്കൾക്ക് സ്വാതന്ത്ര്യം ഉള്ളൂ' എന്ന് പ്രഖ്യാപിച്ച ഗുരുജി ഗോൾവാൾക്കറുടെ പ്രസ്ഥാനമല്ലേ ആർഎസ്എസ്. ഹിന്ദു മഹാസഭയുടെ നേതാവായിരുന്ന സവർക്കറെ ബ്രിട്ടീഷുകാർ അറസ്റ്റ് ചെയ്തു ജയിലിലടച്ചു എന്നത് ഒരു വസ്തുതയാണ്. വാസ്തവത്തിൽ സവർക്കറുടെ അറസ്റ്റ് ഒരു നാടകമായിരുന്നു. ഒടുവിൽ അദ്ദേഹം ജയിൽ മോചിതനായത് ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ തള്ളിപ്പറഞ്ഞ്, ബ്രിട്ടീഷുകാർക്ക് മാപ്പെഴുതിക്കൊടുത്തിട്ടാണെന്ന സത്യം അവശേഷിക്കുന്നു. ഭീരുവായ സവർക്കറെ വീരനായി ആർഎസ്എസ് സ്ഥാപിക്കാൻ ശ്രമിക്കുന്നു. ഗാന്ധി ഘാതകനെ ദേശീയതയുടെ പ്രതീകമായി വാഴ്ത്താനും ശ്രമം നടക്കുന്നുണ്ട്. പുതിയ പാർലമെൻറ് മന്ദിരത്തിൽ ഗാന്ധി പ്രതിമ മാറ്റി പകരം ഗോഡ്സെ പ്രതിമ വെച്ചിട്ടുണ്ടോ എന്ന് ആർക്കറിയാം. ഭരണഘടനയുടെ സ്ഥാനത്ത് ചെങ്കോൽ സ്ഥാപിച്ച് മോദിജിയും പ്രജകളും എന്ന നിലയിലേക്ക് ഇന്ത്യൻ ജനാധിപത്യത്തെ കുഴിച്ചുമൂടാൻ ശ്രമിക്കുന്നവർ അതിനും മുതിരില്ല എന്ന് എങ്ങനെ കരുതുവാൻ കഴിയും.

കിറ്റ് ഇന്ത്യ പ്രക്ഷോഭത്തിൽ ഇന്ത്യ തിളക്കുമ്പോൾ പ്രക്ഷോഭത്തിനെതിരായി നിലപാടെടുത്ത ആളാണ് സവർക്കർ. ഗാന്ധിജി കൊല്ലപ്പെട്ട കേസിലും സവർക്കർ പ്രതിയായിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ നായകരിൽ, ഇന്ത്യയെ സ്വാതന്ത്ര്യത്തിനുശേഷം നയിക്കാൻ ഗാന്ധിജി തിരഞ്ഞെടുത്ത നേതാവും സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ മുഖ്യ ശില്പിയും പ്രഥമ പ്രധാനമന്ത്രി

യുമായിരുന്ന നെഹ്റുവിനെയും ആർഎസ്എസ് പ്രധാന ശത്രുവായി കണ്ടിരുന്നു. നെഹ്റൂവിയൻ വികസന നയങ്ങളെയും ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങളെയും തമസ്ക്കരിച്ച് ആധുനിക ഇന്ത്യയെ ഹൈന്ദവരുടെ മാത്രം പിതൃ ഭൂമിയാക്കാനും ആഗോള ഉദാരവൽക്കരണ സാമ്പത്തിക നയങ്ങളുടെ പറുദീസ ആക്കാനുമാണ് കഴിഞ്ഞ 9 വർഷമായി മോദി ഭരണം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മോദിയുടെ 'ഈസ് ഓഫ് ഡൂയിങ് ബിസിനസും' ആർഎസ്എസിന്റെ ജാതി വർഗീയതയും പരസ്പരം കൈകോർത്താണ് മുന്നേറുന്നത്. മതത്തിന്റെയും ആചാരങ്ങളുടെയും പൗരോഹിത്യത്തിന്റെയും മറവിൽ മനുഷ്യരെ തടവിലാക്കി മൂലധന ചൂഷണം വ്യാപിപ്പിക്കുന്നതാണ് മോദി ഭരണവും ആർഎസ്എസും ചേർന്ന് രൂപീകരിച്ചിരിക്കുന്ന മോഡേൺ പ്ലാൻ.

അതുകൊണ്ടുതന്നെ ഇന്ത്യയുടെ ചരിത്രത്തെ രാഷ്ട്രീയ ലക്ഷ്യത്തോടെ മതവൽക്കരിക്കാനും സമ്പദ് ഘടനയെ മൂലധന ഇച്ഛയ്ക്കനുസരിച്ച് ഉദാരവൽക്കരിക്കാനുമുള്ള ശ്രമങ്ങളെ തുറന്നു കാട്ടുവാനും ചെറുത്തു തോൽപ്പിക്കുവാനും ജനങ്ങൾ ഒറ്റക്കെട്ടായി രംഗത്തു വരണം. സമ്പത്ത് സൃഷ്ടിക്കുന്ന തൊഴിലാളി വർഗ്ഗവും കർഷക ജനസാമാന്യവും കൂടുതൽ ദൃഢതയോടെ കൈകോർക്കണം. തൊഴിലാളി– കർഷക-ബഹുജന അടിത്തറയിലുള്ള രാഷ്ട്രീയ ധ്രുവീകരണം അനിവാര്യമാണ്.

പുതിയ പാർലമെന്റ് മന്ദിരത്തിൽ സ്പീക്കറുടെ കസേരയ്ക്ക് സമീപം സ്ഥാപിച്ച ചെങ്കോലിന്റെ മഹാത്മ്യമായി കേന്ദ്ര ആഭ്യന്തരമന്ത്രിയും കേന്ദ്രസർക്കാരും, ബിജെപിയും അവരെ പിന്തുണക്കുന്ന മാധ്യമങ്ങളും അവതരിപ്പിച്ച കഥ യാതൊരു തെളിവും ഹാജരാക്കാൻ കഴിയാത്ത കെട്ടുകഥകൾ ആണ്. കർണാടകയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രഭാവം മുതലാക്കാൻ ചെയ്യാവുന്ന മുഴുവൻ പ്രചാരണ തന്ത്രങ്ങളും ആവിഷ്കരിച്ചിട്ടും ബിജെപിക്കേറ്റ പ്രഹരം മറയ്ക്കാൻ വൈകാരികമായ ചില രംഗങ്ങൾ സൃഷ്ടിക്കുകയാണ്. പാർലമെന്റ് മന്ദിരോദ്ഘാടനം രാഷ്ട്രപതിയേയും (വനിതയും പിന്നോക്കക്കാരിയും), ഉപരാഷ്ട്രപതിയേയും അകറ്റിനിർത്തി 'മോദിഷോ' ആക്കിയതിലെ പ്രതിഷേധവുമായി പ്രതിപക്ഷ പാർട്ടികൾ ചടങ്ങ് ബഹിഷ്കരിച്ചതോടെ നരേന്ദ്രമോദിയും ആർഎസ്എസും ആഗ്രഹിച്ചതുപോലെ റേറ്റിംഗ് ഉയരുകയല്ല ചെയ്തത് മറിച്ച് പ്രതിപക്ഷത്തിന്റെ നിലപാടിന് പിന്തുണ വർദ്ധിക്കുകയാണ് ചെയ്തത്. മോദി എഫക്റ്റിൽ പൊതുജനത്തിന് ഷോക്കേൽക്കുകയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്.

രാഷ്ട്രീയമായി വെല്ലുവിളി അഭിമുഖീകരിക്കേണ്ടി വരുമ്പോഴൊക്കെ മതവികാരം ഉണർത്താനും ഇതര മത വിദ്വേഷം ആളിക്കത്തിക്കാനും ബിജെപി സ്ഥിരമായി പ്രയോഗിച്ചുവരുന്ന രാഷ്ട്രീയ കൗശലം തന്നെയാണ് ചെങ്കോൽ തന്ത്രവും. ചെന്നൈയിലെ വുമ്മിഡി ബംഗാരു പെട്ടി ജ്വല്ലറി ഗ്രൂപ്പാണ് ചെങ്കോൽ നിർമ്മിച്ചത്. ആ ചെങ്കോലിന്റെ പൈതൃകം തെരഞ്ഞ് നെഹ്റുവിനെ സന്ദർഭത്തിൽ മതാചാരത്തിന്റെ പ്രതീകമാക്കുവാൻ പുതിയ തിരക്കഥയാണ് ബിജെപി അവതരിപ്പിക്കുന്നത്. ജവഹർലാൽ നെഹ്റുവിന് ചെങ്കോൽ ഉൾപ്പെടെ നിരവധി സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയെല്ലാം അഹമ്മദാബാദ് മ്യൂസിയത്തിന് കൈമാറുകയാണ് നെഹ്റു ചെയ്തത്. നെഹ്റുവിന് ലഭിച്ച ചെങ്കോൽ സമ്മാനം അധികാര കൈമാറ്റത്തിന്റേതായിരുന്നില്ല. എന്നാൽ ആടിനെ പട്ടിയാക്കി പേപ്പട്ടി ആക്കി തല്ലിക്കൊല്ലുന്ന രീതിയാണ് നരേന്ദ്രമോദിയും കൂട്ടരും സ്വന്തം പ്രവൃത്തിയെ ന്യായീകരിക്കാനായി പ്രചരിപ്പിക്കുന്നത്. തമിഴ്നാട്ടിലെ ആർഎസ്എസ് സൈദ്ധാന്തികൻ എസ് ഗുരുമൂർത്തി ഏജന്റായി ചെങ്കോൽ സ്ഥാപനത്തിന് കാർമികത്വം വഹിക്കാൻ ശൈവമഠം മുന്നിലേക്ക് വരുത്തുകയും ചെങ്കോൽ കൈമാറിയ ജ്വല്ലറി ഗ്രൂപ്പ് പിന്നിലേക്ക് വലിയുകയുമായിരുന്നു. കുഴലൂത്ത് മാധ്യമങ്ങളാകട്ടെ മോദി ചെങ്കോൽ ബന്ധം കുറച്ചുകൂടി നിലവാരമുള്ളതാക്കാനും അധികാര കൈമാറ്റത്തിന്റെ പ്രതീകമായി നെഹ്റുവിന് ചെങ്കോൽ കൈമാറിയ ചരിത്രമുണ്ടെന്നും തിരക്കഥയും ഉണ്ടാക്കി. തമിഴ്നാട്ടിൽ നിർമ്മിച്ച സ്വർണ ചെങ്കോൽ രാജ്യത്തെ പ്രധാന ശൈവ സന്യാസി മഠങ്ങളിൽ ഒന്നായ തിരുവാട് തുറൈ ഉപമേധാവി കുമാരസ്വാമി തമ്പുരാൻ നെഹ്റുവിനു സമ്മാനമായി നൽകുകയായിരുന്നു എന്നത് മാത്രമാണ് പുതിയ കഥയിലെ സത്യസന്ധമായ കാര്യം എന്നതിന് തെളിവുകളും ഉണ്ട്.

'നഗ്ന സന്യാസിയുടെ കാലു കഴുകി സായൂജ്യം കൊള്ളാൻ' അനുവാദം വേണമെന്ന് പറഞ്ഞ പ്രസിഡന്റ് ഡോക്ടർ രാജേന്ദ്രപ്രസാദിനോട് രാജി വച്ചിട്ട് പോയാൽ മതിയെന്ന് പറഞ്ഞ ജവഹർലാൽ നെഹ്റുവിനെ പുതിയ തിരക്കഥയിൽ ചെങ്കോലിന്റെ ഉടമസ്ഥാവകാശിയായും മതാചാരങ്ങളുടെ തടവുകാരനായും ചിത്രീകരിക്കുവാനുള്ള ശ്രമം ജാതി വർഗീയതയുടെ പിൻബലത്തിലുള്ളതാണ്. അത്യന്തം അപകടകരമായ വിധം പാഠപുസ്തകങ്ങളിലൂടെ വൈദേശിക ശാസ്ത്ര ശാഖകൾ ഒന്നും പഠിപ്പിക്കേണ്ടതില്ല എന്നും, ഭക്ഷണത്തിന്റെയും, പ്രണയത്തിന്റെയും വസ്ത്രത്തിന്റെയും ദൈവത്തിന്റെയും ആചാരത്തിന്റെയും പേരിലും കലാപങ്ങൾ സൃഷ്ടിച്ച് ബോധപൂർവ്വം 'ഞങ്ങൾ അഴിഞ്ഞാടും. കണ്ണടച്ച് ജീവിച്ചോളണം' എന്നുള്ള ആക്രോശങ്ങൾ മനുഷ്യരുടെ ക്ഷമയെ പരീക്ഷിക്കുന്നതാണ്. ചെങ്കോൽ സ്ഥാപനവും ഈ ഘട്ടത്തിലെ ക്ഷമ പരീക്ഷണം തന്നെയാണ്. തൊഴിലാളി വർഗ്ഗവും കർഷകരും യുവജനങ്ങളും, സ്ത്രീകളും വിദ്യാർത്ഥികളും പ്രതികരിക്കാൻ ഇനിയും വൈകിക്കൂടാ.●

## സ:ബാലന്റെ അമ്മ
## തൊഴിലാളി (കയർ തൊഴിലാളി) യുടെ

# വർഗബോധത്തിന്റെ ഉജ്വല പ്രതീകം

ആനത്തലവട്ടം ആനന്ദൻ

**തൊഴിലാളിയുടെ (കയർ തൊഴിലാളിയുടെ) വർഗ്ഗബോധം, പാർട്ടിനേതാക്കളോടുള്ള സ്നേഹവാത്സല്യം ജയിലിൽ പോകുന്നതിനേക്കാൾ വിലപ്പെട്ടതായി ഞാൻ കരുതുന്നു. സ. ബാലന്റെ അമ്മയെ പോലുള്ള പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് അമ്മമാരുടെ ഊർജ്ജമാണ് കമ്മ്യൂണിസ്റ്റുകാരുടെ കരുത്ത്. ആ അമ്മ ഇന്ന് ജീവിച്ചിരിപ്പില്ല. അവരുടെ ധീരസ്മരണയ്ക്ക് മുന്നിൽ ഒരു പിടി രക്തപുഷ്പങ്ങളർപ്പിക്കുന്നു.**

1975 ജൂൺ 26 സുപ്രഭാതം അതിരാവിലെ ഉറക്കമുണർന്നു. അന്തരീക്ഷമാകെ ശോകമായി മൂടിക്കെട്ടിക്കിടക്കുന്നു. രാജ്യത്ത് എന്തൊ സംഭവിച്ചുവെന്ന് ഒരു തോന്നൽ. എല്ലാവരും ആദരിക്കുന്ന ദേശീയ നേതാക്കന്മാരുടെ ആരുടെയെങ്കിലും മരണം സംഭവിച്ചുവോ? ഒന്നും അറിയില്ല. വർക്കലയിൽ നിന്ന് സ്ഥിരം കിടക്കുന്ന താമസസ്ഥലമായ ആറ്റിങ്ങലിലേക്ക് തിരിച്ചു. സഹയാത്രികരാരും എന്തെങ്കിലും സംഭവിച്ചതായി പറയുന്നില്ല. ആറ്റിങ്ങൽ പോലീസ് സ്റ്റേഷനു എതിർവശത്തുള്ള ഗീതാ ഗാർഡൻസിലാണ് പാർട്ടി പ്രവർത്തനത്തിനു വേണ്ടി താമസം. പോലീസ് സ്റ്റേഷനിൽ ഇരുന്നാൽ








ഞാൻ മുറിയിൽ വരുന്നതും പോകുന്നതും അവർക്കു കാണാൻ കഴിയുന്ന ദൂരം.

ആ താമസസ്ഥലം പാർട്ടി സംസ്ഥാനസെക്രട്ടറിയായിരുന്ന സ:സി.എച്ച്.കണാരൻ, എന്നെ മുഴുവൻ സമയപ്രവർത്തകനായി കണ്ടെത്തി എന്നെ കൊണ്ടെടുപ്പിച്ച് താമസമാക്കിച്ചതാണ്. അവിചാരിതമായ ആ നിയോഗം. ഇനിയൊരിക്കൽ വിശദീകരിക്കാം. പുലർച്ചെ 6 മണിക്ക് ആറ്റിങ്ങലിൽ ബസിറങ്ങി ലോഡ്ജിൽ വന്നു. രണ്ടാംനിലയിൽ റോഡ് സൈഡിലെ 13-ാം നമ്പർ മുറി തുറക്കാൻ പോക്കറ്റിൽ നിന്ന് താക്കോൽ എടുക്കുമ്പോൾ താഴെ ഒരാൾ വന്നു വിളിച്ചിട്ടു ഇറങ്ങി വരാൻ പറഞ്ഞു. താഴെ ഇറങ്ങിയപ്പോൾ മറ്റാരും ശ്രദ്ധിക്കുന്നില്ലെന്ന് മനസ്സിലാക്കിയിട്ടു ചെവിയിൽ പറഞ്ഞു. ഞാൻ




പോലീസുകാരനാണ്, രക്ഷപ്പെടാമെങ്കിൽ രക്ഷപ്പെട്ടോളൂ. എന്റെ കൂടെ മറ്റൊരു പോലീസുകാരൻ കൂടെ ഉണ്ടായിരുന്നു.ഞങ്ങൾ രാത്രി മുഴുവൻ ഇവിടെ സഖാവിനെ കാത്തു കഴിയുകയായിരുന്നു. മറ്റേയാൾ ഇപ്പോൾ ബാത്ത്റൂമിൽ പോയി. സഖാവിനെ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

ഒന്നും പ്രതികരിക്കാതെ തിരിച്ചു റോഡിലിറങ്ങി. ഒരു ബസിൽ കയറി, ഞാൻ കയറുമ്പോൾ എനിക്കറിയുന്ന എന്നെ അറിയുന്ന ഒരു പോലീസുകാരൻ താഴോട്ടിറങ്ങുകയാണ്. എന്നെ കണ്ട് അയാൾ അന്തംവിട്ടു നോക്കുകയാണ്. ഒറ്റയ്ക്കു കയറിപിടിക്കാനുള്ള ധൈര്യം അയാൾ കാട്ടിയില്ല. അപകടം മണത്തറിഞ്ഞ ഞാൻ, 200 വാരെ അകലെ ബസ് എത്തിയപ്പോൾ ഇറങ്ങി. തുടർന്നുള്ള യാത്ര പന്തിയല്ലെന്നു കണ്ട്, വയൽവാരം നടന്നു. തോട്ടയ്ക്കാട്ട് ബന്ധു താമസിക്കുന്ന വീട് ഓർമ്മ വന്നു. പോലീസ് എളുപ്പം എത്തില്ല. രാത്രി 12 മണി വരെ അവിടെയിരുന്നു. ആരുമായും ഒരു ബന്ധവുമില്ല.

അടിയന്തിരാവസ്ഥ, പച്ചമരുന്നോ, അങ്ങാടിമരുന്നോ എന്നറിയില്ല. പത്രത്തിൽ വാർത്തയില്ല. അതേക്കുറിച്ച് ആരും സംസാരിക്കുന്നുമില്ല. 1975 ജൂൺ 12 ന് ബോംബെ ഷൺമുഖാനന്ദ ഹാളിൽ കൂടിയ സിഐടിയു സമ്മേളനത്തിൽ സ:ബിടിആർ അദ്ധ്യക്ഷ പ്രസംഗത്തിൽ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ ഇടയുണ്ട്. ജനങ്ങളുടെ പൗരാവകാശങ്ങളും ജനാധിപത്യാവകാശങ്ങളും അനുവദിച്ചുകൊണ്ട് ഇന്ദിരാഗാന്ധിയുടെ ഭരണം കൊണ്ടുപോകാൻ സാധിക്കില്ല. ജനാധിപത്യത്തിന്റെ മരണമാണ് അടിയന്തരാവസ്ഥയെന്ന് അപ്പോൾ മൂടിക്കെട്ടിയ അന്തരീക്ഷം എന്നെ ഓർമ്മപ്പെടുത്തി.

രാത്രി ഒരു മണിയായപ്പോൾ ഞാൻ നാഷണൽ ഹൈവേയിൽ കയറി. എന്ത് സംഭവിച്ചെന്ന് അറിയാൻ തിരുവനന്തപുരത്തെത്തണം. ഒരു ടാങ്കർ ലോറിയിൽ കയറി രണ്ടു മണിയോടടുപ്പിച്ച് തിരുവനന്തപുരത്ത് എത്തി. ആയുർവേദ കോളേജിനു സമീപം ഒരു ചെറിയ ലോഡ്ജ് ലക്ഷ്മി ഉണ്ടായിരുന്നു. അവിടെ കയറി കിടന്നു. സിപിഐഎം ഡിസി ആഫീസ് അതിനു സമീപത്താണ്. രാവിലെ എഴുന്നേറ്റ് ഡിസി ആഫീസിൽ പോയി വിവരങ്ങൾ അന്വേഷിക്കാൻ, ആഫീസ് പൂട്ടി ഇട്ടിരിക്കുന്നു. അവിടെ താമസക്കാരനായ സ:ജനാർദ്ദനൻ ആശാരിയെ രാത്രി പോലീസ് അറസ്റ്റു ചെയ്തു കൊണ്ടു പോയതായി സമീപവാസി പറഞ്ഞു. ശാന്തി നഗറിലാണ് ദേശാഭിമാനിയുടെ ലേഖകന്റെ ആഫീസ്. അവിടെ എന്തെങ്കിലും വിവരം കാണുമെന്ന് കരുതി നടന്നു. പോകുന്ന വഴിയിൽ ശാന്തിനഗറിലെ 10-ാം നമ്പർ വീടിന്റെ സിറ്റൗട്ടിൽ ഇ.എം.എസ് പത്രം വായിച്ചിരിക്കുന്നു, ആശ്വാസമായി.



സഖാവിന്റെ അടുക്കൽ ചെന്നു, അത്ഭുതത്തോടെ സഖാവ് എന്നെ നോക്കി. ആനന്ദനെ പിടികിട്ടിയില്ല. ഇനി പിടികൊടുക്കരുത്. വീടിനകത്ത് കയറ്റിയിരുത്തി. രാജ്യത്ത് എന്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നതിന്റെ ലഘുവിവരണം നൽകി. ഒളിവിൽ പോകണം. കാട്ടിൽ അല്ല, ജനങ്ങൾക്കിടയിൽ പുറത്തു നിന്നു ചെയ്യതിനേക്കാൾ കൂടുതൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിന് അനുഷ്ഠിക്കേണ്ട പ്രാഥമിക കാര്യങ്ങളൊക്കെ ആ മാർക്സിസ്റ്റ് ആചാര്യൻ എന്നോടു പറഞ്ഞു. ഒളിവു കാലത്ത് സഖാവിന്റെ പേര് ആനന്ദൻ അല്ല.

ഫോണെടുത്ത് സ്റ്റേറ്റ് കമ്മിറ്റി ഓഫീസ് സെക്രട്ടറിയായ ബാലകൃഷ്ണനെ വിളിച്ചു. എന്നെ കൂട്ടിക്കൊണ്ടു പോകാനുള്ള നിർദ്ദേശങ്ങൾ നൽകി. എന്റെ ഒളിവു ജീവിതം ആരംഭിക്കുകയായി. തെളിവിൽ പ്രവർത്തിച്ചതിനേക്കാൾ കൂടുതൽ പ്രവർത്തനം, തൊഴിലാളികളുടെ യോഗങ്ങളും സമരപരിപാടികളും കേരളത്തിലുടനീളം സഞ്ചരിച്ചു നടപ്പാക്കാൻ കഴിഞ്ഞു. അടിയന്തരാവസ്ഥയെ ബ്രേക്ക് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് താലൂക്കാഫീസുകൾ, സെക്രട്ടേറിയറ്റ് പടിക്കൽ, പ്രകടനം നടത്താൻ തൊഴിലാളികളെ തയ്യാറാക്കി. പ്രകടനം നടത്തിയ സ്ഥലങ്ങളിലെല്ലാം കൊടിയ മർദ്ദനമേറ്റുവാങ്ങി.

ഇലകമൺ പഞ്ചായത്ത് ഇടതുപക്ഷ സ്വാധീനമുള്ളതും കയർ തൊഴിലാളി യൂണിയൻ ശക്തവുമായ ഒരു പ്രദേശമാണ്. ആത്മാർത്ഥതയുള്ള സഖാക്കളുടെ നാട്. കയർ തൊഴിലാളികളുടെ ഒരു യോഗം സന്ധ്യാസമയത്ത് എക്സ്. മിലിട്ടറിക്കാരനായ ആന്റണിയുടെ വീട്ടിൽ സഖാക്കൾ വിളിച്ചു ചേർത്തു. 50 ഓളം തൊഴിലാളികൾ യോഗത്തിൽ പങ്കെടുത്തു. യോഗം ആരംഭിച്ച് അര മണിക്കൂർ കഴിഞ്ഞപ്പോൾ ആന്റണി വന്നു അറിയിച്ചു : ഒരു വലിയ വണ്ടി പോലീസ് തൊട്ടടുത്തുള്ള സ്കൂൾ ഗ്രൗണ്ടിൽ വന്നിട്ടുണ്ട്. ആന്റണിയോട് ഞാൻ പറഞ്ഞു ബേജാറാകരുത്. അവർ ചിലപ്പോൾ ചീട്ടുകളിക്കാരെ പിടിക്കാനായിരിക്കും വന്നത്. സഖാവ് ഒന്നുകൂടി നിരീക്ഷിച്ചിട്ട് വരൂ. ആന്റണി പരിഭ്രാന്തനായി വീണ്ടും വന്നു. അല്ല സഖാവേ, അവർക്കെന്തോ വിവരം കിട്ടി വന്നതാണ്. ആന്റണി ആണെങ്കിൽ നല്ല ധീരനായ സഖാവാണ്. തൊഴിലാളികൾ പരിഭ്രാന്തരായി കരയാൻ തുടങ്ങി. അവരുടെ മുന്നിൽ നിന്ന് എന്നെ പോലീസ് കൊണ്ടുപോകുമല്ലോ എന്ന ഭീതി. ഞാൻ അവരോട് ഉപദേശിച്ചു. ഞാൻ ഇവിടെ നിന്ന് രക്ഷപ്പെടും. ഞാൻ പോയി അരമണിക്കൂർ കഴിഞ്ഞേ ഈ മുറിയിൽ നിന്ന് നിങ്ങൾ പുറത്തിറങ്ങാവൂ. യോഗം പിരിയുമ്പോഴാകും പോലീസ് വീട്ടിനുള്ളിൽ കയറുക.

സ:ജനാർദ്ദനൻ കയർ തൊഴിലാളി യൂണിയൻ സെക്രട്ടറിയും നാട്ടുകാർക്കിടയിൽ വലിയ അംഗീകാരമുള്ള സഖാവുമാണ്. ഇതിനകം രക്ഷപ്പെടാനുള്ള മാർഗ്ഗം ഉറപ്പാക്കി. വീടിനു പുറകുവശത്തു മരച്ചീനി ചെടി ഒരാൾ പൊക്കത്തിൽ വളർന്നു നിൽപ്പുണ്ട്. അതിനിടയിലൂടെ നടന്ന് നമുക്ക് മറ്റൊരു കേന്ദ്രത്തിലെത്താം. ഞങ്ങൾ രണ്ടുപേരും



കൂടി നടന്നു. ഒരു വാഹനം കിട്ടി. ഇവിടെ നിന്ന് രക്ഷപ്പെടുന്നതുവരെ സ:ബാലന്റെ അമ്മയും മക്കളും താമസിക്കുന്ന ഒരു വീട്, കുറേക്കൂടി നടന്നാൽ വണ്ടി വരാറാകുന്നതിന് അടുത്ത് ഉണ്ട്. ബാലനെ സഖാവ് അറിയും കയർ സമരത്തിൽ സഖാവിനൊപ്പം ഉണ്ടായിരുന്നു. ഇപ്പോൾ ഗൾഫിലാണ്. അമ്മയും മക്കളും കയർ തൊഴിലാളികളാണ്. ഞങ്ങൾ ബാലന്റെ വീട്ടിലെത്തി. യോഗത്തിൽ പങ്കെടുത്ത തൊഴിലാളികൾ പുറത്തിറങ്ങി. പോലീസ് അകത്തു കയറി അരിച്ചുപെറുക്കി നോക്കി ഒരു തുമ്പും കിട്ടുന്നില്ല. ആന്റണിയെ വല്ലാതെ ഭീഷണിപ്പെടുത്തി. കയർ തൊഴിലാളികളുടെ യോഗമാണ് കൂടിയത്. ഇവിടുള്ള സഖാക്കളാണ് പങ്കെടുത്തത്. ആനന്ദൻ സഖാവ് ഇല്ലായി

രുന്നു എന്ന് തീർത്തും ആന്റണി പറഞ്ഞു.

സാധാരണ എന്നെ കണ്ട വേഷവിധാനത്തിലല്ല ബാലന്റെ അമ്മയും മക്കളും കണ്ടത്. ജനാർദ്ദനൻ അവരോട് പറഞ്ഞു. ഗൾഫിൽ ബാലന്റെ അടുത്തു നിന്ന് വന്ന ആളാണ്. കേൾക്കേണ്ട താമസം തൊട്ടടുത്ത് താമസിക്കുന്ന പെൺമക്കളെയെല്ലാം ഒച്ച വെച്ച് വിളിച്ചു. എടീ.... ഓടി വരുനെടീ.... ബാലന്റെ അടുക്കൽ നിന്ന് ആൾ വന്നിരിക്കുന്നു. മൂന്ന് നാല് പെൺമക്കൾ ഓടിക്കിതച്ചെത്തി. പട പേടിച്ച് ചെന്നിടത്ത് പന്തം കൊളുത്തി പട എന്നപോലെയായി. അവരുടെ ഉൽക്കണ്ഠ ബാലന് കണ്ണിന് അസുഖമായിരുന്നു ആ വിവരമറിയണം. കഷ്ടപ്പെട്ട് അയച്ച പണം ഉപയോഗിച്ച് വാങ്ങിയ വസ്തുവിന്റെ വിവരങ്ങളും ആധാരം സംബന്ധിച്ച വിവരങ്ങളും അവർക്ക് മനസ്സിലാക്കണം. അവരുടെയെല്ലാ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും അസുഖത്തിനും ചികിത്സയുടെ രീതിയുമെല്ലാം ഞാൻ അവർക്ക് ബോദ്ധ്യപ്പെടുന്ന വിധത്തിൽ തന്നെ ബാലന്റെ അടുത്തു നിന്ന് വന്ന ഗൾഫ്കാരനായി വിശദീകരിച്ചു.

ജനാർദ്ദനൻ കൂടെക്കൂടെ പുറത്തിറങ്ങുകയും ചിലരൊക്കെ ഇരുട്ടിൽ വന്ന് ജനാർദ്ദനനോട് കുശലം പറഞ്ഞ് മടങ്ങുകയും ചെയ്യുന്നത് അമ്മയുടെ ശ്രദ്ധയിൽപ്പെട്ടു. അവർ ജനാർദ്ദനനോട് ചോദിക്കുകയുണ്ടായി. നീ എന്തിനാണ് പുറത്തിറങ്ങി ഇരുട്ടിൽ നിന്ന് ചിലർ വരികയും പോവുകയും ചെയ്യുന്നവരോട് അടക്കം പറയുന്നത്. അവരാരും ഇങ്ങോട്ട് കയറി വരുന്നില്ലല്ലോ? ജനാർദ്ദനൻ അവിടെ നിന്ന് രക്ഷപ്പെടാനുള്ള വാഹനം തരപ്പെടുത്താൻ സഖാക്കളെ ഏർപ്പാടു ചെയ്യുന്ന മനസിലാണ്, ഇത് അവർക്ക് മനസ്സിലാകില്ലല്ലോ? പോലീസ് വണ്ടി വീടിനടുത്തുള്ള റോഡിലൂടെ പലപ്രാവശ്യം റോന്തു ചുറ്റി. ഞാൻ സ്ഥലം വിട്ടുപോയിട്ടില്ലെന്ന് പോലീസിന് ഉറപ്പുണ്ട്. വാഹനം ശരിയായി എന്ന് വിവരം കിട്ടി. പുറപ്പെടുന്നതിന് മുമ്പ് പുറത്തുള്ളവരുടെ രഹസ്യനീക്കങ്ങളും ഇരുട്ടിന്റെ മറവിലെ കുശുകുശുപ്പും. എന്തോ പന്തികേട് അമ്മയ്ക്ക് തോന്നി. അവരുടെ സംശയം ബാലന് വല്ലതും സംഭവിച്ചോ അതു പറയാതെ ഒളിച്ചുവയ്ക്കുകയാണോ എന്നായിരുന്നു. ആ സംശയം തീർക്കാതെ പോയാൽ അവരോട് ചെയ്യുന്ന വലിയ പാതകമാണെന്ന് എനിക്ക് തോന്നി.

ഇറങ്ങാൻ നേരത്ത് അമ്മയോട് ഞാൻ പറഞ്ഞു അമ്മയുടെ മുന്നിൽ നിൽക്കുന്നത് കയർ സമരത്തിന് നിങ്ങളോടൊപ്പം നടന്ന ആനന്ദനാണ്. ഞാൻ ഗൾഫിൽ പോയില്ല. ബാലനെ കണ്ടതും ഇതുവരെ പറഞ്ഞതും ജനാർദ്ദനൻ അമ്മ എന്നെ മനസ്സിലാക്കാതിരിക്കാനാണ്. ഞാൻ പോലീസിന് പിടികൊടുക്കാതെ ഒളിവിലാണ്. ഇന്ന് ഒരു മീറ്റിംഗിൽ പങ്കെടുക്കുന്ന വിവരം പോലീസ് അറിഞ്ഞു. അവർ എന്റെ പിന്നാലെ ഉണ്ട്. അമ്മയോടൊപ്പം നടന്ന സമരത്തിൽ പങ്കെടുത്ത ആളാണ് ഞാൻ. ഇതുകേട്ട് തീരുന്നതിന് മുമ്പ് ആ അമ്മ മടങ്ങിപ്പോയ മകളെ വീണ്ടും വിളിച്ചു. ഓടി വരിനെടീ... എന്തിനന്നെല്ലേ ഭക്ഷണം ഒരുക്കാൻ. അതുവരെ മകന്റെ വിഷയങ്ങളെല്ലാം പറഞ്ഞ് കബളിപ്പിച്ച എന്നോട് പുച്ഛവും വെറുപ്പും തോന്നേണ്ട അമ്മ അയ്യോ, മക്കളെ നിന്നെ ഞാൻ മനസ്സിലാക്കിയില്ല. വേഷം കണ്ടിട്ട് ഇനി ഇവിടന്ന് ഭക്ഷണം കഴിച്ചിട്ടേ പോകാവൂ. നിങ്ങൾക്ക് ഇന്ന് ഇനി എങ്ങുനിന്നും ഭക്ഷണം കിട്ടാൻ ഇടയില്ല.

പുറപ്പെടാറായപ്പോൾ ആറേഴ് സഖാക്കൾ കൂടെ എത്തി. അമ്മയോട് കാല് പിടിച്ചു പറഞ്ഞു ഞങ്ങൾക്കെല്ലാം ഭക്ഷണം ഇവിടെ കാണില്ല. അവർ പറഞ്ഞു അര മണിക്കൂർ കൊണ്ട് ഞാൻ നിങ്ങൾക്കെല്ലാവർക്കും ഭക്ഷണം തരാം. ആ സമയത്തിനിടയിൽ അമ്മയും മക്കളും കൂടി ഭക്ഷണമൊരുക്കി. സഖാക്കൾ ധൃതി കൂട്ടി. പക്ഷേ, ആ തൊഴിലാളിയുടെ വർഗ്ഗബോധം പാർട്ടിയോടുള്ള കൂറ് എന്റെ മനസ്സിനെ വല്ലാതെ ഉലച്ചുകളഞ്ഞു. സഖാക്കളോട് ഞാൻ പറഞ്ഞു. പോലീസ് പിടിക്കുന്നെങ്കിൽ പിടിക്കട്ടെ, ജയിലിൽ കിടക്കേണ്ടി വരും. ഈ തൊഴിലാളിയുടെ (കയർ തൊഴിലാളിയുടെ) വർഗ്ഗബോധം, പാർട്ടിനേതാക്കളോടുള്ള സ്നേഹവാത്സല്യം ജയിലിൽ പോകുന്നതിനേക്കാൾ വിലപ്പെട്ടതായി ഞാൻ കരുതുന്നു. ആ അമ്മയെ പോലുള്ള പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് അമ്മമാരുടെ ഊർജ്ജമാണ് കമ്മ്യൂണിസ്റ്റുകാരുടെ കരുത്ത്. ആ അമ്മ ഇന്ന് ജീവിച്ചിരിപ്പില്ല. അവരുടെ ധീരസ്മരണയ്ക്ക് മുന്നിൽ ഒരു പിടി രക്തപുഷ്പങ്ങളർപ്പിക്കുന്നു.•




## കേരള തൊഴിൽവകുപ്പ് സംഘടിപ്പിച്ച

# ലോക തൊഴിൽ സമ്മേളന പ്രഖ്യാപനം

**സാമ്പത്തികവും സാമൂഹികവുമായ നീതിക്കും സമൂഹത്തിന്റെ പൊതുവിലുള്ള പുരോഗതിക്കും വേണ്ടിയുള്ള പോരാട്ടത്തിന്റെ ഒഴിവാക്കാനാവാത്ത ഘടകമാണ് തൊഴിൽ അവകാശങ്ങൾ എന്ന് കോൺക്ലേവ് അംഗീകരിക്കുന്നു. ഐഎൽഒയുടെ ഒരു പ്രധാന ശ്രദ്ധാകേന്ദ്രം എന്ന നിലയിൽ, കഴിഞ്ഞ വർഷങ്ങളിലെ അതിന്റെ പ്രയാണത്തിലുടനീളം ഐഎൽഒയുടെ മൂല്യങ്ങളും തത്വങ്ങളും കേരളം ഉയർത്തിപ്പിടിച്ചിട്ടുണ്ട്.**

സാമ്പത്തികവും സാമൂഹികവുമായ നീതിക്കും സമൂഹത്തിന്റെ പൊതുവിലുള്ള പുരോഗതിക്കും വേണ്ടിയുള്ള പോരാട്ടത്തിന്റെ ഒഴിവാക്കാനാവാത്ത ഘടകമാണ് തൊഴിൽ അവകാശങ്ങൾ എന്ന് കോൺക്ലേവ് അംഗീകരിക്കുന്നു. ഭരണഘടന പ്രകാരം തൊഴിലാളികളുടെ അവകാശങ്ങൾ മൗലികാവകാശമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ തൊഴിലാളികൾ ജീവനോപാധി, ജോലിസ്ഥിരത, അന്തസ്സുള്ള തൊഴിൽ സാഹചര്യങ്ങൾ എന്നീ കാര്യങ്ങളിൽ അപര്യാപ്തതകൾ അഭിമുഖീകരിക്കേണ്ടിവരുന്നു. അന്തസ്സുള്ളതും ആരോഗ്യകരവുമായ തൊഴിൽ സാഹചര്യങ്ങൾ, സാമൂഹിക സുരക്ഷിതത്വം, തൊഴിലപകടം ഇല്ലാതാക്കൽ എന്നിവ നീതിയുക്തമായ ഒരു സമൂഹത്തിന്റെ അവശ്യ ഘടകങ്ങളാണ്.

ഐഎൽഒയുടെ ഒരു പ്രധാന ശ്രദ്ധാകേന്ദ്രം എന്ന നിലയിൽ, കഴിഞ്ഞ വർഷങ്ങളിലെ അതിന്റെ പ്രയാണത്തിലുടനീളം ഐഎൽഒയുടെ മൂല്യങ്ങളും തത്വങ്ങളും കേരളം ഉയർത്തിപ്പിടിച്ചിട്ടുണ്ട്. മൂന്ന് ദിവസങ്ങളിലായി നടന്ന ഇന്റർനാഷണൽ ലേബർ കോൺക്ലേവ് വിവിധ ടെക്നിക്കൽ സെഷനുകളിലൂടെ അറിവും ആശയങ്ങളും മികച്ച പ്രവർത്തനങ്ങളും പങ്കുവയ്ക്കുന്നതിനുള്ള നല്ലൊരു വേദിയായിരുന്നു. കേരള സർക്കാർ ഐഎൽഒയുമായി തുടർന്നും ആഴത്തിലുള്ള സഹകരണം പ്രതീക്ഷിക്കുന്നു.

ഉദ്ഘാടന വേളയിൽ സംസ്ഥാന മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, തൊഴിലാളികളുടെ അവകാശങ്ങൾ കേരളത്തിലെന്നപോലെ എല്ലായിടത്തും പൊതുചർച്ചയുടെ ഭാഗമാകണം. 2025ഓടെ അതിദാരിദ്ര്യം തുടച്ചുനീക്കുമെന്ന് നമ്മൾ പ്രതിജ്ഞയെടുത്തു. ലിംഗവ്യത്യാസം, ജാതി, മതം, സാമൂഹിക വിഭാഗങ്ങൾ എന്നിവ പരിഗണിക്കാതെ എല്ലാ ജനങ്ങളോടുമുള്ള കരുതലും പരിരക്ഷയുമാണ്

# കേരള തൊഴിൽ വകുപ്പ് സംഘടിപ്പിച്ച അന്താരാഷ്ട്ര ലേബർ കോൺക്ലേവ്

തൊഴിൽ വകുപ്പ് ആസൂത്രണ ബോർഡുമായി ചേർന്ന്
ത്രിദിന അന്താരാഷ്ട്ര ലേബർ കോൺക്ലേവ് തലസ്ഥാനത്ത്
സംഘടിപ്പിച്ചു. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള 150
പ്രതിനിധികൾ പങ്കെടുത്തു. കോൺക്ലേവിന്റെ ഉദ്ഘാടനം
മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. മന്ത്രി വി ശി
വൻകുട്ടി അധ്യക്ഷനായി. പുതിയ കാലം തൊഴിൽ രംഗത്തു
ണ്ടാക്കുന്ന വെല്ലുവിളികളെ നേരിടാനും അതിജീവിക്കാനും
തൊഴിലന്വേഷകർക്ക് അവസരം നൽകുന്ന തരത്തിൽ ഫല
പ്രദമായ ഇടപെടലും ആശയങ്ങളും നിർദ്ദേശങ്ങളുമാണ്
കോൺക്ലേവിൽ നിന്ന് സർക്കാർ പ്രതീക്ഷിക്കുന്നതെന്നും
അദ്ദേഹം പറഞ്ഞു. കോൺക്ലേവിനോടനുബന്ധിച്ച് തയ്യാറാ
ക്കിയ തൊഴിൽ ക്ഷേമ രംഗം പ്രത്യേക പതിപ്പിന്റെ പ്രകാശനം
മുഖ്യമന്ത്രി നിർവ്വഹിച്ചു.

കോൺക്ലേവിന്റെ
രണ്ടാം ദിനം തൊ
ഴിലാളികളുടെ
അവകാശങ്ങളും
നിയമനിർമാണ
വും സാമൂഹ്യ സു
രക്ഷയും അനൗപ
ചാരിക തൊഴിൽ
രീതികളിൽനിന്ന്
ഔപചാരിക തൊഴിൽ രീതികളിലേക്കുള്ള മാറ്റവും പ്രശ്ന
ങ്ങളും വിശകലനവും ആഭ്യന്തര കുടിയേറ്റവും കുടിയേറ്റ
തൊഴിലാളികളുടെ അവകാശ സംരക്ഷണവും ഗാർഹിക
തൊഴിലാളികൾ, സ്കീം വർക്കേഴ്സ്. കെയർ വർക്കേഴ്സ്
എന്നി തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമം,
ആധുനിക ജോലി സാധ്യതകളും അതിനനുസൃതമായ നൈ
പുണ്യവികസനവും ഗിഗ് , പ്ലാറ്റ് ഫോം തൊഴിലാളികളുടെ
ക്ഷേമം, ലേബർ സ്ഥിതിവിവരങ്ങൾ എന്നീ വിഷയങ്ങളും
ചർച്ച ചെയ്തു. ഉദ്ഘാടന ചടങ്ങിൽ കൊറിയൻ റിപ്പബ്ലിക്
വിദ്യാഭ്യാസ മന്ത്രി ലിജു ഹോ ഓൺലൈനായിപങ്കെടുത്തു.
ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി
കെ രാമചന്ദ്രൻ, തെലങ്കാന തൊഴിൽമന്ത്രി ചാമകുറ മല്ല
റെഡ്ഡി, ബീഹാർ തൊഴിൽ മന്ത്രി സുരേന്ദ്ര റാം, എളമരം
കരീം എംപി, അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ഇന്ത്യാ
ഹെഡ് സതോഷി സസാക്കി, പ്ലാനിങ് ആൻഡ് ഇക്കണോമി
ക്സ് അഫയേഴ്സ് അഡീ. ചിഫ് സെക്രട്ടറി പുനീത് കുമാർ,
തൊഴിൽ സെക്രട്ടറി അജിത്കുമാർ, ലേബർ കമീഷണർ ഡോ.
കെ വാസുകി, എംപ്ലോയ്മെന്റ് ഡയറക്ടർ വീണ മാധവൻ
എന്നിവരും സംസാരിച്ചു.

കേരളത്തിന്റെ വികസന പാതയെ
വേർതിരിച്ചു നിർത്തുന്നത്. തൊ
ഴിലിന്റെയും അധ്വാനത്തിന്റെയും
ലോകവുമായി ബന്ധപ്പെട്ട എല്ലാ
വരെയും ഉൾക്കൊള്ളുന്ന പാരമ്പ
ര്യത്തിലും മതനിരപേക്ഷ, ജനാ
ധിപത്യ മുന്നേറ്റത്തിലും നമ്മൾ
അഭിമാനിക്കുന്നു. സാമ്പത്തിക
പുരോഗതിയുടെ കാര്യത്തിൽ ഒരു
വ്യക്തിയും പിന്നാക്കം പോകരുത്
എന്നതാണ് നമ്മുടെ ലക്ഷ്യം.

ഗാർഹിക തൊഴിലാളികളുടെ
അവകാശങ്ങൾ സംരക്ഷിക്കുന്ന
തിനുള്ള ഒരു പ്രത്യേക ബില്ലിന്റെ
പൂർത്തീകരണത്തിലേക്ക് കേരള
സർക്കാർ നീങ്ങിക്കൊണ്ടിരിക്കുക
യാണെന്ന് കോൺക്ലേവ് ചൂണ്ടി
ക്കാട്ടി. ഇത് രാജ്യത്തെ ആദ്യത്തെ
ഉദ്യമമാണ്.

നിലവിലുള്ള തൊഴിൽ നിയമ
നിർമ്മാണം 'യുക്തിഭദ്രമാക്കുക'
എന്ന പേരിൽ നാല് ലേബർ
കോഡുകൾ നടപ്പിലാക്കാനുള്ള
ഇന്ത്യാ ഗവൺമെന്റിന്റെ നീക്കം
കോൺക്ലേവ് ചർച്ച ചെയ്തു. ഈ
കോഡുകൾ തൊഴിലാളിയുടെ
പോരാട്ടങ്ങളിലൂടെ നേടിയ
അവകാശങ്ങളെ ചുരുക്കുകയും,
ഇപ്പോൾ തൊഴിലാളികൾക്ക്
അനുകൂലമായ നിരവധി കോടതി
വിധികളെ ഇല്ലാതാക്കുകയും
ചെയ്യും. പാർലമെന്റിൽ കൊണ്ടുവ
രുന്നതിന് മുമ്പ് തൊഴിലാളികളും
തൊഴിലുടമകളും തൊഴിൽ സമ്മേ
ളനങ്ങളിൽ ഇത്തരം കോഡുകൾ
ചർച്ച ചെയ്യുന്നതിന്റെ പ്രാധാന്യം
കോൺക്ലേവ് ഊന്നിപ്പറഞ്ഞു. വ്യാ
വസായിക ബന്ധ കോഡിന്റെ
പരിധിയിൽ നിന്ന് വിവിധ തരത്തി
ലുള്ള തൊഴിലുകൾ ഒഴിവാക്കു
ന്നത് തൊഴിലാളികളിലെ എല്ലാ
വിഭാഗങ്ങൾക്കും നിയമപരമായ
ആശ്വാസം ലഭിക്കാതെയിരി
ക്കുകയും അധ്വാനിക്കുന്ന ജന
ങ്ങൾക്കിടയിൽ സാമൂഹികവും
സാമ്പത്തികവുമായ പ്രശ്നങ്ങൾ
വർദ്ധിപ്പിക്കുകയും ചെയ്യും.

നമ്മുടെ സമ്പദ് വ്യവസ്ഥക ളുടെയും സമൂഹങ്ങളുടെയും പ്രധാന ചാലകങ്ങളിലൊ ന്നാണ് കൂലിയും ശമ്പളവും ലഭിക്കാത്ത പരിചരണ ജോലി. പരിചരണ ജോലികളിൽ സ്ത്രീകളാണ് കൂടുതലും ഏർ പ്പെടുന്നത്. സ്കീം വർക്കർ മാരെയെല്ലാം സന്നദ്ധപ്രവർ ത്തകർ, ഓണററി വർക്കർമാർ, സാമൂഹിക പ്രവർത്തകർ അല്ലെങ്കിൽ ആക്ടിവിസ്റ്റുകൾ എന്നിങ്ങനെ പരിഗണിക്കുന്നു, കൂടാതെ പദവിയുടെയും വരു മാനത്തിന്റെയും അടിസ്ഥാന ത്തിൽ അവർക്ക് കിട്ടേണ്ടത് നിഷേധിക്കുകയും ചെയ്യുന്നു. വിവിധ സർക്കാർ പരിപാടി കളുടെ ഭാഗമായ സ്കീം വർക്കർമാരെയും കമ്മ്യൂണി റ്റി പ്രവർത്തകരെയും ഉടൻ തന്നെ തൊഴിലാളികളായി അംഗീകരിക്കണമെന്നാണ് കോൺക്ലേവിന്റെ കാഴ്ചപ്പാട്. പരിചരണത്തിനും സ്കീം വർക്കർമാർക്കും ന്യായമായ പ്രതിഫലം നൽകുന്നതിനുള്ള ഒരു സംവിധാനം രൂപീകരിക്കേ ണ്ടതിന്റെ ആവശ്യകത വളരെ ക്കാലമായി നിലനിൽക്കുന്ന ഒരു നിർദ്ദേശമാണ്.

പരമ്പരാഗത വ്യവസായ ങ്ങളെ പുതിയ സാങ്കേതിക അടിത്തറയിൽ കൊണ്ടുവ രേണ്ടതിന്റെയും കഠിനവും വിരസവുമായ തൊഴിൽ സാ ഹചര്യങ്ങൾ ഇല്ലാതാക്കേ ണ്ടതിന്റെയും ആവശ്യകത കോൺക്ലേവ് വ്യക്തമാക്കി. പരമ്പരാഗത വ്യവസായങ്ങളി ലെ ആരോഗ്യകരവും അർഹി ക്കുന്ന പ്രതിഫലമുള്ളതുമായ ജോലിക്കുവേണ്ടിയുള്ള തൊഴി ലാളികളുടെ അവകാശങ്ങൾ ക്ക് കോൺക്ലേവ് ഊന്നൽ നൽകി.

ഡിജിറ്റൽ സാങ്കേതിക വി ദ്യകളിലെ സമീപകാല വികാസ ങ്ങൾ പല പരമ്പരാഗത തൊഴിൽ രൂപങ്ങളെ അടിസ്ഥാനപരമായി മാറ്റുകയും പുതിയ രൂപങ്ങൾ സൃ ഷ്ടിക്കുകയും ചെയ്യുന്നു. ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കു ന്നതിനുള്ള ഒരു പാത വികസിപ്പി ക്കുന്നതിനും അവർക്ക് മാന്യമായ തൊഴിൽ സാഹചര്യങ്ങൾ ഉറപ്പാ ക്കുന്നതിനുമായി ഉയർന്നുവരുന്ന ആഗോള നിയന്ത്രണ, ക്ഷേമ ചട്ട ക്കൂട് മനസ്സിലാക്കാൻ ഐഎൽഒ യുമായി കേരളം സഹകരിച്ച് പ്രവർത്തിക്കും. ജോലിയുടെ ഭാ വിക്കായി സ്ഥിരതയുള്ള അഖിലേ ന്ത്യാ ചട്ടക്കൂട് ഉറപ്പുവരുത്തുവാൻ കേരളം ദേശീയ തലത്തിൽ ഈ വിഷയം ഏറ്റെടുക്കും.

ശാസ്ത്രവും സാങ്കേതികവിദ്യ യും അടിത്തറയാക്കി വിജ്ഞാന സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുന്ന തിൽ മാനവ വിഭവശേഷി വികസ നത്തിന്റെ നിർണായക പ്രാധാന്യം

## ബ്രിട്ടീഷ് ട്രേഡ് യൂണിയൻ നേതാവ് അലക്സ് ഗോർഡൻ സിഐടിയു സംസ്ഥാനകമ്മിറ്റി ഓഫീസിൽ

സംസ്ഥാനത്തെ ഇടതു തൊഴിലാളി സംഘടനകളുടെ കരുത്തും പ്ര വർത്തനവും മനസ്സിലാക്കി ബ്രിട്ടനിലെ ട്രേഡ് യൂണിയനായ നാഷണൽ യൂണിയൻ ഓഫ് റെയിൽ മാരി ടൈം ആൻഡ് ട്രാൻസ്പോർട്ട് വർ ക്കേഴ്സ് പ്രസിഡൻറ് അലക്സ് ഗോർഡൻ തിരുവനന്തപുരത്ത്



നടന്ന അന്താരാഷ്ട്ര ലേബർ കോൺക്ലേവിൽ പങ്കെടുക്കാൻ എത്തിയ ഗോർഡൻ സിഐടിയു സംസ്ഥാന കമ്മിറ്റി ഓഫീസ് സന്ദർശിച്ചു. സംഘടനയുടെ പ്രവർത്തനങ്ങളും വിലയിരുത്തി. സംസ്ഥാനത്തെ ഇടതു തൊഴിലാളി സംഘടനകളുടെ ശക്തി വിസ്മയിപ്പിക്കുന്നതാ ണെന്ന് അദ്ദേഹം പറഞ്ഞു. സിഐടിയു സംസ്ഥാന പ്രസിഡൻറ് ആനത്തലവട്ടം ആനന്ദൻ ഗോർഡനെ സ്വീകരിച്ചു. അഖിലേന്ത്യാ വൈസ് പ്രസിഡൻറ് ജെ.മേഴ്സിക്കുട്ടിയമ്മ, സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ കെഎൻ ഗോപിനാഥ്,കെ എസ് സുനിൽ കുമാർ എന്നിവരും ഒപ്പമുണ്ടായി. ബ്രിട്ടനിൽ നിന്ന് വ്യത്യസ്തമായി തൊഴിലാളി സൗഹൃദ അന്തരീക്ഷമാണ് കേരളത്തിൽ ഉള്ളത്. കേരളത്തിലെ സേവന വേതന വ്യവസ്ഥകൾ മികച്ചതായതിനാൽ ജീവിത നിലവാ രവും മെച്ചപ്പെട്ട് നിൽക്കുന്നതായും ഗോർഡൻ പറഞ്ഞു. മെച്ചപ്പെട്ട വേതനമാവശ്യപ്പെട്ട് ഗോർഡൻ ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ ജനുവരിയിൽ നടന്ന പ്രക്ഷോഭത്തിൽ ബ്രിട്ടൻ സ്തംഭിച്ചിരുന്നു.

കോൺക്ലേവ് തിരിച്ചറിയുന്നു. പരമ്പരാഗത തൊഴിൽ വിഭാഗങ്ങളിൽ തൊഴിൽ നൈപുണ്യ ശേഷി ശക്തിപ്പെടുത്തുന്നതിനൊപ്പം, ഇന്റർ ഡിസിപ്ലിനറി പരിജ്ഞാനം വളർത്തിയെടുക്കാനുള്ള ശ്രമങ്ങളും നടത്തേണ്ടതുണ്ട്.

ഓരോ സർക്കാരും കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങളും ഉപജീവന മാർഗ്ഗങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. കൂടാതെ കുടിയേറ്റ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ ആവശ്യങ്ങൾക്കായി അവരുടെ ജോലിസ്ഥലത്ത് നിക്ഷേപം നടത്തുകയും വേണം. ആരോഗ്യ സൗകര്യങ്ങളും മാന്യമായ ഭവനവും ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ സംസ്ഥാനം നൽകണം. കുടിയേറ്റത്തിന്റെയും കുടിയേറ്റ തൊഴിലാളികളുടെയും വിശദാംശങ്ങൾ സ്ഥിരമായ സ്റ്റാറ്റിസ്റ്റിക്കൽ പഠനത്തിന് വിധേയമായിരിക്കണം.

തൊഴിലാളിവർഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനവും പുരോഗതിയും ഉറപ്പാക്കുന്നതിനുള്ള ഒരു ഉപകരണമെന്ന നിലയിൽ വിശ്വസനീയവും ശാസ്ത്രീയവുമായ തൊഴിൽ സ്ഥിതി വിവരക്കണക്കുകളുടെ പ്രാധാന്യം ലേബർ കോൺക്ലേവ് തിരിച്ചറിയുന്നു.

സമ്മേളനം ലോകത്തിലെ വിവിധ ഭാഗങ്ങളിലെ അനുഭവങ്ങളിൽ നിന്നും അന്താരാഷ്ട്ര തൊഴിലാളികൾ തമ്മിലുള്ള ഐക്യദാർഢ്യത്തിൽ നിന്നും പാഠം ഉൾക്കൊള്ളേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി. ഈ കോൺക്ലേവ് തൊഴിലാളികളുടെ അവകാശങ്ങൾക്കും ക്ഷേമത്തിനും വേണ്ടി നിരവധി നയ നിർദ്ദേശങ്ങൾ സംസ്ഥാന–ദേശീയ സർക്കാരുകൾക്കായി തയ്യാറാക്കുന്നതാണ്.




തിരുവനന്തപുരത്ത് നടന്ന ഇന്റർനാഷണൽ ലേബർ കോൺക്ലേവിൽ പങ്കെടുക്കാനെത്തിയ ആമസോൺ ലേബർ യൂണിയന്റെ ഓർഗനൈസിംഗ് കമ്മിറ്റി അംഗവും ന്യൂയോർക്ക് കമ്യൂണിസ്റ്റ് പാർട്ടി നേതാവുമായ സ. ജസ്റ്റിൻ മെദീന സിഐടിയു സംസ്ഥാന കമ്മിറ്റി ഓഫീസ് സന്ദർശിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെഎൻ ഗോപിനാഥ് പൊന്നാട അണിയിച്ചു സ്വീകരിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി സ. സികെ ഹരികൃഷ്ണൻ, സംസ്ഥാന കമ്മിറ്റി അംഗം സ. സിഎസ് അജിത്കുമാർ (ഓഫീസ് സെക്രട്ടറി) ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.

## ആധുനിക അടിമത്തം കൂടുതൽ ഇന്ത്യയിലെന്ന് യുഎൻ

ലോകത്ത് 'ആധുനിക അടിമത്ത'ത്തിലേക്ക് ഏറ്റവും കൂടുതൽ ആളുകൾ തള്ളപ്പെടുന്ന രാജ്യം ഇന്ത്യയെന്ന് ഐക്യരാഷ്ട്ര സംഘടന. നിർബന്ധിത ജോലി, നിർബന്ധിത വിവാഹം തുടങ്ങി വിവിധ രീതികളിലൂടെ 1.1 കോടി ഇന്ത്യക്കാരാണ് 'ആധുനികകാല അടിമകൾ' ആക്കപ്പെട്ടത്. ലോകത്താകെ ഇത്തരം അഞ്ചുകോടി പേരാണുള്ളത്. ഇതിൽ പാതിയും ജി 20 രാഷ്ട്രങ്ങളിലാണെന്നും യുഎന്നിന്റെ അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ഐഎൽഒ) റിപ്പോർട്ടിൽ പറയുന്നു. 2021 അവസാനംവരെ ലോകമെമ്പാടും 2.8 കോടി പേർ നിർബന്ധിത ജോലിയിലേക്കും 2.2 കോടി പേർ നിർബന്ധിത വിവാഹത്തിലേക്കും തള്ളപ്പെട്ടതായി ഐഎൽഒയും ഓസ്ട്രേലിയ ആസ്ഥാനമായ വാക്ക് ഫ്രീയും സംയുക്തമായി നടത്തിയ പഠനം വെളിപ്പെടുത്തി.ലോകത്ത് 160 രാഷ്ട്രത്തിൽ 'ആധുനിക അടിമത്ത'മുണ്ടെന്നാണ് കണക്ക്. ദക്ഷിണ കൊറിയ, എറിട്രിയ, മൗറിടാനിയ, സൗദി അറേബ്യ, തുർക്കി എന്നിവിടങ്ങളിലാണ് ഇത് കൂടുതലായുള്ളത്. 'ആധുനിക അടിമത്തം' രണ്ടായിരത്തി മുപ്പതോടെ അവസാനിപ്പിക്കണമെന്നാണ് ഐഎൽഒയുടെ ലക്ഷ്യം.

# മാധ്യമപ്രവർത്തകർ വിശുദ്ധപശുക്കളല്ല




"ശരിയായ വസ്തുതകളും വിവരങ്ങളും ജനങ്ങളിലേക്കെത്തിച്ച് ജനാധിപത്യത്തിന്റെ നാലാംതൂണാവേണ്ട, ജനാധിപത്യ വ്യവസ്ഥയുടെ നിലനില്പിൽ സുപ്രധാന പങ്ക് വഹിക്കേണ്ട പത്രമാധ്യമങ്ങൾ ഇന്ത്യയിൽ കോർപ്പറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ടിന്റെ കുഴലൂത്തുകരായി അധ:പതിച്ചുപോയിരിക്കുന്നു. കോർപ്പറേറ്റ് മൂലധനത്തിനും വർഗീയതക്കുമെതിരായി നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷത്തെ തകർക്കുകയെന്ന മോഡി അജണ്ടയിലാണ് കേരളത്തിലെ മനോരമയും ഏഷ്യാനെറ്റും ഉൾപ്പെട്ട മാധ്യമകുത്തകകൾ."



കെ.ടി.കുഞ്ഞിക്കണ്ണൻ

സ്വന്തം സ്ഥാപിതതാല്പര്യങ്ങൾക്കനുസൃതമായ രീതിയിൽ വാർത്തകൾ നിർമ്മിക്കുന്നതും വാർത്തകളെ വളച്ചൊടിക്കുന്നതും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പരിധിയിൽപ്പെടുത്തി ഇളവ് നൽകാവുന്ന കുറ്റമല്ല. സാധാരണ പൗരന്മാരുടെ അഭിപ്രായ പ്രകാശന സ്വാതന്ത്ര്യത്തിനപ്പുറം നമ്മുടെ ഭരണഘടന മാധ്യമപ്രവർത്തകർക്ക് വിശേഷിച്ചൊരു സ്വാതന്ത്ര്യവും അനുവദിക്കുന്നില്ല. ആർക്കുമെതിരെ എന്തും വിളിച്ചുപറയാനും നുണക്കഥകൾ മെനയാനുമുള്ള സ്വാതന്ത്ര്യമൊന്നും ആർക്കും നമ്മുടെ ഭരണഘടന അനുവദിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ മാധ്യമപ്രവർത്തകർ വിശുദ്ധപശുക്കളല്ലെന്നും അവരും സാധാരണപൗരന്മാരെപോലെ ഒരു ജനാധിപത്യ സമൂഹത്തിൽ തങ്ങളുടേതായ ജോലി ചെയ്ത് ജീവിക്കുന്നവരാണെന്നുമുള്ളതാണ് സത്യം. മാധ്യമപ്രവർത്തകർ നിഷ്പക്ഷ സ്വതന്ത്ര മാധ്യമപ്രവർത്തനം എന്നൊക്കെ പറയുന്നത് പലപ്പോഴും മാധ്യമങ്ങളുടെ വരേണ്യപക്ഷപാതിത്വത്തെയും കോർപ്പറേറ്റ് താൽപര്യങ്ങളെയും മൂടിവെക്കാനുള്ള കേവലമായ ഭംഗിവാക്കുകൾ മാത്രമാണ്. കോർപ്പറേറ്റ് മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർ തങ്ങളെത്ര സ്വതന്ത്രരും നിഷ്പക്ഷരുമാണെന്ന് സ്വയം അവകാശപ്പെട്ടാലും ഉടമയുടെ താല്പര്യങ്ങൾക്കപ്പുറമുള്ള ഒരു മാധ്യമസ്വാതന്ത്ര്യവും അവരനുഭവിക്കുന്നില്ലായെന്നതാണ് വാസ്തവം.

ശരിയായ വസ്തുതകളും വിവരങ്ങളും ജനങ്ങളിലേക്കെ




**കോർപ്പറേറ്റ് മൂലധനത്തിനും വർഗീയതക്കുമെതിരായി നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷത്തെ തകർക്കുകയെന്ന മോഡി അജണ്ടയിലാണ് കേരളത്തിലെ മനോരമയും ഏഷ്യാനെറ്റും ഉൾപ്പെട്ട മാധ്യമകുത്തകകൾ. ഇടതുപക്ഷത്തിനെതിരായ പ്രചാരണയുദ്ധമാണ് ഈ കോർപ്പറേറ്റ് മാധ്യമങ്ങളുടേത്.**

ത്തിച്ച് ജനാധിപത്യത്തിന്റെ നാലാംതൂണാവേണ്ട, ജനാധിപത്യ വ്യവസ്ഥയുടെ നിലനില്പിൽ സുപ്രധാന പങ്ക് വഹിക്കേണ്ട പത്രമാധ്യമങ്ങൾ ഇന്ത്യയിൽ കോർപ്പറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ടിന്റെ കുഴലൂത്തുകരായി അധ:പതിച്ചു പോയിരിക്കുന്നു. കോർപ്പറേറ്റ് മൂലധനത്തിനും വർഗീയതക്കുമെതിരായി നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷത്തെ തകർക്കുകയെന്ന മോഡി അജണ്ടയിലാണ് കേരളത്തിലെ മനോരമയും ഏഷ്യാനെറ്റും ഉൾപ്പെട്ട മാധ്യമകുത്തകകൾ. ഇടതുപക്ഷത്തിനെതിരായ പ്രചാരണയുദ്ധമാണ് ഈ കോർപ്പറേറ്റ് മാധ്യമങ്ങളുടേത്. കമ്യൂണിസ്റ്റുകാർ അധികാരത്തിൽവന്നാൽ വിഷം കഴിച്ചു മരിച്ചുകളയുമെന്ന് പരസ്യപ്രഖ്യാപനം നടത്തിയ മാമൻമാപ്പിളമാരുടെ തുടർച്ചക്കാരാണ് കേരളത്തിലെ മുഖ്യധാര മാധ്യമങ്ങളും അതിൽ പ്രവർത്തിക്കുന്ന ഭൂരിപക്ഷം ആളുകളും.

മനോരമയും ഏഷ്യാനെറ്റുമെല്ലാം തങ്ങളുടെ കുപ്രസിദ്ധമായ കമ്യൂണിസ്റ്റ് വിരോധത്തിൽ നിന്നാണ് വ്യാജ വാർത്തകൾ സൃഷ്ടിച്ച് എസ്.എഫ്.ഐയെ അപകീർത്തിപ്പെടുത്താനുള്ള കുത്സിത നീക്കം നടത്തിയത്. രാജീവ് ചന്ദ്രശേഖറിന്റ ഉടമസ്ഥതയിലുള്ള ഏഷ്യാനെറ്റ് കെ.എസ്.യുക്കാരനെ കൂട്ടുപിടിച്ച് വ്യാജവാർത്ത പടച്ച് എസ്.എഫ്.ഐയെ അപകീർത്തിപ്പെടുത്തുന്ന പ്രചാരണം അഴിച്ചുവിട്ടു.

ഇപ്പോൾ ആർഷോയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഏഷ്യാനെറ്റ് റിപ്പോർട്ടർക്കെതിരെ എടുത്ത കേസ് വിവാദമാക്കാനാണ് മാധ്യമങ്ങളും സാംസ്കാരിക നായകന്മാരായ സുഹൃത്തുക്കളും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അഖിലയെന്ന റിപ്പോർട്ടർ കെ.എസ്.യു നേതാവ് ആർഷോയ്ക്കെതിരെ ഉന്നയിച്ച ആരോപണം റിപ്പോർട്ട് ചെയ്യുകയായിരുന്നുവെന്ന വാദം വസ്തുതാപരമല്ല. അഖില യഥാർത്ഥത്തിൽ ചെയ്തത് ആരോപണത്തിന്റെ സാധുത പരിശോധിക്കാതെ, കെ.എസ്.യു നേതാവിന്റെ ആരോപണം എന്നുപോലും പറയാതെ, ബ്രേക്കിങ് ന്യൂസ് നൽകുകയായിരുന്നു. താൻ നൽകിയ വാർത്ത വ്യാജമാണെന്ന് ബോധ്യപ്പെട്ടിട്ടും ആ വാർത്ത തിരുത്തി ക്ഷമ ചോദിക്കാൻപോലും തയ്യാറായില്ല എന്നകാര്യം അഖിലയ്ക്കെതിരായ കേസ് മാധ്യമ സ്വാതന്ത്ര്യത്തിനെതിരായ ഭീഷണിയാണെന്ന് പ്രസ്താവനയിറക്കുന്ന ആദരണീയരായ സുഹൃത്തുക്കൾ മനസ്സിലാക്കേണ്ടതുണ്ട്.

ആർഷോയ്ക്കുണ്ടായ വ്യക്തിപരമായ മാനഹാനിയെയും അപമാനത്തെയും മുൻനിർത്തിയാണ് അതിന് കാരണമായ കെ.എസ്.യു നേതാവിനെയും വാർത്ത നൽകിയ ചാനലിനെയും റിപ്പോർട്ടറെയും പ്രതിചേർക്കണമെന്നാവശ്യപ്പെട്ട് അദ്ദേഹം പരാതി നൽകിയത്. അതിൽ കഴമ്പുള്ളതുകൊണ്ടാണല്ലോ പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത്.

ക്യാമ്പസുകളുടെ അരാഷ്ട്രീയവൽക്കരണത്തിനും വർഗീയവൽക്കരണത്തിനുമെതിരെ പൊരുതുന്ന സംഘടനയാണ് എസ്.എഫ്.ഐ. അതിന്റെ പ്രവർത്തകരിൽ ആർക്കെങ്കിലും എന്തെങ്കിലും അപചയങ്ങൾ സംഭവിച്ചുണ്ടാകാം. അത്തരം ഒറ്റപ്പെട്ട ഏതെങ്കിലും സംഭവങ്ങളെ സാമാന്യവൽക്കരിച്ച് നമ്മുടെ രാഷ്ട്രീയ യുവത്വത്തെ തകർത്ത് കളയാമെന്നാരും വ്യാമോഹിക്കേണ്ട. വിദ്യാഭ്യാസത്തിന്റെ കാവിവൽക്കരണത്തിനും കച്ചവടവൽക്കരണത്തിനുമെതിരെ അഖിലേന്ത്യാതലത്തിലും കേരളത്തിലും ശക്തമായ കാമ്പയിനുകൾ നടത്തുന്ന ഇടത്പക്ഷ വിദ്യാർഥി

നേതൃത്വ ശക്തിയാണ് എസ് എഫ് ഐ.

പുതിയ വിദ്യാഭ്യാസനയത്തിനോ അക്കാദമിക് മേഖലയുടെ കാവിവൽക്കരണത്തിനോ എതിരെ എന്തെങ്കിലും നീക്കങ്ങൾ കെ എസ് യു പോലുള്ള വലതുപക്ഷ സംഘടനകൾ നടത്തുന്നുണ്ടോ? അവരുടെ നേതാക്കൾ രാജീവ്ചന്ദ്രശേഖറിന്റെ ചാനലുമായി ചേർന്ന് എസ്.എഫ്. ഐക്കാർക്കെതിരെ വ്യാജ വാർത്തകളുണ്ടാക്കുന്ന കുശിനിപ്പണിയിൽ അഭിരമിക്കുകയല്ലേ. ഇതൊന്നും കാണാതെ കേരളത്തിലെ ക്യാമ്പസുകളിൽ മതനിരപേക്ഷ ജനാധിപത്യ അന്തരീക്ഷത്തെ നിലനിർത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്ന വിദ്യാർത്ഥിപ്രസ്ഥാനത്തെ അപകീർത്തിപ്പെടുത്തുന്നവർ സംഘപരിവാറിന്റെയും വർഗീയശക്തികളുടെയും ഏജൻസി പണിയാണ് അറിഞ്ഞോ അറിയാതെയോ നിർവ്വഹിക്കുന്നത്. രാജീവ് ചന്ദ്രശേഖറിന്റെയും അദ്ദേഹത്തിന്റെ ചാനലിന്റെയും രാഷ്ട്രീയ അജണ്ടയെ കുറിച്ച് അജ്ഞത നടിച്ച് കേവലമായ മാധ്യമസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വാചകമടികൾ ആത്മഹത്യാപരമാണെന്ന് പറയേണ്ടിവരും.

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ വേദികളെല്ലാം എസ്എഫ്ഐയുടെ നിയന്ത്രണത്തിലാണ്. കെഎസ്‌യു, എംഎസ്എഫ്, എബിവിപി, മറ്റ് പിന്തിരിപ്പൻ വർഗീയ സംഘടനകളും ഒരേ കുടക്കീഴിൽ അണിനിരന്നിട്ടും ഈ വിപ്ലവ വിദ്യാർഥി സംഘടനയെ പരാജയപ്പെടുത്താനവർക്കായിട്ടില്ല.

ഇപ്പോൾ എഴുതാത്ത പരീക്ഷ പാസായെന്ന രേഖ ചമച്ചാണ് എറണാകുളം മഹാരാജാസ് കോളേജിലെ പിജി വിദ്യാർഥിയായ എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി പി എം ആർഷോയ്ക്കെതിരെ വിവാദം കത്തിച്ചത്. ഇതിനുപിന്നിൽ വൻ ഗൂഢാലോചനയുണ്ടെന്ന് വ്യക്തമായിരിക്കുകയാണ്. രജിസ്റ്റർ ചെയ്യുകയോ ഫീസ് അടയ്ക്കുകയോ ചെയ്യാത്ത പരീക്ഷ പാസായെന്നാണ് ഓൺലൈനിൽ പ്രസിദ്ധീകരിച്ച ഫലത്തിലുള്ളത്.

മാർച്ചിൽ ഫലം വന്നപ്പോൾ മാർക്കിന്റെ സ്ഥാനത്ത് പൂജ്യമെന്ന് രേഖപ്പെടുത്തിയശേഷം 'പാസ്ഡ്' എന്ന് രേഖപ്പെടുത്തിയത് ബോധപൂർവമാണ്. കൃത്യമായ ഗൂഢാലോചന ഇതിന് പിറകിലുണ്ട്. അത് അന്വേഷിക്കണമെന്ന ആർഷോയുടെ പരാതിയുടെ മുകളിലാണ് രാജീവ് ചന്ദ്രശേഖറിന്റെ ചാനലിലെ മാധ്യമ പ്രവർത്തകക്കെതിരെ കേസെടുത്ത് അന്വേഷണം തുടങ്ങിയിരിക്കുന്നത്.

ക്യാമ്പസുകളെ അരാഷ്ട്രീയമാക്കി ഒറ്റതിരിച്ചുനിർത്തുന്നതിന്റെ ദുരന്തംകൂടിയാണ് ശ്രദ്ധയുടെ മരണമെന്നത് കാണണം . ഇത്തരം ക്യാമ്പസുകൾക്കെതിരെ ഉയർന്നുവരുന്ന വിദ്യാർഥി പ്രതിഷേധത്തിൽനിന്ന് ശ്രദ്ധതിരിച്ചുവിടാനുള്ള ബോധപൂർവമായ ശ്രമമാണ് ഇപ്പോൾ മാധ്യമങ്ങൾ ഏറ്റെടുത്തിരിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. അരാഷ്ട്രീയവൽക്കരണത്തിന്റെ അപ്പോസ്തലന്മാരെ തിരിച്ചറിയണം. എല്ലാ ക്യാമ്പസുകളിലും രാഷ്ട്രീയം അനുവദിച്ചാൽ അത് പഠനാന്തരീക്ഷം വിദ്യാർഥി സൗഹൃദപരമാക്കുന്നതിനെക്കുറിച്ച് നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്ന എസ്എഫ്ഐക്ക് അനുകൂലമാകുമെന്ന തിരിച്ചറിവാണ് വിവാദം സൃഷ്ടിക്കാൻ യുഡിഎഫിനെ പ്രേരിപ്പിക്കുന്നത്. മഹാരാജാസ് കോളേജിലെ പരീക്ഷാഫലത്തിലെ പിഴവിന്റെ പേരിൽ എസ്എഫ്ഐയെയും സിപിഐ എമ്മിനെയും കരിവാരിത്തേക്കാനുള്ള നീക്കത്തിനു പിന്നിൽ രാഷ്ട്രീയ പകപോക്കൽ മാത്രമാണ്.

വ്യാജ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ഉണ്ടാക്കി അധ്യാപക ജോലി നേടിയ സംഭവമുൾപ്പെടെ എസ് എഫ് ഐ യെ കരിവാരിയെറിയാനുള്ള അവസരമാക്കുന്നവരുടെ താല്പര്യം മനസ്സിലാക്കുന്നതേയുള്ളൂ. വ്യക്തിഗത താല്പര്യങ്ങൾക്കായി സംഘടനയെയും സ്ഥാനത്തെയുമൊന്നും ഉപയോഗിക്കുന്നത് ഒരിടതുപക്ഷ രീതിയല്ല. മുമ്പ് എ സ് എഫ് ഐ യിൽ പ്രവർത്തിച്ചിരുന്ന ഒരാൾ ചെയ്യുന്ന തെറ്റിന് എസ് എഫ് ഐ ഉത്തരവാദിയാണെന്നൊക്കെയുള്ള മാധ്യമ പ്രചാരണങ്ങൾ ഇടത്പക്ഷ വിരുദ്ധതയിൽ നിന്നും ഉരുവം ചെയ്യുന്ന വാദങ്ങൾ മാത്രമായേ കാണാൻ കഴിയൂ. ഉന്നത വിദ്യാഭ്യാസമന്ത്രി വ്യക്തമാക്കിയത് പോലെ അന്വേഷിച്ച് വ്യാജസർട്ടിഫിക്കറ്റ് ഉണ്ടാക്കിയവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുക തന്നെ ചെയ്യണം. ക്യാമ്പസുകളെ അരാഷ്ട്രീയ സദാചാര കോൺസെൻട്രേഷൻ ക്യാമ്പുകളാക്കുന്ന വിദ്യാഭ്യാസ കച്ചവടക്കാർക്കെതിരായ സമരമാണ് ശ്രദ്ധയുടെ മരണത്തെത്തുടർന്ന് അമൽജ്യോതി കോളേജിൽ ഉയർന്നുവന്നത്. അതിൽ നിന്ന് ശ്രദ്ധതിരിക്കാനുള്ള ചിലരുടെ ഗൂഢാലോചനയിലാണ് പരീക്ഷയെഴുതാതെ പാസായി എന്നൊക്കെയുള്ള ആർഷോയ്ക്കെതിരായ കെ.എസ്.യു -മാധ്യമനീക്കങ്ങളുണ്ടായത്.●

# അമേരിക്കയുടെ കടമെടുപ്പ് പരിധി




**ശ്രദ്ധിക്കേണ്ട ഒരു വിഷയം കടവുമായി ബന്ധപ്പെട്ട് ഒരു സർക്കാർ എടുക്കുന്ന നയമാണ്. കടമെടുക്കുന്നത് സാധാരണ ജനങ്ങളെ സഹായിക്കാനാണോ രാജ്യത്തിന്റെ ആകെ സാമ്പത്തികനില മെച്ചപ്പെടുത്താനാണോ അതോ കുത്തകകളുടെ താൽപര്യം സംരക്ഷിക്കാനാണോ എന്നതാണ് ശ്രദ്ധിക്കേണ്ടത്. സംസ്ഥാനങ്ങളുടെ കടം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ അതിശക്തമായി ഇടപെടുമ്പോഴും കേന്ദ്രത്തിന്റെ കടം ഉയർന്നുതന്നെയാണ് നിൽക്കുന്നത്.**



**ജോസ്.ടി എബ്രഹാം**

കടപരിധിയും കടമെടുപ്പും ഈ അടുത്ത ദിവസങ്ങളിൽ ഏറ്റവും ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. ലോകമാകെ സാമ്പത്തികവിദഗ്ധരും ഓഹരി കമ്പോളങ്ങളും രാജ്യങ്ങൾ തന്നെയും ഉറ്റുനോക്കിയ ഒരു വിഷയം അമേരിക്കൻ ഫെഡറൽ ഗവൺമെന്റ് അവരുടെ കടപരിധി 2023 ജൂൺ 1ന് മുമ്പ് ഉയർത്താനുള്ള തീരുമാനം എടുക്കുമോ ഇല്ലയോ എന്ന വിഷയമായിരുന്നു. അതിന്റെ വിശദാംശങ്ങൾ പിന്നീട് ചർച്ച ചെയ്യാം. കേരളത്തിൽ ഏറ്റവും ചർച്ച ചെയ്യപ്പെട്ട വിഷയം കേരളത്തിന് കേന്ദ്രം അനുവദിച്ച കടത്തിന്റെ പരിധിയും അതിന്റെ ചില വിശദാംശങ്ങളുമായിരിന്നു.

ഒരു സർക്കാർ കടമെടുക്കുന്നതും വ്യവസായികളും വ്യാപാരികളും കൃഷിക്കാരും കടമെടുക്കുന്നതും വ്യക്തികൾ കടമെടുക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഒരു രാജ്യം കടമെടുത്ത് ആ രാജ്യത്തെ പശ്ചാത്തല സൗകര്യങ്ങളും സാങ്കേതികവിദ്യയും വികസിപ്പിക്കാൻ ഉപയോഗിക്കുമ്പോൾ ആ രാജ്യത്തിന്റെ സാമ്പത്തിക നിലയിൽ വലിയ വളർച്ചയുണ്ടാവുകയും അതിൽ നിന്നും തൊഴിലും സ്വകാര്യ ഉൽപ്പാദനവും എല്ലാം വളരും. അതോടൊപ്പം തന്നെ ആ രാജ്യത്തിനും ലഭിക്കുന്ന നികുതിയിലും വർദ്ധനവുണ്ടാവും. അതുവഴി വരുമാനത്തിലും വലിയ വർദ്ധനവുണ്ടാവുകയും രാജ്യത്തിന് മൊത്തത്തിൽ ഗുണമാവുകയും ചെയ്യും. ഒരു വ്യവസായിയോ വ്യാപാരിയോ കൃഷിക്കാരനോ കടമെടുത്ത് നിക്ഷേപം നടത്തുമ്പോഴും ഇത്തരത്തിൽ സാമ്പത്തിക രംഗത്ത് ഉണർവ്വുണ്ടാവും.

### അമേരിക്കയുടെ കടപരിധി ഉയർത്തൽ

2022ൽ അമേരിക്കയുടെ മൊത്തം ആഭ്യന്തര വരുമാനം (ജി.ഡി.പി) 25.46 ട്രില്യൺ ഡോളറായിരുന്നു. അമേരിക്കൻ സർക്കാരിന് കടമെടുക്കാൻ കഴിയുന്ന പരിധിയായ 31.4 ട്രില്യൺ ഡോളർ 2023 മെയ് മാസത്തോടെ കഴിഞ്ഞു. അതായത് ജി.ഡി.പിയുടെ 124% അമേരിക്ക കടമെടുത്തുകഴിഞ്ഞു. 2023 ജൂൺ 1 മുതൽ അമേരിക്കയുടെ കടമെടുപ്പ് പരിധി ഉയർത്തിയില്ലെങ്കിൽ ഫെഡറൽ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളും നിലയ്ക്കുമായിരുന്നു. കടപരിധി ഉയർത്തണമെങ്കിൽ അമേരിക്കയുടെ ജനപ്രതിനിധിസഭയുടെ അംഗീകാരം വേണം. പ്രസിഡന്റ് ജോ ബൈഡൻ ഡെമോക്രാറ്റിക്

പാർട്ടിക്കാരനാണെങ്കിലും ജനപ്രതിനിധി സഭയിൽ (ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ്സ്) റിപ്പബ്ലിക്കൻ പാർട്ടിക്കാണ് ഭൂരിപക്ഷം. റിപ്പബ്ലിക്കൻ പാർട്ടിയും ഡെമോക്രാറ്റിക് പാർട്ടിയും പൊതുവായി പറഞ്ഞാൽ അമേരിക്കയിലെ ധനാഢ്യരുടെ താൽപര്യമാണ് സരക്ഷിക്കുന്നത്. എങ്കിലും ഡെമോക്രാറ്റിക് പാർട്ടിക്കാർ പൊതുവെ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളെയും തൊഴിലാളികളെയും സഹായിക്കുന്നവരാണ്. എന്നാൽ റിപ്പബ്ലിക്കൻ പാർട്ടി കുത്തകകളുടെ താൽപര്യം സംരക്ഷിക്കുന്നവരാണ്. കടപരിധി ഉയർത്താൻ വേണ്ടി റിപ്പബ്ലിക്കൻ പാർട്ടിക്കാരും ഡെമോക്രാറ്റിക് പാർട്ടിക്കാരും തമ്മിൽ രൂക്ഷമായ തർക്കമുണ്ടായി. അതിന്റെ ഫലമായാണ് പരിധി ഉയർത്തുന്നത് മെയ് മാസം അവസാനം വരെ നീണ്ടുപോയത്. അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനും റിപ്പബ്ലിക്കൻ പാർട്ടിക്കാരനായ ജനപ്രതിനിധി സഭ സ്പീക്കർ കെവിൻ മകാർത്തിയും തമ്മിൽ ദിവസങ്ങൾ നീണ്ട ചർച്ചകൾക്കവസാനമാണ് കടപരിധി ഉയർത്താൻ ഒരു ധാരണയിലെത്തിയത്. കുത്തകകളുടെ നികുതി വർദ്ധിപ്പിക്കാൻ റിപ്പബ്ലിക്കൻ പാർട്ടിക്കാർ സമ്മതം നൽകിയതേയില്ല. എന്നാൽ ഇന്റേർണൽ റവന്യൂ സർവ്വീസ് (ഐ.ആർ.എസ്) വകയിരുത്തലിൽ കുറവു വരുത്താൻ ജോ ബൈഡൻ നിർബന്ധിതനായി. ആരോഗ്യ മേഖലയിലും തൊഴിൽ മേഖലയിലും മറ്റും അടിയന്തിര സഹായം ആവശ്യമുള്ളപ്പോൾ ഇന്റേർണൽ റവന്യൂ സർവ്വീസിലെ പണമാണ് അമേരിക്ക ഉപയോഗിക്കുന്നത്. കോവിഡ് കാലത്ത് അമേരിക്കൻ ഗവൺമെന്റ് ജനങ്ങളെ സഹായിക്കാൻ ഏറ്റവുമധികം ഉപയോഗിച്ചത് ഇന്റേർണൽ റവന്യൂ സർവ്വീസിലെ പണമാണ്. തൊഴിലില്ലാതാകുന്നവർക്ക് സഹായം നൽകാനും ഈ ഫണ്ടിലെ പണമാണ് ഉപയോഗിക്കുന്നത്. അതിൽ കുറവ് വരുത്തുന്നതിനെതിരെ ബെർണി സാന്റേഴ്സിനെ പോലെയുള്ള ഇടതുപക്ഷ റിപ്പബ്ലിക്കൻസ് ശക്തമായി എതിർത്തു. അമേരിക്കൻ ജനപ്രതിനിധി സഭയിൽ കടപരിധി ഉയർത്താനുള്ള ബില്ല് വന്നപ്പോൾ ബർണി സാന്റേഴ്സിനെ പോലെയുള്ളവർ അതിനെതിരായി വോട്ട് ചെയ്യുകയും ചെയ്തു. എങ്കിലും ഭൂരിപക്ഷം പേർ കടപരിധി ഉയർത്താൻ വോട്ട് ചെയ്തതിനാലാണ് അത് പാസ്സായത്.

അമേരിക്കൻ സർക്കാരിന് ബോണ്ടുകളിലൂടെയും മറ്റും കടമെടുക്കാനുള്ള പരിധി നിശ്ചയിച്ചത് 1917ലെ ഒരു ആക്ടിലൂടെയാണ്. ഒന്നാം ലോക മഹായുദ്ധകാലത്താണ് ഇത് തീരുമാനിച്ചത്. അമേരിക്കയുടെ കടപരിധി അനേകം പ്രാവശ്യം ഈ നിയമം വന്നതിനു ശേഷം ഉയർത്തിയിട്ടുണ്ട്. അമേരിക്കയുടെ ജനപ്രതിനിധി സഭയും പ്രസിഡന്റും രണ്ട് പാർട്ടിക്കാരാകുമ്പോൾ പ്രതിസന്ധികളും ഉണ്ടാകാറുണ്ട്. ആ പ്രതിസന്ധി തരണം ചെയ്യാൻ നടക്കുന്ന ചർച്ചയിൽ മിക്കപ്പോഴും കുത്തകകളുടെ താൽപര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വിഷയം കടവുമായി ബന്ധപ്പെട്ട് ഒരു സർക്കാർ എടുക്കുന്ന നയമാണ്. കടമെടുക്കുന്നത് സാധാരണ ജനങ്ങളെ സഹായിക്കാനാണോ രാജ്യത്തിന്റെ ആകെ സാമ്പത്തികനില മെച്ചപ്പെടുത്താനാണോ അതോ കുത്തകകളുടെ താൽപര്യം സംരക്ഷിക്കാനാണോ എന്നതാണ് ശ്രദ്ധിക്കേണ്ടത്.

അമേരിക്കൻ കടമെടുപ്പ് മിക്കപ്പോഴും കുത്തകകളുടെ താൽപര്യം സംരക്ഷിക്കാനാണ്. എന്നാൽ കേരളത്തിന്റെ കടമെടുപ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനും, ആരോഗ്യവിദ്യാഭ്യാസ മേഖലകളുടെ ആവശ്യങ്ങൾ നിറവേറ്റാനും പശ്ചാത്തലസൗകര്യവികസനത്തിനുമാണ്. കടമെടുപ്പിനെക്കുറിച്ചുള്ള ചർച്ചകളിൽ ഈ വ്യത്യസ്തത സമീപനം കൃത്യമായി ഉയർന്നുവരേണ്ടതുണ്ട്.

## കടപരിധി ഏറ്റവും ഉയർന്ന രാജ്യങ്ങൾ

അമേരിക്കയുടെ കടവും കടംമൊത്ത ആഭ്യന്തര വരുമാന അനുപാതവും 124 ശതമാനമാണെന്ന് നാം കണ്ടു. ജപ്പാന്റെ കടം 266 ശതമാനമാണ്. ഗ്രീസ് 206 ശതമാനവും, ഇറ്റലി 156 ശതമാനവും, പോർച്ചുഗൽ 134 ശതമാനവും, സിംഗപ്പൂർ 131 ശതമാനവും, ബഹറിൻ 128 ശതമാനവും, ബെൽജിയം 98.6 ശതമാനവും, ഫ്രാൻസ് 98.1 ശതമാനവുമാണ്.

## കടം : ഇന്ത്യയും സംസ്ഥാനങ്ങളും

202122 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ഡെബ്റ്റ് ജി.ഡി.പി റേഷ്യോ 65 ശതമാനത്തോളമാണ്. കേരളത്തിന്റേത് 37 ശതമാനമാണ്. പഞ്ചാബിന്റേത് 53.3% ഉം രാജസ്ഥാന്റേത് 39.5 % ഉം പശ്ചിമബംഗാളിന്റേത് 34.4 % ഉം ഉത്തർ പ്രദേശിന്റേത് 34.9 % ഉം ആന്ധ്രാപ്രദേശിന്റേത് 32.5 ശതമാനവുമാണ്. സംസ്ഥാനങ്ങളുടെ കടം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ അതിശക്തമായി ഇടപെടുമ്പോഴും കേന്ദ്രത്തിന്റെ കടം ഉയർന്നുതന്നെയാണ് നിൽക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ കടം അത്ര അധികമല്ല എന്ന് കാണാൻ കഴിയും.

കേരളത്തിന്റെ കടത്തെ കുറിച്ച് പല തരത്തിലുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ലോക രാജ്യങ്ങളുടെ കടം ഇന്ത്യയുടെ കടം, മറ്റ് സംസ്ഥാനങ്ങളുടെ കടം, കടം എന്തിന് എടുക്കുന്നു? ഏത് തരത്തിൽ ഉപയോഗിക്കുന്നു, തുടങ്ങിയ വിഷയങ്ങളെല്ലാം പരിഗണിച്ചാൽ മാത്രമേ ആ ചർച്ചയ്ക്ക് ഒരു വ്യക്തതയും ദിശയുമുണ്ടാകൂ എന്ന സൂചിപ്പിക്കാനാണ് ഈ കുറിപ്പ്.



# ഭയം, വിനാശം...

## മോദിഭരണം പത്താം വർഷത്തിൽ

മോദിപ്രഭാവം മങ്ങിത്തുടങ്ങിയെന്ന ആശങ്കയിൽ ബിജെപി സർക്കാർ പത്താം വർഷത്തിലേക്ക്. സർക്കാർ വാർഷികപരിപാടികളിലും പ്രചാരണത്തിലും പ്രധാനമന്ത്രി മോദിമാത്രം നിറഞ്ഞുനിൽക്കുമ്പോഴും ബിജെപിയിൽ അങ്കലാപ്പ് പ്രകടം. മോദി നേരിട്ട് പ്രചാരണം നയിച്ചിട്ടും കർണാടകത്തിൽ ബിജെപിക്ക് 2018നെ അപേക്ഷിച്ച് 38 സീറ്റ് കുറഞ്ഞുവെന്നത് മാത്രമല്ല ഇതിന് കാരണം.

നേരത്തേ നടന്ന തെരഞ്ഞെടുപ്പുകളിൽ ഹിമാചൽപ്രദേശിൽ ബിജെപിക്ക് ഭരണം നഷ്ടപ്പെട്ടു. ത്രിപുരയിൽ ഭരണം നിലനിർത്താനായെങ്കിലും ബിജെപിക്ക് 10 ശതമാനം വോട്ട് കുറഞ്ഞു. മേഘാലയയിൽ രണ്ട് സീറ്റാണ് കിട്ടിയത്. കോൺഗ്രസ് ശക്തമായ മത്സരം നടത്താൻ തയ്യാറാകാതിരുന്ന ഗുജറാത്തിൽ ഭരണം നിലനിർത്താൻ കഴിഞ്ഞുവെന്നത് ബിജെപിക്ക് പുറമേക്കുമാത്രം ആത്മവിശ്വാസം പ്രകടിപ്പിക്കാൻ വക നൽകുന്ന നേട്ടമാണ്. 2019നുശേഷം നടന്ന ഡൽഹി, കേരളം, തമിഴ്നാട്, ബംഗാൾ, പഞ്ചാബ് നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ബിജെപിക്ക് ജയിക്കാനായില്ല. മഹാരാഷ്ട്രയിലും ഹരിയാനയിലും വോട്ടുവിഹിതം വൻതോതിൽ കുറഞ്ഞു. ബിഹാർ കൈയിൽനിന്ന് പോയി.

ബിജെപി ഭരണത്തിലുള്ള മണിപ്പുർ വംശീയ, വർഗീയ കലാപത്തിൽ അമർന്നിരിക്കുന്നു. കേന്ദ്രം പരീക്ഷണങ്ങൾ നടത്തിയ ജമ്മുകശ്മീരിൽ സമാധാനം അകലെയാണ്.

നോട്ടുനിരോധനവും കള്ളപ്പണ വേട്ടയും ദയനീയ പരാജയമായി. കർഷകർക്ക് നൽകിയ ഉറപ്പൊന്നും പാലിച്ചില്ല. കൊട്ടിഘോഷിച്ച് പാസാക്കിയ തൊഴിൽ കോഡുകൾ മരവിപ്പിക്കാനും സർക്കാർ ആലോചിക്കുന്നു.

## തകർന്നടിഞ്ഞ് മാധ്യമ സ്വാതന്ത്ര്യം

മോദി ഭരണത്തിൽ ഇന്ത്യയിലെ മാധ്യമ സ്വാതന്ത്ര്യം കൂപ്പുകുത്തി. ആഗോള മാധ്യമ സ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യ നിലവിൽ 161-ാം സ്ഥാനത്താണ്. 180 രാജ്യങ്ങളുടെ പട്ടികയിൽ 2022ൽ 150-ാം സ്ഥാനത്തായിരുന്നു.

| വർഷം | റാങ്ക് | പോയിന്റ് |
|---|---|---|
| 2014 | 140 | 59.66 |
| 2019 | 140 | 54.33 |
| 2023 | 161 | 36.62 |

## വിശന്ന് വലഞ്ഞ് ഇന്ത്യ

ഇന്ത്യയിൽ ഭക്ഷണം ലഭിക്കാത്തവരുടെ എണ്ണം വൻതോതിൽ വർധിച്ചു. ലോകത്ത്അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളിൽ ഏറ്റവും കൂടുതൽ പട്ടിണിയുള്ളവർ ഇന്ത്യയിലാണ്. കുട്ടികളിലെ പോഷകാഹാര കുറവ്, കുട്ടികൾക്കിടയിലെ പട്ടിണിയുടെ വ്യാപനം എന്നിവ അപകടകരമായ രീതിയിൽ വർധിക്കുന്നു. അയൽരാജ്യങ്ങളായ പാകിസ്ഥാൻ, ശ്രീലങ്ക, ബംഗ്ലാദേശ് തുടങ്ങിയവ ഇന്ത്യയേക്കാളും മെച്ചപ്പെട്ട സ്ഥിതിയിലാണ്. ഗുരുതര പട്ടിണി നിലനിൽക്കുന്ന രാജ്യമായാണ് ഇന്ത്യയെ സൂചിക വിലയിരുത്തുന്നത്. 2014 ൽ 55 സ്ഥാനത്തായിരുന്ന ഇന്ത്യ 2022 ൽ 107 ലേക്ക് താഴ്ന്നു.

| വർഷം | റാങ്ക് | പോയിന്റ് |
|---|---|---|
| 2014 | 55 | 120 |
| 2019 | 102 | 117 |
| 2023 | 107 | 116 |

## പാചകവാതക സബ്സിഡി നിർത്തി



2014നു ശേഷം പാചക വാതക വില മൂന്ന് ഇരട്ടിയോളം വർധിപ്പിച്ചു. ഗാർഹിക പാചക വാതക ഉപയോക്താക്കൾക്ക് നൽകിയിരുന്ന സബ്സിഡി 2020 മുതൽ അവസാനിപ്പിച്ചു. ഇപ്പോൾ മാസംതോറും വില കൂട്ടുകയാണ്.

| | |
|---|---|
| 2014 | 410 രൂപ (സബ്സിഡി റേറ്റ്) |
| 2019 | 493.86 (സബ്സിഡി റേറ്റ്) |
| 2023 മെയ് | 1112.50 |

മൂന്നിരട്ടിയോളം വർധിപ്പിച്ചു

## എണ്ണവില കുത്തനെ കൂട്ടി




ക്രൂഡ് ഓയിൽ വില കുറയുമ്പോഴും കേന്ദ്രസർക്കാർ തീരുവ കൂട്ടി ഇന്ധനവില അടിക്കടി വർധിപ്പിച്ചു. ഡീസൽവില നിയന്ത്രണം എടുത്തുകളഞ്ഞു. മോദി അധികാരത്തിൽ വന്ന 2014 മേയിൽ അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വില ബാരലിന് 93.17 ഡോളറായിരുന്നു. 2023 മെയ് 27ന് വില 75.95 ഡോളറും.

| വർഷം | ക്രൂഡ് ഓയിൽ വില | പെട്രോൾ | ഡീസൽ |
|---|---|---|---|
| 2014 | 93.17 ഡോളർ | 80.11 രൂപ | 66.14 |
| 2019 | 56.99 | 80.32 | 70.44 |
| 2023 മെയ് | 75.95 | 106.31 | 94.77 |

## 1,55,77,000 കോടി കടം

9 വർഷത്തിനിടയിൽ മൊത്തം കടബാധ്യത മൂന്നു മടങ്ങ് വർധിച്ചു. ഇന്ത്യയെ കടത്തിൽ മുക്കി

| വർഷം | കടബാധ്യത |
|---|---|
| 2014 ജൂണിൽ | 54,90,763 കോടി രൂപ |
| 2019 ജൂൺ | 1,01,30,000 കോടി രൂപ |
| 2023 മാർച്ച് | 1,55,77,000 കോടി രൂപ |




## വിദേശ കടം ഇരട്ടിയോളമായി

| | |
|---|---|
| **2014 മെയ്** | 36,900 കോടി ഡോളർ |
| **2023 ഒക്ടോബർ** | 62,300 കോടി ഡോളർ |

## വിലയില്ലാത്ത രൂപ

രൂപയുടെ മൂല്യവും കുത്തനെ ഇടിച്ചു. ഒമ്പതു വർഷത്തിനിടയിൽ ഡോളറുമായുള്ള രൂപയുടെ മൂല്യം 40 ശതമാനം ഇടിഞ്ഞു.

| **വർഷം** | **ഡോളർ രൂപ മൂല്യം** |
|---|---|
| 2014 മെയ് 27 | 58.92 രൂപ |
| 2019 മെയ് 27 | 69.84 രൂപ |
| 2023 മെയ് 27 | 82.56 രൂപ |




തൊഴിലില്ലായ്മ 45 വർഷത്തെ ഏറ്റവും മോശം സ്ഥിതിയിലെത്തി. 201218 -നിടെ 19-29 പ്രായക്കാരിലെ തൊഴിൽരഹിതർ ആറിൽ നിന്ന് 18 ശതമാനമായി ഉയർന്നു.

## രാജ്യം പിന്നോട്ട്

ഒരിക്കൽക്കൂടി മോദി അധികാരത്തിൽ വന്നാൽ അതിൽപ്പരം ഒരു ദുരന്തമുണ്ടാകാനില്ല. വർഗീയവൽക്കരിക്കപ്പെട്ട ഭൂരിപക്ഷത്തിനുവേണ്ടിയാണ് ബിജെപി സർക്കാർ പ്രവർത്തിക്കുന്നത്. ബിജെപി നേതാക്കളും സർക്കാരിലെ ഉന്നതരും മണ്ടത്തരവും വിഡ്ഢിത്തവും പറയുന്നത് കണ്ടും കേട്ട് ചിരിക്കുകയും ട്രോൾ ഉണ്ടാക്കുകയും ചെയ്യവരാണ് നമ്മൾ.എന്നാൽ, ഇതിന്റെയൊക്കെ പിന്നിൽ കൃത്യമായ ആസൂത്രണമുണ്ട്. പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ നടത്തിയ പേക്കൂത്ത് ലോകം കണ്ടതാണ്. ജനാധിപത്യ ധ്വംസനങ്ങൾ നടക്കുന്ന രാജ്യത്ത് നേർക്കുനേർ ഉന്മൂലനത്തിലേക്ക് ഇനി എത്ര ദൂരമെന്നേ അറിയാനുള്ളൂ.

**അമൽ (എഴുത്തുകാരൻ)**

## പ്രധാനമന്ത്രിയുടെ വീഴ്ച



പുൽവാമയിൽ സേനാംഗങ്ങൾ കൊല്ലപ്പെട്ടതിന്റെ പ്രാഥമിക ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണ്. എന്തുകൊണ്ട് വിമാനം നൽകിയില്ല? ദേശീയപാതയിൽ എന്തുകൊണ്ട് സുരക്ഷാപരിശോധന നടത്തിയില്ല? 2500 സേനാംഗങ്ങളെ ഒന്നിച്ചു കൊണ്ടുപോയത് എന്തിന്? 200 കിലോയിലധികം സ്ഫോടകവസ്തുവുമായി ഭീകരന് കാറിൽ കറങ്ങിനടക്കാൻ എങ്ങനെ സാധിച്ചു? സംഭവം നടന്നയുടൻ എന്തുകൊണ്ട് പ്രധാനമന്ത്രിയെ ഫോണിൽ ലഭിച്ചില്ല? ചോദ്യങ്ങൾ ഇപ്പോഴും അവശേഷിക്കുന്നു.

**ശങ്കർ റോയ് ചൗധരി (മുൻ കരസേനാ മേധാവി)**

## പ്രതിയോഗികളെ നേരിടാൻ പെഗാസസ്

രാഷ്ട്രീയ എതിരാളികളെ നേരിടാൻ ഇസ്രയേലിന്റെ ചാര സോഫ്റ്റ്‌വെയറായ പെഗാസസ് ഉപയോഗിച്ചത് രാജ്യത്തെ ലോകത്തിനു മുന്നിൽ നാണംകെടുത്തി. പ്രതിപക്ഷത്തെ കൂടാതെ ബിജെപിയിലെ മോദിയുടെ എതിരാളികളുടെയുംഫോൺ ചോർത്തി. പൗരന്മാരുടെ വിവരങ്ങൾ ചോർത്തിയ രാജ്യങ്ങളിൽ, ഇന്ത്യ ഒഴികെയുള്ള രാജ്യങ്ങളിൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളില്ല. ചാര സോഫ്റ്റ്‌വെയർ ഒരു ഫോണിൽ ഇൻസ്റ്റാൾ ചെയ്യാനായി വാങ്ങുന്നത് അഞ്ച് ലക്ഷം ഡോളറാണ്. ഇതുകൂടാതെ ഫോണിലെ വിവരങ്ങൾ ലഭിക്കാനും കോടികൾ നൽകണം. സംഭവം അന്വേഷിക്കാൻ സുപ്രീംകോടതി നിയമിച്ച സമിതിയുമായി കേന്ദ്ര സർക്കാർ സഹകരിച്ചില്ല. 200 കോടി ആയുധ ഇടപാടിനൊപ്പമാണ് ചാരസോഫ്റ്റ് വെയറായ പെഗാസസ് വാങ്ങിയത്. 2017 മുതൽ 2019വരെയായിരുന്നു ഫോൺ ചോർത്തൽ.



## ശത കോടീശ്വരന്മാർ കൂടി




ഒമ്പത് വർഷത്തെ മോദി ഭരണത്തിൽ ശതകോടീശ്വരന്മാരിൽ (100 കോടി ഡോളറിൽ ഏറെ സമ്പത്തുള്ളവർ) വലിയ വർധനവുണ്ടായി. 2013 ൽ 56 ശതകോടീശ്വരൻമാരാണ് ഇന്ത്യയിൽ ഉണ്ടായിരുന്നത്. 2023ൽ 166 ആയി. അദാനിയുടെ സമ്പത്ത് 3400 ശതമാനം വർധിച്ചു. 2014ൽ 380 കോടി ഡോളർ മാത്രമായിരുന്നു അദാനിയുടെ സമ്പാദ്യം. 2023 ൽ അത് 13,420 കോടി ഡോളറായി.

## മണിപ്പൂരിനെ സംഘർഷ ഭൂമിയാക്കി

വടക്ക് കിഴക്കൻ മേഖലയിൽ സ്വാധീനമുണ്ടാക്കാനുള്ള ബിജെപിയുടെ ശ്രമങ്ങളുടെ പരിണതഫലമാണ് മണിപ്പൂർ കലാപം. സംസ്ഥാനത്തെ പ്രബല വിഭാഗമായ മെയ്തീകളുടെ വോട്ട് നേടാനായി അവർക്ക് പട്ടികവർഗ സംവരണം നൽകാനുള്ള തീരുമാനമാണ് സംഘർഷങ്ങൾക്ക് വഴിതുറന്നത്.

സംസ്ഥാന ജനസംഖ്യയുടെ 53 ശതമാനമാണ് മെയ്തീകൾ. മെയ്തീകൾ ഹിന്ദുകളും, പ്രധാന ഗോത്രവർഗങ്ങളായ കുക്കികളും, നാഗകളും ക്രിസ്ത്യാനികളുമാണ്. ഇവർക്കിടയിൽ ഭിന്നത സൃഷ്ടിച്ച ബിജെപിനിക്കമാണ് സംസ്ഥാനം കത്തിയെരിയുന്നതിന് വഴിവച്ചത്. മെയ് മൂന്നിന് തുടങ്ങിയ കലാപത്തിൽ ഇതുവരെ 74 പേർ മരിച്ചുവെന്നാണ് ഔദ്യോഗിക കണക്ക്. മുന്നൂറോളം പേർക്ക് പരിക്കേറ്റു. 40,000 പേരാണ് പലായനം ചെയ്തത്. ഒട്ടേറെ ഗ്രാമങ്ങളും ആയിരക്കണക്കിനു വീടുകളും നശിപ്പിച്ചു. 220 പള്ളിയും തകർത്തു. പാർലമെന്റ് ഉദ്ഘാടന ദിവസം 40 കുക്കികളെയാണ് പൊലീസും സൈന്യവും വെടിവച്ച് കൊന്നത്.




# രണ്ടാം പിണറായി സർക്കാർ

# മൂന്നാം വർഷത്തിൽ

ഇന്ത്യയിൽ മറ്റൊരു സംസ്ഥാന സർക്കാരിനും അവകാശപ്പെടാനാകാത്തവിധം നേട്ടങ്ങൾ എണ്ണിപ്പറഞ്ഞ് രണ്ടാം പിണറായി സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട്. പ്രതിസന്ധികളും കേന്ദ്ര അവഗണനയും അതിജീവിച്ച് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം നടപ്പാക്കുന്നതിൽ സർക്കാർ ശ്രദ്ധ പതിപ്പിച്ചു. 900 വാഗ്ദാനങ്ങൾ നൽകിയതിൽ രണ്ട് വർഷത്തിനിടെ 809 ഉം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. വിലക്കയറ്റം പിടിച്ചുനിർത്തിയും തൊഴിലവസരം പരമാവധി സൃഷ്ടിച്ചും വയോജനങ്ങളെ ചേർത്തുപിടിച്ചും ഭക്ഷ്യ ആരോഗ്യ രംഗത്ത് ഏറ്റവും സാധാരണക്കാരെ കരുതിയുമാണ് സമഗ്രമായ നയപരിപാടി നടപ്പാക്കുന്നത്. സർക്കാരിന്റെ രണ്ടാം വാർഷികാഘോഷ പരിപാടികളുടെ സമാപനചടങ്ങിൽ ചീഫ് സെക്രട്ടറി വി പി ജോയിക്ക് നൽകി മുഖ്യമന്ത്രി പിണറായി വിജയൻ പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കി.

സർക്കാരിന്റെ പ്രവർത്തനം ജനങ്ങൾക്ക് വിലയിരുത്താൻ എല്ലാ വർഷവും പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കുകയെന്ന രാജ്യത്തിന് മാതൃകയായ കീഴ്വഴക്കമാണ് എൽഡിഎഫ് തുടർന്നത്. കഴിഞ്ഞവർഷം നടപ്പാക്കിയ വികസന ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി 90 അധ്യായങ്ങളിലായി 300 പേജുള്ളതാണ് പ്രോഗ്രസ് റിപ്പോർട്ട്. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചാണ് ധനകാര്യത്തിൽ നേട്ടം കൊയ്തത്. പ്രൈമറി വിദ്യാഭ്യാസം മുതൽ ഉന്നതവിദ്യാഭ്യാസംവരെ ചെലവ് കുറച്ചും മികച്ച നിലവാരത്തിലുമാണ് നൽകുന്നത്. അവകാശപ്പെട്ട തുക കേന്ദ്ര സർക്കാർ തടഞ്ഞതുമൂലമുള്ള പ്രതിസന്ധികളുണ്ടായിട്ടും ക്ഷേമ പെൻഷനുകളെയോ വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടികളെയോ ബാധിച്ചില്ല.

അഭ്യസ്തവിദ്യരായ 20 ലക്ഷം പേർക്ക് ഡിജിറ്റൽ രംഗത്ത് തൊഴിലെന്ന വാഗ്ദാനം നടപ്പാക്കുന്നത് മികച്ചനിലയിലാണ് മുന്നേറുന്നത്. നോളജ് ഇക്കണോമിയിൽ ഇതിനകം 13.58 ലക്ഷംപേർ രജിസ്റ്റർ ചെയ്തു. പങ്കാളികളുമായി സഹകരിച്ച് നേടിയതുൾപ്പെടെ 5.18 ലക്ഷം പേർക്ക് തൊഴിൽ സമാഹരിക്കാൻ കഴിഞ്ഞു. 4200 സ്റ്റാർട്ടപ്പുകളിലൂടെ 42,000 പേർക്ക് തൊഴിൽ ലഭിച്ചു. ലൈഫ് സയൻസ് പാർക്ക്, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, അർബുദ മരുന്ന് ഉൽപ്പാദനകേന്ദ്രം തുടങ്ങി വൻകിട പദ്ധതികളെല്ലാം നിർമാണത്തിലാണ്. കെഫോൺ ജൂൺ അഞ്ചിന് ഉദ്ഘാടനം ചെയ്തു. ആദ്യഘട്ടം നേരത്തേ പൂർത്തിയാക്കിയിരുന്നു. കേരളത്തിന്റെ പശ്ചാത്തലമേഖലയിലെ കണ്ണഞ്ചിപ്പിക്കുന്ന മാറ്റം വ്യാവസായിക, ഐടി, നിർമാണ, ടൂറിസം മേഖലകളിൽ കുതിച്ചുചാട്ടമുണ്ടാക്കുകയാണ്.

# യഥാർത്ഥ കേരള സ്റ്റോറി

• നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ ഒന്നാമത് • പബ്ലിക് അഫ യേഴ്സ് സൂചികയിൽ ഒന്നാമത് • കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിൽ ഒന്നാമത് • നീതി ആയോഗിന്റെ സൂചിക പ്രകാരം ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനം • ഇന്ത്യാ ടുഡേയുടെ 2021 ഹാപ്പി നെസ് ഇൻഡക്സ് സർവ്വേയിൽ ഒന്നാമത് • നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ തുടർച്ചയായി നാല് വർഷവും ഒന്നാമത് • നീതി ആയോഗിന്റെ സംസ്ഥാന ഊർജ്ജ കാലാവസ്ഥ സൂചികയിൽ രണ്ടാമത്.

## നൂതനത്വം

- രാജ്യത്തെ ആദ്യ സൂപ്പർ ഫാബ് ലാബ്.
- രാജ്യത്തെ ആദ്യ ഡിജിറ്റൽ സർവ്വകലാശാല.
- രാജ്യത്തെ ആദ്യ ഗ്രാഫീൻ സെന്റർ.
- രാജ്യത്തെ ആദ്യ ഡിജിറ്റൽ സയൻസ് പാർക്ക്.
- രാജ്യത്തെ ആദ്യ വാട്ടർ മെട്രോ.

## അടിസ്ഥാനസൗകര്യം

- ദേശീയപാതാ വികസനത്തിനുള്ള സ്ഥലമെടുപ്പിന് തുക (5,580 കോടി രൂപ) അനുവദിച്ച ഇന്ത്യയിലെ ഏക സംസ്ഥാനം
- സമ്പൂർണ ഭവനവൈദ്യുതീകരണം നടത്തിയ രാജ്യത്തെ ഒരേയൊരു സംസ്ഥാനം.
- സർക്കാർ സ്കൂളുകളുടെ ആധുനികവൽക്കരണത്തിന് 3,000 കോടി രൂപ.
- ഇന്റർനെറ്റ് സൗകര്യം ജനങ്ങളുടെ അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനം.
- സൗജന്യമായും മിതമായ നിരക്കിലും ബ്രോഡ്ബാന്റ് കണക്ഷൻ നൽകുന്ന കെഫോൺ പദ്ധതി.
- 1050 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് 60,352 കോടി രൂപ.

## ആരോഗ്യപരിചരണം

- രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങൾക്ക് ഇന്ത്യാ ടുഡേയുടെ ഹെൽത്ത്ഗിരി അവാർഡ്.
- 2022 ൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള കേന്ദ്രസർക്കാരിന്റെ ആരോഗ്യ മന്ഥൻ അവാർഡ്.
- മാതൃശിശു മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം.

## വിനോദസഞ്ചാരവും ആഗോള അംഗീകാരവും

- ന്യൂയോർക്ക് ടൈംസിന്റെ 2023ലെ പട്ടികയിൽ നിർബന്ധമായും കണ്ടിരിക്കേണ്ട 52 സ്ഥലങ്ങളിൽ ഒന്ന്.

## സാമൂഹ്യക്ഷേമം

- മികച്ച വാർദ്ധക്യ പരിചരണത്തിന് 2021 ലെ വയോശ്രേഷ്ഠതാ സമ്മാൻ
- 62 ലക്ഷം ഗുണഭോക്താക്കൾക്ക് പ്രതിമാസം 1600 രൂപ വീതം ക്ഷേമപെൻഷൻ
- ഭൂരഹിതരായ 2.99 ലക്ഷം പേർക്ക് പട്ടയം, ഭവനരഹിതരായ 3.39 ലക്ഷം കുടുംബങ്ങൾക്ക് ലൈഫ് മിഷൻ വഴി വീട്
- 6.8 ലക്ഷം പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായം.
- 95 ലക്ഷം റേഷൻ കാർഡുടമകളുള്ള രാജ്യത്തെ ഏറ്റവും മികച്ച പൊതുവിതരണ സംവിധാനം.
- 3.5 ലക്ഷം മുൻഗണന റേഷൻ കാർഡുകൾ.

## തൊഴിലും വ്യവസായവും

- ഉയർന്ന ദിവസ വേതനമുള്ള സംസ്ഥാനമായി റിസർവ് ബാങ്കിന്റെ അംഗീകാരം.
- മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുള്ളവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനം.
- ഒരു വർഷത്തിൽ 1.3 ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ തുടങ്ങി8400 കോടിയുടെ നിക്ഷേപം സൃഷ്ടിച്ചത് 3 ലക്ഷം തൊഴിലവസരങ്ങൾ ലോകത്തിലെ മികച്ച പൊതു ബിസിനസ് ഇൻകുബേറ്ററായി കേരള സ്റ്റാർട്ട് അപ് മിഷനെ യു.ബി.ഐ. ഗ്ലോബൽ തിരഞ്ഞെടുത്തു. ഗ്ലോബൽ സ്റ്റാർട്ട് അപ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം അഫോർഡബിൾ ടാലന്റിൽ ഏഷ്യയിൽ ഒന്നാമത് പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന 2,06,910 ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ നിയമനം.

## ഭരണനിർവ്വഹണവും സേവനമികവും

- അഴിമതിരഹിത സേവനമികവിന് ഇന്ത്യ സ്മാർട്ട് പോലീസിങ് സർവ്വേ 2021 ൽ കേരള പോലീസിന് അംഗീകാരം
- സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ സർവ്വേ പ്രകാരം ഇന്ത്യയിലെ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിൽ ഒന്ന്

# കെ ഫോണിലൂടെ പിറന്നത് പുതുചരിത്രം



ഡിജിറ്റൽ തുല്യതയുടെ പുതുയുഗപ്പിറവിക്ക് തുടക്കംകുറിച്ച് നവകേരളം. എല്ലാവർക്കും ഇന്റർനെറ്റ് ലക്ഷ്യമിട്ടുള്ള കേരളത്തിന്റെ അഭിമാന പദ്ധതി കെ ഫോൺ യാഥാർഥ്യമായതോടെ സാങ്കേതിക നവോത്ഥാനത്തിനാണ് ശിലപാകിയത്. സാർവത്രിക വിദ്യാഭ്യാസം, ഭൂപരിഷ്കരണം, സാക്ഷരതായജ്ഞം എന്നിവപോലെ നവകേരളത്തിലേക്കുള്ള മുന്നേറ്റത്തിന്റെ ചരിത്ര മുഹൂർത്തം. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിലെത്തിയ പ്രൗഢഗംഭീര സദസ്സിനെയും കെ ഫോൺ ഇന്റർനെറ്റു വഴി ഓൺലൈനായി ചേർന്ന ആദിവാസി ഊരുകളിലെയടക്കം പതിനായിരങ്ങളെയും സാക്ഷിയാക്കി മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതി ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ സർക്കാർ ഉടമസ്ഥതയിലുള്ള ആദ്യ ഇന്റർനെറ്റ് പദ്ധതിയാണ് കെ ഫോൺ. 30,000 സർക്കാർ ഓഫീസിലും 20 ലക്ഷം കുടുംബത്തിന് സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലുമാണ് ഇന്റർനെറ്റ് ലഭ്യമാക്കുക.

നിലവിൽ 26,492 സർക്കാർ ഓഫീസിൽ ഇൻസ്റ്റലേഷൻ പൂർത്തിയാക്കി. 17,354 ഓഫീസിൽ കണക്ഷൻ നൽകി. ഏഴായിരത്തിലധികം വീടുകളിൽ കേബിൾ വലിച്ചു. 2015 വീട്ടിൽ കണക്ഷനെത്തിച്ചു. ആഗസ്റ്റോടെ ആദ്യഘട്ടം പൂർത്തിയാക്കി വാണിജ്യ കണക്ഷൻ നൽകിത്തുടങ്ങും. കെഎസ്ഇബിയും കെഎസ്ഐടിഐഎല്ലും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ഉദ്ഘാടനച്ചടങ്ങിൽ കെ ഫോൺ താരിഫ് റേറ്റും അവതരിപ്പിച്ചു. ഇന്റർനെറ്റ് ലഭ്യമാക്കിയവരുമായി മുഖ്യമന്ത്രി ഓൺലൈനായി സംവദിച്ചു.

### കേന്ദ്ര നിഷേധം; 4 വർഷം

## സംസ്ഥാനത്തിന്റെ വരുമാന നഷ്ടം 67,310 കോടി

കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ പകപോക്കലിൽ കഴിഞ്ഞ നാലുവർഷത്തിൽമാത്രം സംസ്ഥാനത്തിന്റെ വരുമാന നഷ്ടം 67,310 കോടി രൂപ. ഭരണഘടനാനുസരണമായി സംസ്ഥാനത്തിന് ലഭിക്കേണ്ടതും കേന്ദ്രം മനപ്പൂർവം നിഷേധിച്ചതുമായ തുകയാണിത്.

വായ്പ എടുക്കാനുള്ള അവകാശത്തിൽമാത്രം 45,864 കോടി രൂപ നിഷേധിച്ചു. കോവിഡ്പ്രതിസന്ധി പരിഗണിച്ച് വായ്പാനുവാദത്തിൽ വലിയ ഇളവ് പ്രഖ്യാപിച്ചശേഷം കടമെടുക്കാൻ അനുവദിക്കാതെയും കേരളത്തെ കബളിപ്പിച്ചു. 2020-21ൽ 45,217 കോടി കടമെടുക്കാമെന്ന് അറിയിച്ചു. സമ്മതിച്ചത് 30,694 കോടിക്കും. 2021-22ൽ വായ്പത്തുക നിശ്ചയിച്ചത് 36,087 കോടി. അനുവദിച്ചത് 28,619 കോടിയും. 2022-23ൽ 5863 കോടിയുടെ അനുവാദവും നിഷേധിച്ചു. ഈവർഷം ജിഎസ്ഡിപി അനുപാതത്തിൽ ലഭിക്കേണ്ട 33,432 കോടി രൂപയുടെ വായ്പാവകാശത്തിൽ അനുമതി 15,390 കോടിക്കുമാത്രം. 18,030 കോടിയുടെ കുറവ്.

കഴിഞ്ഞവർഷം ജിഎസ്ടി നഷ്ടപരിഹാരത്തിൽ 9000 കോടി കുറഞ്ഞു. ഈവർഷം നഷ്ടപരിഹാരമേയില്ല. റവന്യൂകമ്മി ഗ്രാന്റിൽ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഈവർഷം 8425 കോടി രൂപയുടെ കുറവുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിൽ കഴിഞ്ഞ മൂന്നുവർഷത്തെ വെട്ടിക്കുറവ് 4020 കോടിയാണ്. 2020-ൽ 1220 കോടിയും 2021-ൽ 1340 കോടിയും 2022ൽ 1460 കോടിയും വെട്ടി. കേന്ദ്ര നികുതി വിഹിതത്തിലെ വെട്ടിക്കുറവുമൂലം സംസ്ഥാനത്തിന് നേരിടേണ്ടിവരുന്ന വരുമാന നഷ്ടത്തിന്റെ കണക്ക് ഇതിൽ ഉൾപ്പെടുന്നില്ല.

# കെ.എസ്.ഇ.ബി
# സി & എ.ജി റിപ്പോർട്ടും വ്യാജ വാർത്തകളും



എസ്.ഹരിലാൽ

> **ഇന്ത്യയിൽ വിഭജിക്കാതെ, സ്വകാര്യ വൽക്കരിക്കാതെ, ജനങ്ങൾക്ക് അമിത സാമ്പത്തിക ബാധ്യത ഏൽപ്പിക്കാതെ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബിയെ തകർക്കുക എന്നത് കേന്ദ്ര ബി.ജെ.പി സർക്കാരിന്റെ അജണ്ടയാണ്. അതിന്റെ ഏജന്റായി പ്രവർത്തിച്ച ആളാണ് മുൻ കെ.എസ്.ഇ.ബി സി.എം.ഡി. ഇപ്പോഴും വൈദ്യുത ബോർഡിന്റെ ഉന്നത സ്ഥാനങ്ങളിൽ ഇത്തരം ആളുകൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നു. കെ.എസ്.ഇ.ബിയെ തകർക്കുന്ന ടോടക്സ് മോഡൽ സ്മാർട്ട് മീറ്റർ പദ്ധതിക്ക് എതിരെ സമര പ്രഖ്യാപനം നടത്തിയതിന്റെ പിറ്റേദിവസം ഒരേ വാർത്ത പത്രങ്ങളിൽ വന്നതും യാദൃച്ഛികമല്ല.**

ജനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തുന്നതും കെ.എസ്.ഇ.ബിയെ തകർക്കുന്നതുമായ കെ.എസ്.ഇ.ബി മാനേജ്മെന്റ് തീരുമാനങ്ങൾക്കെതിരെ തൊഴിലാളി ഓഫീസർ സംഘടനകൾ സമരരംഗത്ത് വരുന്ന എല്ലാ ഘട്ടങ്ങളിലും ചില മുഖ്യധാര മാധ്യമങ്ങൾ ജനങ്ങളിൽ തെറ്റിദ്ധാരണ വരുത്തുന്ന വാർത്തകളുമായി രംഗത്ത് വരും.

ഇതിന്റെ തുടക്കം വൈദ്യുതി ബോർഡിൽ ഫീൽഡിൽ ഉപയോഗിക്കേണ്ട ജീപ്പ് അടക്കമുള്ള വാഹനത്തിന് പകരം 1200 ഇലക്ട്രിക് കാറുകൾ വാങ്ങാൻ എടുത്ത തീരുമാനത്തിനും കെ.എസ്.ഇ.ബി സ്വന്തമായി 17400 രൂപയ്ക്ക് നിർമ്മിക്കുന്ന ഫാൾട്ട്പാസ് ഇൻഡിക്കേറ്റർ ഒരെണ്ണത്തിന് ഒരു ലക്ഷത്തി എൺപതിനായിരം രൂപയ്ക്ക് വാങ്ങാനുള്ള തീരുമാനത്തിനും കെ.എസ്.ഇ.ബി സ്വന്തമായി വികസിപ്പിച്ച സോഫ്റ്റ്‌വെയർ മാറ്റി ടാറ്റായുടെ സോഫ്റ്റ്‌വെയർ വാങ്ങാൻ എടുത്ത തീരുമാനത്തിനും തൊഴിലാളികൾ ആവശ്യപ്പെടാതെ തന്നെ ഏഴു കോടി രൂപയുടെ യൂണിഫോം വാങ്ങുന്നതിനുള്ള തീരുമാനത്തിനും ജനങ്ങൾക്ക് അമിത സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുന്നതും കെ.എസ്.ഇ.ബിയുടെ റവന്യൂ വിഭാഗത്തെ സ്വകാര്യവൽക്കരിക്കുന്നതുമായ ടോടക്സ് മോഡൽ സ്മാർട്ട് മീറ്റർ പദ്ധതിക്ക് എതിരെ തൊഴിലാളി ഓഫീസർ സംഘടനകൾ രാഷ്ട്രീയ വ്യത്യാസം വെടിഞ്ഞ് സമരരംഗത്ത് വരികയും പലതും തിരുത്തിക്കുകയും ചെയ്തപ്പോൾ തൊഴിലാളികളോടും ഓഫീസർമാരോടും അരിശവും സ്ഥാപനത്തെ തന്നെ തകർക്കാനും

> **തൊഴിൽ മേഖലയുടെ പ്രത്യേകതയും റിസ്കും ഒന്നും വിലയിരുത്താതെ കേവലം കണക്കപിള്ളയുടെ നിലവാരത്തിലേക്ക് താഴ്ന്നതാണ് സിഃഎ.ജി റിപ്പോർട്ടിലെ പോരായ്മ. കിഫ്ബിയെ തകർക്കാൻ റിപ്പോർട്ട് ചമച്ചത് പോലെ രാജ്യത്തെ മാതൃക പൊതുമേഖല സ്ഥാപനമായ കെ.എസ്.ഇ.ബിയെ തകർക്കാനുള്ള പ്രചരണായുധമാക്കാനാണ് ഇത്തരം റിപ്പോർട്ടുകളിലൂടെ ലക്ഷ്യമിടുന്നത്.**

ലക്ഷ്യം വെച്ചുള്ള മുൻ കെ.എസ്.ഇ.ബി സി.എം.ഡിയുടെ പ്രവർത്തനത്തിന്റെ പരിണതഫലമാണ് വ്യാജവാർത്തകളുടെ കുത്തൊഴുക്ക്. ഇതിനായി സംസ്ഥാനത്തെ വൻകിട കോർപ്പറേറ്റ് കമ്പനികളുടെ ഒത്താശയിൽ ഒരു ലോബി പ്രവർത്തിക്കുന്നു. ഇതിന്റെ പിന്നിൽ വ്യക്തമായ രാഷ്ട്രീയമുണ്ട്. ഇന്ത്യയിൽ വിഭജിക്കാതെ, സ്വകാര്യവൽക്കരിക്കാതെ, ജനങ്ങൾക്ക് അമിത സാമ്പത്തിക ബാധ്യത ഏൽപ്പിക്കാതെ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബിയെ തകർക്കുക എന്നത് കേന്ദ്ര ബി.ജെ.പി സർക്കാരിന്റെ അജണ്ടയാണ്. അതിന്റെ ഏജന്റായി പ്രവർത്തിച്ച ആളാണ് മുൻ കെ.എസ്.ഇ.ബി സി.എം.ഡി. ഇപ്പോഴും വൈദ്യുത ബോർഡിന്റെ ഉന്നത സ്ഥാനങ്ങളിൽ ഇത്തരം ആളുകൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നു. കെ.എസ്.ഇ.ബിയെ തകർക്കുന്ന ടോടക്സ് മോഡൽ സ്മാർട്ട് മീറ്റർ പദ്ധതിക്ക് എതിരെ സമര പ്രഖ്യാപനം നടത്തിയതിന്റെ പിറ്റേദിവസം ഒരേ വാർത്ത പത്രങ്ങളിൽ വന്നതും യാദൃച്ഛികമല്ല.

വൈദ്യുത ബോർഡിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സി & എ.ജി ഗുരുതരമായ കുഴപ്പങ്ങൾ കണ്ടുപിടിച്ചെന്നും അതിന്റെ ഭാഗമായി ശമ്പളവും പെൻഷനും ചേർന്ന് 15,184 കോടിയുടെ ബാധ്യത ഉണ്ടായെന്നും ഇതിലൂടെ ഒരു യൂണിറ്റ് വൈദ്യുതിക്ക് 6.46 രൂപയുടെ ആഘാതം ഉണ്ടായിരിക്കുന്നു എന്നും ആണ് വാർത്ത. മറ്റൊരു വാദം, ശമ്പള പരിഷ്കരണങ്ങൾക്ക് സർക്കാർ അംഗീകാരം ഇല്ലെന്നും സർക്കാർ ജീവനക്കാരുമായി താരതമ്യം ചെയ്യുമ്പോൾ ഭാരിച്ച തുകയാണ് കൈപ്പറ്റുന്നതും എന്നുമാണ്. ഈ വാർത്തകളുടെ നിജസ്ഥിതി ഒന്ന് പരിശോധിക്കാം.

### ശമ്പളപരിഷ്കരണ കരാറുകളുടെ അംഗീകാരം

കെ.എസ്.ഇ.ബിയിൽ ശമ്പള പരിഷ്കരണം നടക്കുന്നത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരമാണ്. തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് അംഗീകരിക്കുന്ന ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലാണ് ശമ്പളപരിഷ്കരണം നടക്കുന്നത്. ബോർഡ് തല ശമ്പള പരിഷ്കരണ കമ്മിറ്റിയെ കാലാകാലങ്ങളിൽ നിയോഗിക്കുന്നത് സംസ്ഥാന സർക്കാരിന്റെ ഊർജ്ജ വകുപ്പാണ്. ചർച്ചകളിലൂടെ രൂപപ്പെടുന്ന കരട് ശമ്പള പരിഷ്കരണ കരാറിന് അന്തിമരൂപം നൽകുന്നത് അതാത് കാലത്തെ വൈദ്യുതി മന്ത്രിയുടെ സാന്നിധ്യത്തിലാണ്. ഇങ്ങനെ രൂപപ്പെടുത്തുന്ന ശമ്പള പരിഷ്കരണ കരാറിനാണ് മുൻകൂർ അനുമതി വാങ്ങിയില്ലെന്ന സി&എ.ജി വാദം.

കെ.എസ്.ഇ.ബിയിൽ ഒരുകാലത്തും യഥാസമയം ശമ്പളപരിഷ്കരണം നടന്നിട്ടില്ല. നടന്ന കരാറുകൾക്ക് യഥാസമയം സർക്കാർ അംഗീകാരം ലഭിച്ചിട്ടുമില്ല. 1993ൽ നടക്കേണ്ട കരാർ നടന്നത് 1996ലാണ്, 1998ൽ നടക്കേണ്ടത് നടന്നത് 2001ലാണ്, 2003ലെ കരാർ നടന്നത് 2006ൽ, 2008ലെ കരാർ 2011ൽ, 2013ലെ കരാർ നടന്നത് 2016ൽ, 2018ലെ കരാർ നടന്നത് 2021ൽ. കരാറുകൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത് വളരെ വൈകിയാണ് എന്ന് കാണാൻ കഴിയും. 1996, 2001ൽ നടന്ന കരാറുകൾക്ക് അംഗീകാരം നൽകിയത് 2010ൽ സ.എ.കെ ബാലൻ വൈദ്യുതി മന്ത്രി ആയിരിക്കുമ്പോഴാണ്. 2006,2011ൽ നടന്ന കരാറുകൾക്ക് അംഗീകാരം നൽകിയത് സ.എം.എം മണി വൈദ്യുതി മന്ത്രിയായിരുന്നപ്പോഴാണ്. 2016,2021ൽ നടന്ന കരാറുകൾക്കാണ് ഇനി അംഗീകാരം ലഭിക്കാനുണ്ട്.

കരാറുകൾക്ക് അംഗീകാരം ലഭിക്കാതിരുന്ന എല്ലാ കാലത്തും സി&എ.ജി ഈ തുക അനധികൃതമാണെന്ന് കുറിയെഴുതുകയും കരാറിന് അംഗീകാരം ലഭിക്കുന്നതോടുകൂടി ഈ ഓഡിറ്റ് റിപ്പോർട്ട് അപ്രസക്തമാക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ സി&എ.ജിയുടെ അന്തിമ റിപ്പോർട്ട് വന്നിട്ടില്ല. ആഡിറ്റ് പാരയിലെ പരാമർശങ്ങൾക്ക് വിശദീകരണം ചോദിച്ച് കെ.എസ്.ഇ.ബിക്ക് കത്ത് വരിക മാത്രമാണ് ചെയ്യത്. ഇത് പത്രങ്ങൾക്ക് ചോർത്തി കൊടുത്ത് വാർത്തയാക്കിയതും നേരത്തേ സൂചിപ്പിച്ച ലോബിയാണ്.

സി & എ.ജിയുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി എന്ന നിലയിൽ വന്ന വാർത്തയിലെ ഉള്ളടക്കം പരിശോധിക്കാം.

## 1. ശമ്പളവും പെൻഷനും 734 കോടി അധിക ബാധ്യത, വിരമിക്കൽ ആനുകൂല്യത്തിന് 15,184 കോടി, ഒരു യൂണിറ്റിന് 6.46 രൂപ കൂടും

വസ്തുതകൾ വളച്ചൊടിച്ച് ഉപഭോക്താക്കളെ ഭീതിയിലാഴ്ത്താൻ ബോധപൂർവ്വമാണ് വാർത്ത ചമച്ചത്. ശമ്പളത്തിനും പെൻഷനും അധിക ബാധ്യത 734 കോടി എന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഇത് വളരെ കൂടുതലാണോ എന്ന് പരിശോധിക്കുക. 2022-23 ൽ കെ.എസ്.ഇ.ബിയുടെ ചെലവ് 18,829 കോടി രൂപ, അതായത് ആകെ ചെലവിന്റെ 3.8 ശതമാനമാണ് 734 കോടി. കഴിഞ്ഞ അഞ്ചുവർഷം ഇതര മേഖലയിൽ വന്ന വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കൂടുതലാണോ എന്ന് ജനം വിലയിരുത്തട്ടെ. അതാത് വർഷം ശമ്പളവും പെൻഷനുമായി 734 കോടി അധിക ചെലവ് വകകൊള്ളിച്ചു പോകുന്നത് കണക്കാക്കാതെ വീണ്ടും വരാൻ പോകുന്ന 2025 വർഷത്തെ ബാധ്യതയാകെ ഒറ്റ കൊല്ലത്തെ കറണ്ട് ചാർജിൽ ഉൾപ്പെടുത്തി 6.46 രൂപ യൂണിറ്റിന് കൂടും എന്നത് ജനങ്ങളിൽ ആശങ്ക ഉണ്ടാക്കാനാണ്.

## 2.കെ.എസ്.ഇ.ബി ജീവനക്കാർക്ക് സർക്കാർ ജീവനക്കാരേക്കാൾ ഉയർന്ന ഡി.എ

2008ൽ നടക്കേണ്ട ശമ്പള പരിഷ്കരണ കരാർ 2011ലാണ് നടന്നത്. കെ.എസ്.ഇ.ബിയിൽ 172008 ൽ വച്ച് 45% ഡി.എ ലയിപ്പിച്ച് ശമ്പള സ്കെയിൽ രൂപപ്പെടുത്തുന്നു. സർക്കാരിൽ 172009 ൽ 64% ഡി.എ ലയിപ്പിച്ച് സ്കെയിൽ രൂപപ്പെടുത്തുന്നു. സ്വാഭാവികമായും ബാലൻസ് ഡി.എ കെ.എസ്.ഇ.ബിയിൽ കൂടുതലായിരിക്കും. കേന്ദ്രം പ്രഖ്യാപിക്കുന്ന ഡി.എ ആർക്കും കൂട്ടിയെടുക്കാൻ കഴിയില്ല എന്ന വസ്തുത മറച്ചു വെച്ചാണ് പ്രചാരണം.

## 3. ശമ്പള കുടിശ്ശിക ചെലവ് 1317.6 കോടി

2018ൽ നടക്കേണ്ട കരാർ 2021 ലാണ് നടന്നത്. അതായത് മൂന്ന് വർഷം താമസിച്ച്. 2018 മുതൽ തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യം കൊടുക്കരുത് എന്നാണ് എഴുതുന്നത്.

## 4.കെ.എസ്.ഇ.ബി ജീവനക്കാരുടെ ശമ്പളം സർക്കാർ ജീവനക്കാരുടെ ശമ്പളവുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ

യഥാർത്ഥത്തിൽ സി&എ.ജി കെ.എസ്.ഇ.ബിയിലെ തൊഴിലാളികളുടെ ശമ്പളം താരതമ്യം ചെയ്യേണ്ടത് രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിലെ വൈദ്യുത ബോർഡുകളുമായോ സമാന ജോലി ചെയ്യുന്ന എൻ.ടി.പി.സിയുമായോ പവർഗ്രിഡ് കോർപ്പറേഷനുമായോ ആണ്. കെ.എസ്.ഇ.ബിയിലെ ക്ലാസ് 4 ജീവനക്കാരനായ മസ്ദൂർ ചെയ്യുന്ന ജോലിയാണോ സർക്കാരിലെ ക്ലാസ് 4 ജീവനക്കാർ ചെയ്യുന്നത്? വെയിലും മഴയും കടുത്ത വേനലും അവഗണിച്ച് അപകട മേഖലയിൽ 1015 മണിക്കൂർ ജോലി ചെയ്യുന്നവരാണ് കെ.എസ്.ഇ.ബി ജീവനക്കാർ. പ്രകൃതിക്ഷോഭം വന്നാൽ വീട്ടിൽ പോലും പോകാൻ കഴിയാതെ ജോലി ചെയ്യുന്നവർ. കടുത്ത വേനലിൽ 11 മണി കഴിഞ്ഞ് ജോലി ചെയ്യാൻ പാടില്ലെന്ന് സർക്കാർ ഉത്തരവിറക്കുമ്പോഴും നട്ടുച്ചയ്ക്കും ജോലി ചെയ്യാൻ വിധിക്കപ്പെട്ടവർ, ലൈനിൽ നിന്നും ഷോക്കേറ്റ് കരിഞ്ഞു വീഴുന്നവർ. അവരെയും മേലുദ്യോഗസ്ഥരെ സഹായിക്കുകയും ഓഫീസ് അകത്തളങ്ങളിൽ ജോലി ചെയ്യുന്നവരെയും താരതമ്യം ചെയ്യാൻ കഴിയുന്നതാണോ? അതുപോലെ തന്നെയാണ് ലൈൻമാൻ, ഓവർസിയർ, സബ് എഞ്ചിനീയർ, എഞ്ചിനീയർ തസ്തികകളും.

സി&എ.ജി വൈദ്യുതി ബോർഡിലെ ക്ലാർക്ക് തസ്തികയെ താരതമ്യം ചെയ്യുന്നത് സർക്കാരിലെ ക്ലാർക്കുമായാണ്. സർക്കാരിലെ എൽ.ഡി.സിയുടെ യോഗ്യത എസ്.എസ്.എൽ.സി ആണ്. കെ.എസ്.ഇ.ബിയിലെ ക്ലാർക്കിന്റെ യോഗ്യത ബിരുദമാണ്. ചെയ്യുന്ന ജോലിയും വ്യത്യസ്തമാണ്. കെ.എസ്.ഇ.ബിയിലെ ക്ലാർക്ക് ചെയ്യുന്നത് ക്യാഷ് കൗണ്ടറിൽ പണം സ്വീകരിക്കുക. അതിന്റെ അക്കൗണ്ടസ് തയ്യാറാക്കുക എന്നിവയാണ്. ഇതിന് സമാനമായ ജോലി ബാങ്കിംഗ് മേഖലയിലാണ്. അല്ലാതെ സർക്കാരിലെ ക്ലാർക്കിന്റെ ജോലിയല്ല. അല്ലെങ്കിൽ താരതമ്യം ചെയ്യേണ്ടത് സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്, യൂണിവേഴ്സിറ്റി അസിസ്റ്റന്റ് എന്നീ തസ്തികയുമായാണ്. തൊഴിൽ മേഖലയുടെ പ്രത്യേകതയും റിസ്കും ഒന്നും വിലയിരുത്താതെ കേവലം കണക്കപിള്ളയുടെ നിലവാരത്തിലേക്ക് താഴ്ന്നതാണ് സി&എ.ജി റിപ്പോർട്ടിലെ പോരായ്മ. കിഫ്ബിയെ തകർക്കാൻ റിപ്പോർട്ട് ചമച്ചത് പോലെ രാജ്യത്തെ മാതൃക പൊതുമേഖല സ്ഥാപനമായ കെ.എസ്.ഇ.ബിയെ തകർക്കാനുള്ളപ്രചാരണായുധമാക്കാനാണ് ഇത്തരം റിപ്പോർട്ടുകളിലൂടെ ലക്ഷ്യമിടുന്നത്.●

# തോട്ടം തൊഴിലാളി ശമ്പള പരിഷ്കരണം

# തൊഴിലാളികൾക്ക് ആശ്വാസകരം



**എസ് ജയമോഹൻ**
(പ്രസിഡന്റ്, കേരള പ്ലാന്റേഷൻ ലേബർ ഫെഡറേഷൻ)

തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം തൊഴിലാളികൾക്ക് ആശ്വാസകരമാണ്. തോട്ടം മേഖല വൻ പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയവും ആസിയാൻ കരാറുമാണ് പ്രതിസന്ധി രൂക്ഷമാക്കിയത്. 240 രൂപ വരെ വില ലഭിച്ചിരുന്ന റബ്ബറിന് ഇന്ന് 130 രൂപ വരെ മാത്രമേ ലഭിക്കുന്നുള്ളൂ. കർഷകരെയും തോട്ടം ഉടമകളെയും തൊഴിലാളികളെയും പ്രതിസന്ധിയിൽ ആക്കുന്നത് കേന്ദ്രസർക്കാർ നയങ്ങളാണ്.

പ്രതിസന്ധിയുടെ പാപഭാരം തൊഴിലാളികളുടെ മേൽ കെട്ടിവയ്ക്കാനാണ് ഉടമകൾ പരിശ്രമിക്കുന്നത്. ശമ്പളം പരിഷ്കരിക്കാതിരിക്കുക, ലയങ്ങൾ വാസയോഗ്യമാക്കി നൽകാതിരിക്കുക, ചികിത്സ, കുട്ടികളുടെ വിദ്യാഭ്യാസം, ഗ്രാറ്റുവിറ്റി, പിഎഫ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാതിരിക്കുക എന്നിവ മൂലം തൊഴിലാളികൾ വലിയ ബുദ്ധിമുട്ടിലായി.

ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്ന ഉടൻ പ്രശ്നപരിഹാരം കാണാൻ സിഐടിയുവിന്റെ ഇടപെടൽ ശക്തമായതോടെ സംസ്ഥാന സർക്കാരും നല്ല നിലയിൽ പ്രശ്നത്തിൽ ഇടപെട്ടു. മുഖ്യമന്ത്രി തന്നെ ഉടമകളും തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി പലവട്ടം ചർച്ചകൾ നടത്തി. ഒടുവിൽ സർക്കാർ ഉടമകൾക്ക് കൂടി ചില ആനുകൂല്യങ്ങൾ നൽകി. മരം മുറിക്കുന്നതിനു ഏർപ്പെടുത്തിയിരുന്ന സിനിയറേജ് ഒഴിവാക്കി, ലയങ്ങൾ വൃത്തിയാക്കാൻ സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തി, അഗ്രികൾച്ചറൽ ടാക്സ് ഒഴിവാക്കി സഹായിച്ചു, പാട്ടകാലാവധി നീട്ടി നൽകി, മാനേജ്മെന്റുകളെ സഹായിക്കുന്നത് തൊഴിലാളികളെ സംരക്ഷിക്കാൻ ആണെന്ന് അവരെ ബോധ്യപ്പെടുത്തി.

തൊഴിലാളികളെ ആകട്ടെ വിരമിക്കൽ പ്രായം 60 വയസ്സാക്കിയും തോട്ടം തൊഴിലാളികളെ ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയും ചികിത്സ ഇ എസ് ഐയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്തു.

ഈ പശ്ചാത്തലത്തിലാണ് കൂലി വർദ്ധനവ് ചർച്ച ആരംഭിച്ചത്. പലതവണ പ്ലാന്റേഷൻ ലേബർ കമ്മറ്റി യോഗം കൂടിയെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടില്ല. അവസാനം രണ്ട് തവണ കേരളത്തിലെ തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയുടെ സാന്നിധ്യത്തിൽ ചർച്ചചെയ്ത് മാന്യമായ കൂലി വർദ്ധനവ് അംഗീകരിപ്പിച്ചു.

ധാരണ പ്രകാരം തോട്ടം തൊഴിലാളികൾക്ക് 41 രൂപ അധികമായി ലഭിക്കും. 2023 ജനുവരി മുതൽ മുൻകാല പ്രാബല്യവും അംഗീകരിച്ചു. ആറുമാസത്തെ കുടിശ്ശികയിൽ ജൂൺ മാസത്തിൽ ഒരുമാസത്തെ കുടിശ്ശികയും അഞ്ചുമാസത്തെ കുടിശ്ശിക സെപ്റ്റംബറിലും നൽകും. തൊഴിലാളികളുടെ സർവീസ് വെയ്റ്റേജും വർധിപ്പിച്ച് നൽകി.

അഞ്ചുവർഷത്തിനു മുകളിൽ 10 വർഷം വരെ സർവീസ് ഉള്ള തൊഴിലാളികൾക്ക് 125 പൈസയും, 10 മുതൽ 15 വരെ 175 പൈസയും, 15 മുതൽ 20 വരെ 230 പൈസയും, 20 നു മുകളിൽ 280 പൈസയും നൽകും.

ഓവർകിലേ റേറ്റ് ഉൾപ്പെടെ തുടർന്ന് ചർച്ച ചെയ്ത് പരിഹരിക്കും. ലേബർ കമ്മീഷണർ കൺവീനറായുള്ള കമ്മിറ്റി രൂപീകരിച്ച് ആറുമാസത്തിനകം മറ്റു പ്രശ്നങ്ങൾക്കും പരിഹാരം കാണും.

മുഖ്യമന്ത്രി ചെയർമാനായുള്ള പ്ലാന്റേഷൻ സ്റ്റാൻഡിങ് കമ്മിറ്റി യോഗം വിളിക്കാൻ മുഖ്യമന്ത്രിയോട് ശുപാർശ ചെയ്യാനും തീരുമാനിച്ചു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരിം എംപി, ടി പി രാമകൃഷ്ണൻ, കെ കെ ജയചന്ദ്രൻ എന്നിവരുടെ നിരന്തര ഇടപെടലിൽ പ്രശ്നപരിഹാരത്തിന് സഹായകരമായി.

എഐടിയുസി നേതാവ് കെ പി രാജേന്ദ്രൻ, ഐഎൻടിയുസി പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ ഉൾപ്പെടെയുള്ളവരും പ്രശ്നത്തിൽ ഇടപെട്ടു.

ജോലിഭാരം വർധിപ്പിക്കാതെയുള്ള ശമ്പള പരിഷ്കരണവും മുൻകാല പ്രാബല്യവും തൊഴിലാളികൾക്ക് സംതൃപ്തി ഉണ്ടാക്കി. ആഹ്ലാദപ്രകടനങ്ങളും യോഗങ്ങളും തോട്ടങ്ങളിൽ നടത്തി.

### കേരള എൻജിഒ യൂണിയൻ

# സംഘശേഷിയും സമരാവേശവും സമന്വയിച്ച വജ്ര ജൂബിലി സമ്മേളനം

**എം.എ.അജിത്കുമാർ**

**കേരളം മുന്നോട്ടുവെക്കുന്ന ജനപക്ഷ ബദൽ സംരക്ഷിക്കാനുള്ള പോരാട്ടത്തിന്റെ ഭാഗമായ തൊഴിൽപരമായ ഉത്തരവാദിത്വ നിർവഹണത്തിൽ വിട്ടുവീഴ്ചയില്ലാതെ ഇടപെടാനും നവ ലിബറൽ നയങ്ങൾക്കെതിരായ ഐക്യ സമരം ശക്തിപ്പെടുത്താനും അണിനിരക്കേണ്ട സന്ദർഭത്തിൽ ചേർന്ന വജ്ര ജൂബിലി സമ്മേളനത്തിന് ചരിത്രപരമായ പ്രാധാന്യമുണ്ട്.**

സംസ്ഥാന ജീവനക്കാരുടെ ആത്മാഭിമാനത്തിന്റെയും അവകാശ ബോധത്തിന്റെയും പ്രതീകമായ കേരള എൻജിഒ യൂണിയന്റെ വജ്ര ജൂബിലി സമ്മേളനം മെയ് 27 മുതൽ 30 വരെ തിരുവനന്തപുരത്ത് നടന്നു.

രാജ്യത്താകമാനം 60 ലക്ഷത്തിലേറെ തസ്തികകളാണ് നിയമനം നടത്താതെ ഒഴിച്ചിട്ടിരിക്കുന്നത്. പല സംസ്ഥാനങ്ങളിലും സ്ഥിര ജീവനക്കാരേക്കാൾ കൂടുതൽ താൽക്കാലിക ജീവനക്കാരാണ് സിവിൽ സർവീസിൽ ജോലി ചെയ്യുന്നത്. പെൻഷൻ അടക്കമുള്ള അവകാശങ്ങൾ പുന:സ്ഥാപിക്കണമെന്നും കരാർ കാഷ്വൽ നിയമനങ്ങൾ അവസാനിപ്പിക്കണമെന്നും സ്ഥിരം തസ്തികകളിൽ ജോലിചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര-സംസ്ഥാന ജീവനക്കാർ സംയുക്തമായി പ്രക്ഷോഭ രംഗത്താണ്.

വകുപ്പ് കാറ്റഗറി വികാരങ്ങൾക്കും താല്പര്യങ്ങൾക്കും അതീതമായി ജീവനക്കാരെ ഒന്നായി കണ്ട് അവരുടെ പൊതു താൽപര്യങ്ങൾ പരിരക്ഷിക്കുന്നതിനു വേണ്ടി ഒരു ഏകീകൃത സംഘടന എന്ന ആവശ്യത്തിന്റെ സാക്ഷാത്കാരമായിട്ടാണ് 1962ൽ കേരള എൻജിഒ യൂണിയൻ രൂപീകൃതമായത്. സേവന- വേതന വ്യവസ്ഥകൾ



എം വി ശശിധരൻ
സംസ്ഥാന പ്രസിഡന്റ്



എം.എ. അജിത്കുമാർ
സംസ്ഥാന ജന.സെക്രട്ടറി

മെച്ചപ്പെടുത്താനും ജീവനക്കാരുടെ അന്തസ്സിനും ആത്മാഭിമാനത്തിനും വിലകൽപ്പിക്കാത്ത ദുഷ്പ്രവണതകൾക്കും എതിരെ അതിശക്തമായ പ്രക്ഷോഭങ്ങളും ഇടപെടലും ആണ് കേരള എൻ ജി ഒ യൂണിയൻ നടത്തിയത്. സംസ്ഥാന സിവിൽ സർവീസിന്റെ വികാസ പരിണാമങ്ങളുടെ ചരിത്രം കേരള എൻജിഒ യൂണിയന്റെ ആറുപതിറ്റാണ്ടുകാലത്തെ സമര തീഷ്ണവും ഉത്തരവാദിത്വ പൂർണ്ണവുമായപ്രവർത്തനങ്ങളിൽ നിന്ന് വേർതിരിച്ചെടുക്കാനാവാത്തതായി മാറുകയായിരുന്നു. നവകേരള നിർമ്മിതിയുടെ പശ്ചാത്തലത്തിൽ സിവിൽ സർവീസിന്റെ ഉത്തരവാദിത്വം കൂടുതൽ ഉയർന്നതായി മാറുന്ന സാഹചര്യത്തിലാണ് വജ്ര ജൂബിലി സമ്മേളനം.

2023 മെയ് 26ന് തിരുവനന്തപുരം എകെജി ഹാളിൽ ചേർന്ന 2022 ലെ സംസ്ഥാന കൗൺസിൽ യോഗം ചേർന്ന് കഴിഞ്ഞവർഷത്തെ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ച് അംഗീകരിച്ചതോടെയാണ് സമ്മേളന നടപടികൾക്ക് തുടക്കം കുറിച്ചത്. സ്വാഗതസംഘം ചെയർമാൻ അഡ്വ. വികെ പ്രശാന്ത് എംഎൽഎ പൊതുസമ്മേളന നഗരിയിൽ പതാക ഉയർത്തി.

മെയ് 27ന് രാവിലെ സംസ്ഥാന പ്രസിഡന്റ് എം വി ശശിധരൻ പ്രതിനിധി സമ്മേളന നഗരിയിൽ പതാക ഉയർത്തി. രക്തസാക്ഷി മണ്ഡപത്തിലെ പുഷ്പാർച്ചനക്കുശേഷം 2023ലെ സംസ്ഥാന കൗൺസിൽ യോഗം ആരംഭിച്ചപ്പോൾ നഗരസഭാ മേഖലയിലെ സമര സംഘടനയായ കേരള മുനിസിപ്പൽ & കോർപ്പറേഷൻ സ്റ്റാഫ് യൂണിയൻ കേരള എൻജിഒ

യൂണിയനിൽ ലയിച്ചു. ലയന പ്രക്രിയ പൂർത്തിയാക്കി പുതിയ കൗൺസിൽ നിലവിൽ വന്ന ശേഷം പുതിയ സംസ്ഥാന ഭാരവാഹികളെയും സെക്രട്ടറിയേറ്റ് കമ്മിറ്റി അംഗങ്ങളെയും ഐകകണ്ഠേന തെരഞ്ഞെടുത്തു.

തുടർന്ന് നടന്ന പ്രതിനിധി സമ്മേളനം പ്രമുഖ ചിന്തകനും സെക്കുലർ ആക്റ്റിവിസ്റ്റും ആയ ഡോ. രാം പുനിയാനി ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം നടന്ന 'വികസന പ്രവർത്തനങ്ങളും ജനപക്ഷ സിവിൽ സർവീസും' എന്ന സെമിനാർ ഡോ. ടി എം തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 'ഫെഡറലിസത്തിന്റെ ഭാവി 'എന്ന വിഷയത്തിൽ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ പ്രഭാഷണം നടത്തി. തുടർന്ന് സംഘടന റിപ്പോർട്ട് അവതരണവും ഗ്രൂപ്പ് ചർച്ചയും നടന്നു.

മെയ് 28 ന് രാവിലെ ജനറൽ സെക്രട്ടറി സംഘടന രേഖ അവതരിപ്പിച്ചു. ചർച്ചകൾക്കും വിശദീകരണത്തിനും ശേഷം 'അഴിമതിയെ ചെറുക്കുക ജനപക്ഷ സിവിൽ സർവീസിന്റെ കാവലാളാവുക' എന്ന സംഘടന രേഖ സമ്മേളനം അംഗീകരിച്ചു. തുടർന്നു നടന്ന സുഹൃത് സമ്മേളനം അഖിലേന്ത്യാ കിസാൻ സഭ വൈസ് പ്രസിഡണ്ട് ഇ പി ജയരാജൻ ഉദ്ഘാടനം ചെയ്തു.കേന്ദ്ര-സംസ്ഥാന ജീവനക്കാരുടെയും പെൻഷൻകാരുടെയും സംഘടനാ പ്രതിനിധികൾ പങ്കെടുത്തു. വൈകുന്നേരം നിശാഗന്ധി ഓഡിറ്റോറിയത്തിലെ ഇന്നസെൻറ് നഗറിൽ 'ബഹുസ്വരതയിലേക്കുള്ള ഫാസിസ്റ്റ് കടന്നുകയറ്റം' എന്ന വിഷയത്തിൽ നടന്ന സാംസ്കാരിക സമ്മേളനം എം എ ബേബി ഉദ്ഘാടനം ചെയ്തു. സ്വാമി സന്ദീപാനന്ദഗിരി, കെ.വി മോഹൻകുമാർ എന്നിവർ സംസാരിച്ചു.തുടർന്ന് കലാസാഹിത്യ മത്സരങ്ങൾക്കുള്ള സമ്മാനവിതരണവും റാസയും ബീഗവും അവതരിപ്പിച്ച ഗസൽ സന്ധ്യയും അരങ്ങേറി. മെയ് 29ന് 'ഐക്യപ്രക്ഷോഭങ്ങളുടെ സമകാലീന പ്രസക്തി' എന്ന വിഷയത്തിൽ നടന്ന ട്രേഡ് യൂണിയൻ സമ്മേളനം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി ഉദ്ഘാടനം ചെയ്തു. ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ ഐഎടിയുസി സംസ്ഥാന സെക്രട്ടറി ആർ. പ്രസാദ് എന്നിവരും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ സംഘടനാ നേതാക്കന്മാരും സംസാരിച്ചു. ഉച്ചയ്ക്കുശേഷം നടന്ന ആൾ ഇന്ത്യ സ്റ്റേറ്റ് ഗവൺമെൻറ് എംപ്ലോയീസ് ഫെഡറേഷൻ നേതൃത്വ സംഗമം പ്രമുഖ ചിന്തകനും ലെഫ്റ്റ് വേർഡ് എഡിറ്ററുമായ ഡോ. വിജയ് പ്രസാദ് ഉദ്ഘാടനം ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സർവീസ് സംഘടന നേതാക്കൾ സംസാരിച്ചു.വൈകുന്നേരം ഇന്നസെൻറ് നഗറിൽ 'മാധ്യമ സ്വാതന്ത്ര്യം ധർമ്മം നൈതികത' എന്ന വിഷയത്തെ അധികരിച്ച് നടന്ന സെമിനാർ ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. മാധ്യമപ്രവർത്തകരായ വെങ്കിടേഷ് രാമകൃഷ്ണൻ, പ്രമോദ് രാമൻ എന്നിവർ സംസാരിച്ചു. തുടർന്ന് സന്തോഷ് കീഴാറ്റൂരിന്റെ പെൺ നടൻ എന്ന നാടകവും അരങ്ങേറി.

മെയ് 30ന് രാവിലെ സംഘടനയുടെ ഭാവികാല പോരാട്ടങ്ങളുടെ ദിശാസൂചകമായ പരിപാടി പ്രമേയം അവതരിപ്പിച്ചു. 'കേരളത്തെ സാമ്പത്തികമായി തകർക്കുന്ന കേന്ദ്രസർക്കാർ നടപടികളെ ചെറുക്കുക ജനദ്രോഹ നയങ്ങൾക്കെതിരെ യോജിച്ച പോരാട്ടങ്ങൾ ശക്തിപ്പെടുത്തുക' എന്ന പരിപാടി പ്രമേയം ചർച്ചകൾക്കും വിശദീകരണത്തിനും ശേഷം സമ്മേളനം ഐക്യകണ്ഠേന അംഗീകരിച്ചു. തുടർന്ന് 'സ്ത്രീപദവിയും ഭരണകൂട നിലപാടും' എന്ന വിഷയത്തെ അധികരിച്ച് നടന്ന വനിതാ സെമിനാർ അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രസിഡൻറ് പി കെ ശ്രീമതി ടീച്ചർ ഉദ്ഘാടനം ചെയ്തു ജെ എൻ യു വിദ്യാർത്ഥി യൂണിയൻ പ്രസിഡന്റ് ഐഷി ഘോഷ്, ത്രിപുര സ്റ്റേറ്റ് എംപ്ലോയീസ് കോർഡിനേഷൻ കമ്മിറ്റി പ്രസിഡൻറ് മഹയു റോയ് എന്നിവർ സംസാരിച്ചു.25 പ്രമേയങ്ങൾ അംഗീകരിച്ച പ്രതിനിധി സമ്മേളനം ഉച്ചയ്ക്ക് പ്രസിഡന്റിന്റെ ഉപസംഹാരത്തോടെ സമാപിച്ചു.

തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പരിസരത്ത് നിന്നും പ്രകടനം ആരംഭിച്ചു. നാടൻ കലാരൂപങ്ങളുടെയും വാദ്യഘോഷങ്ങളുടെയും അകമ്പടിയോടെ നടന്ന ജീവനക്കാരുടെ പ്രകടനം അക്ഷരാർത്ഥത്തിൽ കേരള എൻജിഒ യൂണിയൻ എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ ശക്തിയും സംഘടന കരുത്തും വിളിച്ചോതുന്നതായി. പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ, വൈദ്യുത വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി, ഗതാഗത വകുപ്പ് മന്ത്രി ആൻറണി രാജു , കടന്നപ്പള്ളി രാമചന്ദ്രൻ എംഎൽഎ എന്നിവരും പൊതുസമ്മേളനത്തെ അഭിവാദ്യം ചെയ്തു.

കേരളം മുന്നോട്ടുവെക്കുന്ന ജനപക്ഷ ബദൽ സംരക്ഷിക്കാനുള്ള പോരാട്ടത്തിന്റെ ഭാഗമായ തൊഴിൽപരമായ ഉത്തരവാദിത്വം നിർവഹണത്തിൽ വിട്ടുവീഴ്ചയില്ലാതെ ഇടപെടാനും നവ ലിബറൽ നയങ്ങൾക്കെതിരായ ഐക്യ സമരം ശക്തിപ്പെടുത്താനും ഒരേ പ്രാധാന്യത്തോടെ അണിനിരക്കേണ്ട സന്ദർഭത്തിൽ ചേർന്ന വജ്ര ജൂബിലി സമ്മേളനം ചരിത്രപരമായ ഉത്തരവാദിത്വം ഏറ്റെടുക്കുമെന്ന് ദൃഢനിശ്ചയം ചെയ്താണ് സമാപിച്ചത്.●

# സിഐടിയു സന്ദേശം സംസ്ഥാനതല ശില്പശാല

2023 ജൂൺ 2 ന് സിഐടിയു സന്ദേശം സംസ്ഥാനതല ശില്പശാല തിരുവനന്തപുരത്ത് കെഎസ്ആർടിഇഎ ഹാളിൽ വച്ച് ചേർന്നു. സിഐടിയു സംസ്ഥാന ട്രഷറർ സ:പി.നന്ദകുമാർ വിഷയാവതരണം നടത്തി. സഖാക്കൾ കെ.എൻ.ഗോപിനാഥ്, കെ.എസ്.സുനിൽകുമാർ, സി.കെ.ഹരികൃഷ്ണൻ, എ.സിയാവുദീൻ, ജോസ്.ടി.എബ്രഹാം എന്നിവർ പങ്കെടുത്തു. കെ.രാജേഷ് സ്വാഗതം പറഞ്ഞു.

ജില്ലകളിൽ നിന്നും സംസ്ഥാന യൂണിയനുകളിൽ നിന്ന് 76 സഖാക്കൾ ശില്പശാലയിൽ പങ്കെടുത്തു. ജില്ലകളിലെ സിഐടിയു സബ്കമ്മിറ്റി അംഗങ്ങളും 1000 മെമ്പർഷിപ്പിന് മുകളിലുള്ള സംസ്ഥാന യൂണിയനുകളിൽ നിന്നുള്ള സന്ദേശം ചുമതലക്കാരുമാണ് ശില്പശാലയിൽ പങ്കെടുത്തത്.

ജില്ലാതല ശില്പശാലകൾ ജൂൺജൂലൈ മാസങ്ങളിൽ നടക്കും. സന്ദേശം റീഡേഴ്സ് ഫോറങ്ങൾ വ്യാപകമാക്കും. സന്ദേശം @ 50 അറിവുത്സവം ഏര്യാ/ജില്ല/സംസ്ഥാനതലത്തിലാണ് നടക്കുന്നത്. തൊഴിലാളികൾ പങ്കെടുക്കുന്ന മത്സരങ്ങളാണ് സംഘടിപ്പിക്കുന്നത്. ചെറുകഥ, ലേഖനം, പ്രസംഗം, മുദ്രാവാക്യരചന, കവിതാ രചന തുടങ്ങിയവയാണ് മത്സരയിനങ്ങൾ. നവമാധ്യമങ്ങളിലൂടെയുള്ള പ്രചരണം, അറിവുത്സവം, സപ്ലിമെന്റ്, വിളംബര ജാഥകൾ, വായനാസദസ്സുകൾ, പഴയ പതിപ്പുകളുടെ പ്രദർശനം ഇവയൊക്കെ സംഘടിപ്പിക്കും.

# കേരള സ്റ്റേറ്റ് ഓട്ടോ ടാക്സി ആൻഡ് ലൈറ്റ് മോട്ടോർ വർക്കേഴ്സ് ഫെഡറേഷൻ സമ്മേളനം



എൻ.ഉണ്ണികൃഷ്ണൻ
പ്രസിഡന്റ്



കെ.എസ്.സുനിൽകുമാർ
ജന.സെക്രട്ടറി



എം.ബി. സ്യമന്തഭദ്രൻ
ട്രഷറർ

കേരള സ്റ്റേറ്റ് ഓട്ടോ ടാക്സി ആൻഡ് ലൈറ്റ് മോട്ടോർ വർക്കേഴ്സ് ഫെഡറേഷൻ (സിഐടിയു) സംസ്ഥാന പ്രസിഡന്റായി സ. എൻ ഉണ്ണിക്കൃഷ്ണനെയും ജനറൽ സെക്രട്ടറിയായി സ. കെ എസ് സുനിൽകുമാറിനെയും സംസ്ഥാന സമ്മേളനം തെരഞ്ഞെടുത്തു. സ. എം ബി സ്യമന്തഭദ്രനാണ് ട്രഷറർ. 273 പേരടങ്ങുന്നതാണ് ജനറൽ കൗൺസിൽ. 92 അംഗ സംസ്ഥാന കമ്മിറ്റിയെയും തെരഞ്ഞെടുത്തു.

തൊഴിലാളികൾക്ക് അനുകൂലമായി സമഗ്ര മോട്ടോർനയം രൂപീകരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

ഗതാഗത മേഖലയിൽ സംസ്ഥാന സർക്കാരിന്റെ അധികാരം എടുത്തുകളയുന്നതാണ് മറ്റൊരു ഭേദഗതി നിർദേശം. ഒട്ടേറെ പിന്തിരിപ്പൻ ഭേദഗതികളാണ് പുതിയ ബില്ലിലുള്ളതെന്നും സമ്മേളനം വിലയിരുത്തി. പ്രകടനത്തെ തുടർന്ന് ചിന്നക്കടയിൽ ചേർന്ന പൊതുസമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി കെ എസ് സുനിൽകുമാർ അധ്യക്ഷനായി.

# കേരള ബഡ്സ് & ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്റ്റാഫ് യൂണിയൻ സംസ്ഥാന സമ്മേളനം

കേരള ബഡ്സ് & ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്റ്റാഫ് യൂണിയൻ (സിഐടിയു) സംസ്ഥാന സമ്മേളനം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. സുനിത കുര്യൻ ഉദ്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. പി ബി ഹർഷകുമാർ അധ്യക്ഷനായി. ബഹു. ആരോഗ്യ വകുപ്പ് മന്ത്രി സ. വീണ ജോർജ്ജ് സമ്മേളനത്തെ അഭിവാദ്യം ചെയ്തു സംസാരിച്ചു.

ബഡ്സ് ജീവനക്കാർക്ക് ജോലി സ്ഥിരത ഉൾപ്പെടുത്തണമെന്നും സേവന- വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. പത്തനംതിട്ട സ. പി ലാലാജി ബാബു നഗറിൽ നടന്ന സമ്മേളനം



എസ്.പുഷ്പലത
പ്രസിഡന്റ്



അംബികാകുമാരി
ജന.സെക്രട്ടറി



സുജി
വർക്കിംഗ് പ്രസിഡന്റ്

സിഐടിയു സംസ്ഥാന വൈസ് സ. എസ് പുഷ്പലതയെ പ്രസിഡന്റായും സ. അംബികാ കുമാരിയെ ജനറൽ സെക്രട്ടറിയായും, സ. സുജിയെ വർക്കിങ് പ്രസിഡന്റായും, സ. ശാന്തിയെ ട്രഷററായും തെരഞ്ഞെടുത്തു.

# അഗ്രികൾച്ചർ ടെക്നിക്കൽ സ്റ്റാഫ് യൂണിയൻ സമ്മേളനം വാർഷിക സമ്മേളനം



മഞ്ജു കുര്യാക്കോസ്
പ്രസിഡന്റ്



ബി. അജയകുമാർ
ജന. സെക്രട്ടറി



ബി. ഗുരുദത്ത്
ട്രഷറർ

അഗ്രികൾച്ചർ ടെക്നിക്കൽ സ്റ്റാഫ് യൂണിയൻ സമ്മേളനം വാർഷിക സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി കെ എസ് സുനിൽകുമാർ ഉദ്ഘാടനംചെയ്തു. ഭാരവാഹികളായി മഞ്ജു കുര്യാക്കോസ് (പ്രസിഡന്റ്. ബി അജയകുമാർ (ജനറൽ സെക്രട്ടറി). ബി ഗുരുദത്ത് (ട്രഷറർ),വി ആർ രമ്യ (സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു .

# കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ നടത്തിയ സെക്രട്ടറിയേറ്റ് മാർച്ച്

വിവിധ ആവശ്യങ്ങളുയർത്തി കേരള കോ ഓപ്പറേറ്റിവ് എംപ്ലോയീസ് യൂണിയൻ നടത്തിയ സെക്രട്ടറിയേറ്റ് മാർ ച്ചും ധർണയും സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. ടിപി രാമകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

ക്ഷേമപെൻഷൻ വിതരണം ചെയ്യവർക്കുള്ള ഇൻസെന്റീവ് വിതരണം ചെയ്യുക, സഹകരണ സംഘങ്ങളെയും ജീവനക്കാരെയും ബാധിക്കുന്ന ചട്ടം ഭേദഗതി പിൻവലിക്കുക, പിഎഫ് ട്രസ്റ്റ് രൂപീകരിക്കുക, പ്രാഥമിക സംഘം ജീവനക്കാരുടെ പിഎഫ് പലിശ നിരക്ക് വെട്ടിക്കുറച്ച കേരള ബാങ്കിന്റെ നിയമവിരുദ്ധ നടപടിയിൽ സർക്കാർ ഇടപെടുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ



ഉന്നയിച്ചാണ് മാർച്ചും ധർണയും സംഘടിപ്പിച്ചത്.

സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെഎസ് സുനിൽകുമാർ, കെസിഇയു സംസ്ഥാന ജനറൽ സെക്രട്ടറിയും സിഐടിയു സംസ്ഥാന ഭാരവാഹിയുമായ സ. എൻകെ രാമചന്ദ്രൻ ഉൾപ്പെടെയുള്ള വിവിധ നേതാക്കൾ സംസാരിച്ചു.

# സ്കൂൾ പാചകത്തൊഴിലാളികളുടെ രാജ്ഭവൻ മാർച്ച്

വിവിധ ആവശ്യങ്ങളുന്നയിച്ച് സ്കൂൾ പാചകത്തൊഴിലാളി ഫെഡറേഷൻ (സിഐടിയു) രാജ്ഭവൻ മാർച്ച് നടത്തി. എൽഡിഎഫ് കൺവീനർ ഇ പി ജയരാജൻ ഉദ്ഘാടനം ചെയ്തു.

സ്കൂൾ പാചകത്തൊഴിലാളികളുടെ കൂലി വർധിപ്പിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ജോലി അവസാനിപ്പിക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യം നല്ലാൻ നടപടിയുണ്ടാവണം. സ്കൂൾ പാചകത്തൊഴിലാളികൾക്ക് പെൻഷൻ നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു

സംസ്ഥാന പ്രസിഡന്റ് വി.പി കുഞ്ഞികൃഷ്ണൻ അധ്യക്ഷനായി. കേന്ദ്ര കമ്മിറ്റിയംഗം ബി ശോഭ, സംസ്ഥാന ട്രഷറർ എൽ ഇന്ദിരാ ദേവി, എൻ സതീശൻ, വി ഷൈലജ മണികണ്ഠൻ, സി രവീന്ദ്രൻ, സംസ്ഥാന സെക്രട്ടറി കെ വി ദേവി എന്നിവർ സംസാരിച്ചു. 2009 നു ശേഷം കൂലി വർധിപ്പിക്കാൻ കേന്ദ്രം തയ്യാറായിട്ടില്ല.ഉച്ചഭക്ഷണ പദ്ധതിയുടെ തുക കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുകയാണ്. ഫണ്ട് സമയത്തിനു അനുവദിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് തൊഴിലാളികൾ രാജ്ഭവൻ മാർച്ച് നടത്തിയത്.

# കേരള സ്റ്റേറ്റ് ഹെഡ്‌ലോഡ് ആൻഡ് ജനറൽ വർക്കേഴ്സ് ഫെഡറേഷന്റെ സെക്രട്ടറിയേറ്റ് മാർച്ച്

ചുമട്ടു തൊഴിലാളി നിയമം പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടു സെക്രട്ടറിയറ്റിലേക്ക് ചുമട്ടുതൊഴിലാളികളുടെ ഉജ്വലമാർച്ച്. കേരള സ്റ്റേറ്റ് ഹെഡ് ലോഡ് ജനറൽ വർക്കേഴ്സ് ഫെഡറേഷന്റെ (സിഐടിയു ) നേതൃത്വത്തിലായിരുന്നു പ്രതിഷേധം. പാളയം ആശാൻ സ്ക്വയറിൽ നിന്നാരംഭിച്ച മാർച്ച് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരിം ഉദ്ഘാടനം ചെയ്തു. കേന്ദ്ര സർക്കാരിന്റെ ലേബർ കോഡുകൾ പിൻവലിക്കുക, സർക്കാർ സ്ഥാപനങ്ങളുടെ കയറ്റിറക്ക് അംഗീകൃത തൊഴിലാളിക്കുതന്നെ നൽകുക, മരം മുറി തൊഴിലാളികൾക്ക് 26 എ കാർഡ് നൽകുക, മണൽ- ക്വാറി മേഖലകളിൽ ശാസ്ത്രീയ ഇടപെടലിലൂടെ തൊഴിൽ പുനഃ സ്ഥാപിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചായിരുന്നു സമരം. പ്ലക്കാർഡുകളും കൊടികളുമായി ആയിരക്കണക്കിന് ചുമട്ടുതൊഴിലാളികളാണ് തൊഴിൽ വേഷത്തിൽ എത്തിയത്. കാസർകോട് മുതൽ കൊല്ലം വരെയുള്ള ജില്ലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട വളന്റിയർമാരും തലസ്ഥാന ജില്ലയിൽ ആറായിരം പ്രവർത്തകരും മാർച്ചിൽ പങ്കാളികളായി. ഫെഡറേഷൻ വൈസ് പ്രസിഡണ്ട് സി.ജയൻബാബു അധ്യക്ഷനായി.ഫെഡറേഷൻ ജനറൽ സെക്രട്ടറി ആർ രാമു, വൈസ് പ്രസിഡന്റ് സി.കെ മണിശങ്കർ, സെക്രട്ടറി എൻ സുന്ദരംപിള്ള തുടങ്ങിയവർ സംസാരിച്ചു.

# ആശാ വർക്കേഴ്സ് ഫെഡറേഷൻ സെക്രട്ടറിയേറ്റ് മാർച്ച്

കുടിശ്ശികയില്ലാതെ ഓണറേറിയം വിതരണം ചെയ്യുക, ഇത് മാസാമാസം വിതരണം ചെയ്യുക ഓണറേറിയം 15,000 രൂപയാക്കി വർധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ആശാ വർക്കേഴ്സ് വർക്കേഴ്സ് ഫെഡറേഷൻ സെക്രട്ടറിയേറ്റ് മാർച്ച് നടത്തി. സിഐടിയു സംസ്ഥാന സെക്രട്ടറി പിപി ചിത്തരഞ്ജൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എം.ബി.പ്രഭാവതി അധ്യക്ഷയായി. സമരത്തിനുശേഷം മുഖ്യമന്ത്രി, ആരോഗ്യ,ധന മന്ത്രിമാർ,ദേശീയ ആരോഗ്യ ദൗത്യം ഡയറക്ടർ എന്നിവർക്കും നിവേദനം നൽകി.സർക്കാർ ഉത്തരവിറങ്ങി രണ്ടാഴ്ച ശേഷമാണ് ജില്ലകളിൽ ഫണ്ടെത്താറ്. എന്നാൽ മന്ത്രിയുടെ ഓഫീസുമായി ചർച്ച നടത്തിയതിന്റെ



ഭാഗമായി മൂന്നു ദിവസത്തിൽ ഓണറേറിയം ലഭിക്കുന്ന വിധം ഇടപെടുമെന്നുറപ്പ് നൽകി.സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് എസ് പുഷ്പലത, സംസ്ഥാന ജന.സെക്രട്ടറി പി.പി. പ്രേമ, സജികുമാരി എന്നിവരും സംസാരിച്ചു.

# ടെക്സ്റ്റൈൽ മിൽ തൊഴിലാളികൾ സെക്രട്ടറിയേറ്റ് മാർച്ച് നടത്തി




സംസ്ഥാന ടെക്സ്റ്റൈൽ മിൽ വർക്കേഴ്സ് ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിൽ തൊഴിലാളികൾ സെക്രട്ടറിയറ്റ് മാർച്ച് നടത്തി. അടച്ചിട്ടിരിക്കുന്ന സംസ്ഥാന പൊതുമേഖലാ വ്യവസായങ്ങളായ ടെക്സ്റ്റൈൽ മില്ലുകൾ ഉടൻ തുറക്കുക, ടെക്സ്റ്റൈൽ ഐആർസി വിളിച്ചുചേർക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ച്. പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് ആരംഭിച്ച മാർച്ച് സിഐടിയു സംസ്ഥാന സെക്രട്ടറി പിപി ചിത്തരഞ്ജൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.ഫെഡറേഷൻ പ്രസിഡന്റ് പി നന്ദകുമാർ എംഎൽഎ അധ്യ ക്ഷനായി. സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ സി ബിചന്ദ്രബാബു, കെ എൻ ഗോപിനാഥ്, ഫെഡറേഷൻ ജനറൽ സെക്രട്ടറി എം ആർ രാജൻ, ട്രഷറർ കെപി അശോകൻ തുടങ്ങിയവർ സംസാരിച്ചു

---

# ലേബർ കമീഷണർ ഓഫീസ് ധർണ

ഷോപ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് യൂണിയന്റെ ആഭിമുഖ്യത്തിൽ ലേബർ കമ്മീഷണർ ഓഫീസിനു മുന്നിൽ ധർണ്ണ നടത്തി. സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ഷോപ്പ് തൊഴിലാളികളുടെ ഇരിപ്പിടാവകാശം ഉറപ്പുവരുത്തുക, ഷോപ്പുകളിലെ എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുക, ലേബർ ഇൻസ്പെക്ഷൻ കാര്യക്ഷമമാ ക്കുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തി സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച സമരത്തിന്റെ ഭാഗമായിട്ടായിരുന്നു ധർണ

---

# കൊച്ചിൻ ഷിപ്പ്യാർഡ് വർക്കേഴ്സ് യൂണിയൻ കുടുംബ സംഗമം



കൊച്ചിൻ ഷിപ്പ്യാർഡ് വർക്കേഴ്സ് യൂണിയൻ (സിഐടിയു ) കുടുംബ സംഗമം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം എംപി ഉദ്ഘാടനം ചെയ്തു.

വർഗീയതയ്ക്കെതിരെ വർഗ ഐക്യമെന്ന ക്യാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിച്ച കുടുംബ സംഗമത്തിൽ യൂണിയൻ പ്രസിഡന്റ് സ. സിഎൻ മോഹനൻ അധ്യക്ഷത വഹിച്ചു. സഖാക്കൾ പി ആർ മുരളീധരൻ, ജോൺ ഫെർണാണ്ടസ്, നിഷ കെ ജയൻ, സുമേഷ് പദ്മൻ, എ.ജി. ദയകുമാർ എന്നിവർ സംസാരിച്ചു. 31 വർഷമായി യൂണിയൻ കമ്മിറ്റി അംഗമായിരുന്ന സ: എംഎൻ അയ്യപ്പനെ കുടുംബസംഗമത്തിൽ സ. എളമരം കരീം ആദരിച്ചു.

---

## എൻആർഇജി എംപ്ലോ.യൂണിയൻ ശിൽപ്പശാല




എൻആർഇജി എംപ്ലോയീസ് യൂണിയൻ സംസ്ഥാന ശിൽപ്പശാല സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു.

യൂണിയൻ സംസ്ഥാന പ്രസിഡന്റ് റെജി സക്കറിയ അധ്യക്ഷനായി. സെക്രട്ടറി ജിതിൻ ചന്ദ്, സനൽ കാർത്തികേയൻ, മനോജ് നാരായണൻ, ജോൺ ഫെർണാണ്ടസ്, സുരേഷ് എന്നിവർ സംസാരിച്ചു.